# NEW VISION FOR A CHANGING WORLD

VOL. 3 ■ ISSUE 12 ■ AUGUST 2003



ഈ ലക്കത്തിൽ

- കാന്റർബറി ആർച്ച്ബിഷപ്പ് ഡോ. റോവൻ വില്യംസ്
- ഡോ. തോമസ് മാർ അത്താനാസ്യോസ്
- റവ. ഡോ. വത്സൻ തമ്പു

തുടങ്ങിയവരുടെ പ്രൗഢലേഖനങ്ങളും

- ഡോ. ജോർജ് എം. തോമസ് • ഫാദർജി
- ഡോ. സി.ജെ. റോയ് • ഡോ. ഡി. ബഞ്ചമിൻ

തുടങ്ങിയവരുടെ പംക്തികളും

## NEW VISION FOR A CHANGING WORLD


### EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Sunil Raj Philip, Neerattukavu**
Phone: 04735 - 270422

**Mr. M. Kurian, Manganam**
Phone: 95481-2578599

**Mr. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

### ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam • Rt.Rev. K.Michael John, Melukavu• Rt.Rev. Dr.Isaac Mar Philoxenos,Kottayam • Rt.Rev.Geevarughese Mar Osthathiose, Parumala • Rt.Rev. Dr. Thomas Mar Athanasius, Muvattupuzha • Rev. Dr. E.C. John,Bangalore • Fr.Dr.K.M. George, Kottayam • Fr. A.P. George,Perumbavoor • Rev. Prof. Mathew Daniel, Kozhencherry • Rev. Shajan Idicula, Thiruvananthapuram • Prof. Philip N.Thomas, Tiruvalla • Prof. Mammen Varkey, Mavelikara • Mr. C. John Mathai, Kottayam • Mr. M.M. Yobel, Kottayam • Adv. K.I. Ninan, Aymanam • Ms. Accamma Paul, Mavelikara • Mr. J.T. Wattachanackal, Chicago • Mr. C.J. Rajan, Chennai



***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacobp@telusplanet.net

***Contact person in USA***
Mr. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr.Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr.George Joseph,Chicago
Dr.Thomas Koshy, Boston


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

### വരിസംഖ്യ

| | | |
|---|---|---|
| ഒരു വർഷത്തേക്ക് | : 75/- രൂപ (വിദേശത്തുള്ളവർക്ക് | US $ 12) |
| രണ്ടു വർഷത്തേക്ക് | : 140/- രൂപ ( " | US $ 22) |
| മൂന്നു വർഷത്തേക്ക് | : 200/- രൂപ ( " | US $ 30) |

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

| | | |
|---|---|---|
| ലൈഫ് മെമ്പർഷിപ്പ് | : 1000/- രൂപ ( " | US $ 150) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ ( " | US $ 1000) |

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
മാങ്ങാനം, കോട്ടയം - 686 018
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in

*(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)*

### താഴെപ്പറയുന്ന ഏജൻസികളിലും വരിസംഖ്യയൊടുക്കാവുന്നതാണ്.

ഡയോസിസൻ ബുക്കു ഡിപ്പോ, കോട്ടയം
ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല
ഇവാഞ്ചലിക്കൽ ലിറ്ററച്ചർ സൊസൈറ്റി, തിരുവനന്തപുരം

### പ്രസിധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |

**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.


*Page Layout:* Learners' Kottayam, Tel: 95481 - 2567438

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. ...

VOL. 3 ▪ ISSUE 12 ▪ AUGUST 2003

# CONTENTS


- **Theology** — 2
  Christian theology and other faiths
  *Archbishop of Canterbury*
- **Church & Laity** — 3
  സഭയും അത്മായരും
  *ഡോ. തോമസ് മാർ അത്താനാസ്യോസ്*
- **Devotional** — 5
  Restraint is positive and pro-active
  *Rev. Dr. Valson Thampu*
- **Science** — 7
  ഘർഷണമൊരു ശല്യമോ അനുഗ്രഹമോ?
  *ഡോ. ജോർജ് എം. തോമസ്*
- **Ethics** — 8
  വൈദ്യശുശ്രൂഷയുടെ വ്യവസായവൽക്കരണം
  *ഡോ. എ.കെ. തര്യൻ*
- **Guidance** — 9
  വളർച്ചയുടെ വഴികാട്ടികൾ
  *ഡോ. പി.എം. ചാക്കോ*
- **Devotional** — 10
  ശക്തൻ തമ്പുരാൻ
  *ഫാദർജി*
- **Humour** — 11
  വരന്റെ മാർക്കറ്റു നിരക്ക്
  *ഡോ. ഡി. ബഞ്ചമിൻ*
- **Cogitation** — 12
  വിശുദ്ധരെ ആവശ്യമുണ്ട്
- **Environment** — 13
  For a healthier tomorrow
  *Prof. George Jacob*
- **Psychology** — 14
  മാതാപിതാക്കളെറിയാൻ
  *ജോർജ് ബഹനാൻ ടി.*
- **Literary Review** — 15
  പാർശ്വചിന്തകൾ
  *ഡോ. സി.ജെ. റോയ്*
- **Interview** — 16
  വികസനമന്ത്രവുമായി...
  *ഡോ. മാത്യു കോശി പുന്നയ്ക്കാട്*
- **Glimpses** — 17
  കഥയില്ലാത്ത അൽപം ചില്ലറക്കാര്യങ്ങൾ
  *ഡോ. കെ.വി. വർഗീസ്*
  ഒരു വൈദികന്റെ ശാപ വചനങ്ങൾ — 18
  *ജസ്റ്റീസ് (റിട്ട.) കെ.ടി. തോമസ്*
- **Report** — 19
  National Conference...
- **News, Response**


# EDITORIAL

## ആത്മീയത


അക്രമം നടത്തി പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുമോ? പ്രശ്നങ്ങൾ കൂടുതൽ വഷളാക്കാനേ അതുപകരിക്കൂ. അക്രമവും ബലപ്രയോഗവും നടത്തുന്നതിലൂടെ മാത്രമേ ജനശ്രദ്ധ പിടിച്ചുപറ്റാനാവൂയെന്ന സ്ഥിതി സമീപകാലത്തു സംജാതമായ ഒരു പ്രതിഭാസമാണ്. തങ്ങളുന്നയിക്കുന്ന വിഷയങ്ങളിലേക്ക് സർക്കാരിന്റെയും ജനങ്ങളുടെയും ശ്രദ്ധയാകർഷിക്കുവാനായി വിദ്യാർത്ഥികളും പ്രതിപക്ഷപാർട്ടികളും അക്രമം അഴിച്ചുവിടാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അക്രമ മാർഗത്തിലൂടെ പരുക്കേൽക്കേണ്ടിവരുന്ന വിഭാഗം പ്രതികാരം കാട്ടുവാൻ കാത്തിരിക്കും. സമാധാനാന്തരീക്ഷത്തിന് ഇതെന്നും ഭീഷണിയാണ്. കേരളത്തിൽ വളർന്നുവരുന്ന ഈ സാമൂഹിക വിപത്തിനെതിരെ ഗൗരവത്തോടെ പ്രതികരിക്കേണ്ട ക്രൈസ്തവസഭ അതിന്റെയൊരു ഭാഗമായിത്തീരുന്നതാണ് ഏറെ സങ്കടകരം. ന്യൂനപക്ഷാവകാശങ്ങൾക്കുവേണ്ടി പോരാടുമ്പോൾ, സംഘടിതശക്തിയുപയോഗിച്ച് വില പേശുമ്പോൾ, മറ്റൊരു വിഭാഗം അതിനെതിരെ പ്രതികരിക്കുവാൻ നിർബന്ധിതരായിത്തീരുന്നുവെന്നോർക്കണം. സ്വന്തം അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടത്തിൽ ആത്മീയതയല്ല, ഭൗതികതയാണടങ്ങിയിരിക്കുന്നതെന്നു നാം പ്രസംഗിക്കാറുണ്ട്. ലോകത്തിനു വെളിച്ചമായി പ്രകാശിക്കേണ്ട സഭ പലപ്പോഴും അശാന്തിയുടെ വിത്തുകൾ പാകി വെളിച്ചം കെടുത്തുന്നവരായിത്തീരുന്നത് ശരിയാണോയെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവർ പോരാടണം. പക്ഷേ, ആ പോരാട്ടം തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനല്ല, മറിച്ച്, ശബ്ദമില്ലാത്തവരുടെയും ബലഹീനരുടെയും പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും പക്ഷം ചേർന്നുള്ളതായിരിക്കണം. ന്യൂനപക്ഷമെന്ന കണ്ടെത്തലിലേക്ക് സഭ വളരേണ്ടിയിരിക്കുന്നു. സമൂഹത്തിൽ ഇതരവിഭാഗങ്ങൾ ചെയ്യുന്നതുപോലെ ജീവിക്കുവാനും പ്രവർത്തിക്കുവാനുമല്ല സഭ ലോകത്തിൽ നിയമിക്കപ്പെട്ടിരിക്കുന്നത്. പിന്നെയോ, ഉദാത്തമായ മാതൃകകൾ സൃഷ്ടിക്കുവാൻ, നീതി നിഷേധിക്കപ്പെട്ടവരുടെ പക്ഷം ചേരുവാൻ, വേദനിക്കുന്നവരുടെ കണ്ണീരൊപ്പുവാൻ, ശബ്ദമില്ലാത്തവരുടെ ശബ്ദമായിത്തീരുവാൻ,...ഇതിനായിട്ടൊക്കെയാണു വിളിക്കപ്പെട്ടിരിക്കുന്നത്. ഈ പോരാട്ടത്തിൽ നമുക്ക് നഷ്ടസാദ്ധ്യതകളേയുള്ളൂ. കഷ്ടങ്ങൾ സഹിച്ചും ഈ പോരാട്ടത്തിൽ പങ്കാളികളാകുന്നതിലാണ് ക്രൈസ്തവ ചൈതന്യവും ആത്മീയതയും കുടികൊള്ളുന്നത്.

*ചീഫ് എഡിറ്റർ*

When there is righteousness in the heart, there is beauty in character
When there is beauty in character, there is harmony in the home
When there is harmony in the home, there is order in the Nation
When there is order in the Nation, there is peace in the world.

*-Dr. A. P. J. Abdul Kalam*

# Christian Theology and Other Faiths



DR. ROWAN WILLIAMS

Imagine you're looking up some statistics about an African country-population, main exports, ethnic groupings and so on; there'll probably be an entry for 'religions', and it may read like this -Muslims 40%, Christians 38%, Hindus 3%, traditional religions 19%. It looks very straightforward, rather like a run-down of political allegiances or tribal distribution. It is one defining activity or characteristic among others. But one thing I want to suggest is that it's the sort of formula that can suggest significant misunderstanding, a misunderstanding that affects both popular thinking and public policy and I think we need a bit of theology to help us to a more sensible position.

So what's actually wrong with this breakdown of religious loyalties? The problem is roughly this. ***We tend to think that a 'religion' is a distinct system of ideas, beliefs that connect the world as we see it with a whole lot of non-visible powers or realities, which have to be paid attention to, worshipped or at least negotiated with, in order to have the maximum security in life.*** Religions express themselves in beliefs but also in distinctive practices like periods of self-denial, meetings for ritual actions and festivals. So far so good, in one sense. The dangerous assumption follows, though, that the world as we see it is pretty clear, we can agree about it-whereas the powers that religion tries to connect with are invisible, so that we can't expect to agree about them. What they have in common is claims that can't be proved by appealing to the world as we all see it. So a Christian, a Muslim, a Buddhist and a Ghanaian or Papuan villager performing rituals handed down from time immemorial are all performing variations of the same thing; and that same thing is always set over against the obvious, 'public', shared world of what we can see. Life divides between things that are common to everyone and things that are unclear and therefore don't belong in the public and everyday. What 'religion' you belong to is simply a matter of which set of beliefs you happen to entertain in that bit of your life which is left over for this kind of thing.

But when we try to talk with the Muslim or the villager in particular, things get to look more complicated. The villager will undoubtedly say that performing rituals is as routine and necessary and uncontroversial a thing as milking cows; indeed, it may well be that the way you milk cows is dictated by rituals that seem to the outsider to have not very much to do with cows as we see them. Dylan Thomas memorably quotes in the perface to his Collected Poems the Welsh shepherd who was asked why he still performed rituals in fairy rings to protect his sheep; he replied, 'I'd be a damn fool if I didn't'. There just isn't an ordinary world from which this villager takes time off to practise his 'traditional religion'. The same with the Muslim, in a more sophisticated way: the ordinary day you have to get through is marked in time intervals every bit as natural or obvious as the hours of the clock to us, the intervals between the five prayer times. ***There isn't a neutral time that needs interrupting to do religious things: the ordinary is the religious.***

So my imaginary African country can't after all be split up into four neat segments of religious belief, four varieties of one thing, that thing being a set of more or less chosen beliefs about invisible states of affairs alongside the ordinary world. What we have instead is rather a variety of styles of living, each of which has a very different account of the world as a whole, life as a whole. And although this may be rather obvious when you think about it, it does have some far-reaching consequences. Think for a moment about the old Indian parable of the blind men and the elephant-one grasps its tail and says, 'It's a rope', one grasps its leg and says 'It's a tree', and so on. This is often used as a way of saying that we can never really tell the truth in religious matters, we all see things only from a limited perspective and so on. But we are missing the point; someone knows it's an elephant, and the force of the metaphor is not so much that no-one can know what the invisible sacred reality is actually like as that we are all painfully capable of reaching for the easiest language, the language that fits our own individual experience, when speaking of God, and fail to compare notes with each other or to submit what we say to an acknowledgement that the scale of what we're talking about should teach us some caution. The one thing the parable isn't really about is a distinction between what everyone can see and what some people unreasonably argue about.

Now this is where theology begins to come into the picture. The model that draws all those very different kinds of life together as varieties of one thing called religion assumes, as I've said, that there is an open space in which people can meet when they're not being religious. When public policy documents talk about involving faith communities in this or that piece of social regeneration, the assumption is likewise that these particular special interest groups can all be harnessed to doing useful work in the open public space where their disagreements can be buried for a while; they can be persuaded to co-operate in working with what everybody sees, what no-one argues over. I'm not denying that there is something in this, and I'll come back to it later. But theology, the religious use of the mind, whether Christian or not,

*(Cont'd..... Page 4)*

# സഭയും അത്മായരും



ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത

സഭയിൽ അത്മായർക്ക് പ്രത്യേകിച്ച് കാര്യമൊന്നുമില്ലെന്നൊരു ധാരണയുണ്ട്. സഭയെന്നത് വൈദികമേലദ്ധ്യക്ഷന്മാരാണ് (വേണമെങ്കിൽ പട്ടക്കാരെയും കൂട്ടാം) എന്ന മിഥ്യാബോധം ജനങ്ങളുടെയിടയിൽ വളർത്തിയതുകൊണ്ടുണ്ടായ ഫലമാണിത്. ഈ കാഴ്ചപ്പാട് നിലനിൽക്കുന്നതുകൊണ്ട് അത്മായർക്ക് സഭാസേവനത്തിനുള്ള ഒരു അഭിവിന്യാസം കിട്ടാതെവരുന്നു. തന്മൂലം അവരുടെ സേവനം സഭയ്ക്ക് വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല. അത്മായരുടെ പ്രവർത്തനരംഗം ഇതുവരെ പള്ളിസ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതു മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ അടുത്ത കാലത്തുണ്ടായ ആത്മീയപ്രസ്ഥാനങ്ങളുടെ വളർച്ചയോടെ അവർക്ക് പ്രവർത്തിക്കാനുള്ള രംഗം തുറന്നുകിട്ടിയിട്ടുണ്ട്. എങ്കിലും അവരുടെ ശുശ്രൂഷയുടെ സ്വഭാവത്തെ സംബന്ധിച്ച് ഇപ്പോഴും ഒരു സന്ദിഗ്ദ്ധാവസ്ഥ നിലനിൽക്കുന്നു. അതിനാൽ ഇതു സംബന്ധിച്ച് കാര്യമായ ചർച്ചകൾ ഇടവക-ഭദ്രാസനതലങ്ങളിൽ അടിയന്തരമായി നടക്കേണ്ടതുണ്ട്.

**ആരാണ് അത്മായർ?** അവർ തീർച്ചയായും സഭാംഗങ്ങൾ തന്നെ. എന്നാൽ അവിടംകൊണ്ടു തീർന്നില്ല. അവർ ദൈവത്തിന്റെ ജനമാണ്. സഭയുടെ വിശുദ്ധിയുടെ പങ്കാളികളുമാണ്. സഭ കർത്താവിന്റെ ശരീരവും, അതുവഴി, വിശുദ്ധിയും ആകുന്നുവെന്ന് വി. പൗലോസ് പറയുമ്പോൾ അത് എല്ലാ സഭാംഗങ്ങളെയും ഉദ്ദേശിച്ചാണ്. അവർ കർത്തൃശരീരത്തിലെ ഭാഗങ്ങളെങ്കിൽ കർത്താവിൽ നിന്ന് സഭയ്ക്കു ലബ്ധമായ വിശുദ്ധിയിൽ നിന്ന് അവർ അന്യരുമല്ല. വി. പൗലോസ് തന്റെ കത്തുകളിൽ അതുകൊണ്ട് തന്നെ അവരെ വിശുദ്ധന്മാർ എന്ന് സംബോധന ചെയ്യുന്നു. എന്നാൽ ഈ വിശുദ്ധന്മാർ സാവകാശം അത്മായർ എന്ന പേരു സ്വീകരിച്ച് പിൻനിരയിലേക്കു മാറി. അതോടെ, സഭയിൽ അവർക്കുള്ള പ്രത്യേക പ്രവർത്തനങ്ങൾ മരവിച്ച് നിർജ്ജീവമായിത്തീർന്നിരിക്കുകയാണ്. അതുകൊണ്ട് അവരുടെ പങ്കിനെക്കുറിച്ച് വ്യക്തമാക്കേണ്ടതിന്റെ പ്രസക്തി വർദ്ധിച്ചുവരുന്നു.

ചരിത്രപരമായി അത്മായർ സഭയിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിച്ചിരുന്നത്. അതു വെളിവാകുന്നതോടെ ആധുനികകാലത്ത് അവർക്ക് എത്രത്തോളം പ്രവർത്തിക്കാം എന്നതിന്റെ ഏകദേശരൂപം വ്യക്തമാകും. കർത്താവിൽനിന്ന് പ്രാപിക്കുന്ന കൃപകൾ അനുസരിച്ച് പ്രവർത്തകർ ഓരോരുവനും ബാദ്ധ്യസ്ഥനാണ്. അതുസംബന്ധിച്ച് ആദിമ ക്രിസ്ത്യാനികൾക്ക് ബോദ്ധ്യം ഉണ്ടായിരുന്നു. അപ്പോസ്തലപ്രവൃത്തികളിൽ പറയുന്ന യോഗം ശ്ലീഹന്മാരുടെ സുന്നഹദോസ് എന്നാണറിയപ്പെടുന്നതെങ്കിലും അതിൽ വിശ്വാസികളായ സ്ത്രീകളും പുരുഷന്മാരും പ്രാർത്ഥനയോടെ സംബന്ധിച്ചിരുന്നു. അതുപോലെ അത്മായ നേതൃത്വവും സഭ അംഗീകരിച്ചിരുന്നു. ഒറിഗൺ അലക്സാന്ത്രിയായിലെ പ്രശസ്തമായ വേദശാസ്ത്ര അക്കാദമി നടത്തിക്കൊണ്ടിരുന്നതും. ധാരാളം ബിഷപ്പുമാർ സഭയിലുണ്ടായിരുന്നിട്ടും സഭയെ പ്രതിനിധീകരിച്ച് റോമാ ചക്രവർത്തിയായിരുന്ന ഫിലിപ്പിന് ക്രിസ്തീയവിശ്വാസം സംബന്ധിച്ച് പ്രബോധനം നൽകിയതും അത്മായനായിട്ടായിരുന്നു. സഭ മാനിക്കുന്ന അലക്സന്ത്രിയയിലെ ക്ലിമീസ്, യുസ്തീൻ, തെർത്തുല്യൻ തുടങ്ങിയ അവൈദികരാണ് ക്രൈസ്തവ വേദശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കൾ. ദയറാ പ്രസ്ഥാനം തന്നെ സഭയിൽ വളർന്നതു ഒരു അത്മായ മുന്നേറ്റമായിട്ടാണ്. വി. അന്തോനിയോസിനെ പോലുള്ളവർക്ക് ശെമ്മാശപദവി പോലും ഇല്ലായിരുന്നു.

ഇന്നും അത്മായർ അർഹിക്കുന്ന പ്രവർത്തനമണ്ഡലമുള്ള സഭകളും സ്ഥലങ്ങളും ഉണ്ട്. റോമൻ കത്തോലിക്കാസഭയിൽ വൈദികർക്ക് ബ്രഹ്മചര്യം നിഷ്കർഷിച്ചിരിക്കുന്നതുകൊണ്ട് അവരുടെ ദൗർലഭ്യം പല ഭാഗങ്ങളിലും നിലനിൽക്കുന്നു. പ്രത്യേകിച്ച്, ലാറ്റിൻ അമേരിക്കയിലും ആഫ്രിക്കൻ രാഷ്ട്രങ്ങളിലും. അവിടെ ചില കൗദാശിക കർമങ്ങളൊഴിച്ചുള്ള വൈദികവൃത്തങ്ങൾ എല്ലാം തന്നെ അത്മായരാണ് ചെയ്യുന്നത്. അതോടെ അവരുടെ ക്രിസ്തീയ നിലനിൽപ്പിന് അർത്ഥവും മൂല്യവും വർദ്ധിച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷം റോമാസഭയിലുണ്ടായ വിപ്ലവകരമായ പരിവർത്തനമാണ് ഈ മാറ്റങ്ങൾക്കെല്ലാം ആധാരം. ഇതൊന്നും നമ്മുടെ സഭാനേതൃത്വത്തിന്റെ കണ്ണുതുറപ്പിക്കാൻ ഉപകരിച്ചില്ല. അതോ ഇതിന്റെയൊന്നും പ്രസക്തി മനസ്സിലാകാഞ്ഞിട്ടോ?

സഭയുടെ വേദശാസ്ത്രത്തിൽ അത്മായർക്ക് സുപ്രധാന പങ്കാളിത്തമാണുള്ളത്. സഭ കർത്താവിന്റെ ശരീരമാകയാൽ അതിലെ ചെറിയ ഭാഗങ്ങളായ ഓരോരുത്തർക്കും പ്രവർത്തനസ്വാതന്ത്ര്യവും ഉത്തരവാദിത്തവും ഉണ്ട്. ഇവിടെ വൈദികൻ-അവൈദികൻ എന്ന തിരിവ് മൗലികമല്ല. അതുകൊണ്ടു തന്നെയാണ് വി. പത്രോസ് സഭയുടെ പൊതുപൗരോഹിത്യത്തെപ്പറ്റി പറയുന്നത്. ഇത് സഭയുടെ ദൗത്യത്തിലും വിളിയിലും പ്രവർത്തനത്തിലും സഭാംഗങ്ങൾക്കുമുള്ള തുല്യ ഉത്തരവാദിത്തത്തിലേക്കാണു വിരൽ ചൂണ്ടുന്നത്. ഓരോ സഭാംഗവും കർത്താവുവഴി ദൈവത്തെ സമീപിക്കുവാൻ സ്വാതന്ത്ര്യമുള്ളവരാണ്. തങ്ങൾക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും പ്രാർത്ഥിക്കുകയും സൃഷ്ടിയുടെ വിമോചനപ്രക്രിയയിൽ ഭാഗഭാഗിത്വം വഹിക്കുകയും ചെയ്യുവാനുള്ള ഉത്തരവാദിത്തമാണ് ഇതിൽ ഉൾക്കൊള്ളുന്നത്. എന്നാൽ ഇത് സഭയുടെ മൗലികമായ സാമൂഹ്യസ്വഭാവം നിഷേധിച്ചുകൊണ്ടല്ല. പ്രത്യുത, സഭയുടെ പൊതുപൗരോഹിത്യത്തിൽ സഭാംഗങ്ങൾ പങ്കുചേരുന്നതുകൊണ്ട് ലഭ്യമാകുന്നതാണ്. കർത്താവിന്റെ രക്ഷാദൗത്യം വർത്തമാനകാലത്ത് നിർവഹിക്കുന്നത് സഭ അതിന്റെ ഐക്യത്തിലും പൂർണതയിലുമാണ്. ഈ പൗരോഹിത്യദൗത്യത്തിൽ സഭാംഗങ്ങൾ ചേരുന്നുവെന്നു മാത്രം. സഭയ്ക്ക് മുഴുവനായാണ് പൗരോഹിത്യവും പൗരോഹിത്യപ്രവർത്തനങ്ങളും.

യാഥാസ്ഥിതികർ നെറ്റിചുളിക്കേണ്ടതില്ല. വൈദികരുടെ ശുശ്രൂഷയുടെ വില കുറയ്ക്കാൻ പറഞ്ഞതുമല്ല. തീർച്ചയായും അവർക്ക് പ്രത്യേക ശുശ്രൂഷ സഭയിലുണ്ട്. അവരുടേത് പട്ടത്വ പൗരോഹിത്യമാണ്. സഭയിലെ ചില പ്രത്യേക ശുശ്രൂഷകൾക്കായാണ് സഭ അവരെ വിളിച്ചിരിക്കുന്നതും നിയോഗിച്ചിരിക്കുന്നതും. സഭയെപ്പറ്റി രാജകീയ പുരോഹിതവംശമെന്ന് പത്രോസ് പറയുമ്പോൾ അത് അദ്ദേഹം മനസിലാക്കാതെയല്ല. ഇവിടെ അദ്ദേഹം പഴയനിയമത്തിലെ ഉദ്ധരണിയാണുപയോഗിക്കുന്നത്. ഇസ്രയേൽ രാജകീയ പുരോഹിതവംശമായിരുന്നിട്ടും അവിടെ പട്ടത്വ പൗരോഹിത്യം ഉണ്ടായിരുന്നല്ലോ. അതുകൊണ്ട് അത്മായർക്ക് അവരുടെതായ വിളിയും. എന്നാൽ അത്മായരുടെ സഭയിലെ വിളി എന്താണെന്നത് കുറച്ചു കൂടി ക്ലിപ്തപ്പെടുത്തണമെന്നു തോന്നുന്നു. സഭയിലെ ബഹുഭൂരിപക്ഷം അംഗങ്ങളും അത്മായരാകുമ്പോൾ അവരാണ് സഭയെ സമൂഹമായി ബന്ധിപ്പിക്കുന്ന കണ്ണി. അവർ വിവിധ ജീവിതമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരാണ്. അവരിലൂടെയാണ് സഭ ലോകത്തിൽ അതിന്റെ സ്വഭാവവും വിളിയും വ്യക്തമാക്കുന്നതും. ജീവിതത്തിൽ വ്യത്യസ്ത മേഖലകളിൽ അവർ നടത്തുന്നത് സഭാശുശ്രൂഷയാണെന്ന ബോധം ഉണ്ടാകണം. ക്രിസ്തീയമൂല്യങ്ങളും പ്രവർത്തനശൈലിയും കൈവിടാതെയുള്ള ജീവിതക്രമം

സഭാശുശ്രൂഷയാണ്. പൊതുരംഗത്തും വ്യക്തിബന്ധങ്ങളിലും ഇത് പ്രതിഫലിപ്പിക്കണം. ഇതിലും വലിയ ക്രിസ്തീയ സാക്ഷ്യമില്ല. എന്നാൽ ഈ രംഗത്ത് നാമെത്ര പരാജയപ്പെട്ടിരിക്കുന്നു. സമൂഹത്തിന്റെ രൂപാന്തരത്തിനായി പ്രവർത്തിക്കുന്നതിനു പകരം അതിന്റെ ജീർണതയിൽ നാം പങ്കുചേരുന്നു. ചെയ്യുന്ന ജോലികൾ ദൈവനിയോഗമെന്ന ബോദ്ധ്യത്തോടെ ചെയ്യുകയെന്നതാണ് അത്മായരുടെ ഏറ്റവും വലിയ ദൗത്യം.

സമൂഹത്തിലെ സാക്ഷ്യംപോലെ തന്നെ പ്രധാനമാണ് പള്ളി ഭരണത്തിലുള്ള പങ്കാളിത്തവും. അത് ശരിയായ രീതിയിലല്ലെങ്കിലും നടക്കുന്നുണ്ട്. ഇവിടെ പിശകുകൾ പലതാണ്. ഒന്നാമത്, പള്ളി ഭരണം കൈകാര്യം ചെയ്യുന്നവരുടെ കാഴ്ചപ്പാടിൽ വരുന്ന തെറ്റ്. രണ്ട്, അവരുടെ ജീവിതസാക്ഷ്യത്തിന്റെ അഭാവം. മൂന്ന്, കൈകാര്യം ചെയ്യുന്നവരുടെ അറിവില്ലായ്മ. ഇതിൽ ഒന്നാമത്തെ കാര്യം പള്ളി ട്രസ്റ്റി/സെക്രട്ടറി വരെയുള്ളവരിൽ വലിയൊരു പങ്കിന്റെയും പൊതുസ്വഭാവമായിട്ടുണ്ട്. സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടത് പള്ളിയ്ക്ക് ലാഭമുണ്ടാക്കുകയെന്ന പ്രധാന ഉദ്ദേശ്യത്തോടെയല്ല. ഇടവകജനങ്ങൾ നൽകുന്ന കാഴ്ചകൾ ദൈവേഷ്ടത്തിനായും സഭയുടെ സാക്ഷ്യത്തിനായും കൈകാര്യം ചെയ്യുകയെന്നതാണ് അവരുടെ മുഖ്യ കർത്തവ്യം. ഇടവകയിലെയും സമൂഹത്തിലെയും പ്രാഥമിക ജീവിതാവശ്യങ്ങൾ നിർവഹിക്കുന്നതിലാണു ശ്രദ്ധ ആദ്യം പതിയേണ്ടത്. സാധുജനസംരക്ഷണം, പാർപ്പിടപ്രശ്നപരിഹാരം, തൊഴിലില്ലായ്മ നിർമാർജ്ജനം, സാമൂഹ്യനീതിക്കു വേണ്ട ശ്രമം, ഇവയെല്ലാമാണ് പണംകൊണ്ട് പള്ളി ചെയ്യേണ്ട കാര്യങ്ങൾ. അതിനുശേഷമാണ് പാരീഷ് ഹാൾ നിർമാണവും മറ്റും. ഇവിടെ പള്ളിഭരണക്കാർ അടിസ്ഥാനതത്വം മറക്കുന്നു. പള്ളിയുടെ ധനം കൈകാര്യം ചെയ്യേണ്ടത് ഇടവകാംഗങ്ങളുടെയും മറ്റുള്ളവരേയും ക്ഷേമത്തിനാണ്. അവരുടെ വിമോചനത്തിനായിട്ടാണ് അത് ഉപകരിക്കേണ്ടത്. ഇത് ഇടവകഭരണത്തിൽ മാത്രമല്ല, സഭാഭരണത്തിനും ബാധകമാണ്. പള്ളിഭരണക്കാരുടെ ജീവിതസാക്ഷ്യം പലപ്പോഴും അഭിനന്ദനാർഹമല്ല. ***സ്ഥിരം മദ്യപാനികളും, പള്ളിയിൽ പോകാത്തവരും, ധാർമികമൂല്യങ്ങൾ കണക്കിലെടുക്കാത്തവരുമെല്ലാം ഭരണസമിതിയിൽ വന്നെന്നുവരാം. അതു മാറി ക്രിസ്തീയ ജീവിതം നയിക്കുന്നവരെ താക്കോലേൽപ്പിക്കുന്ന സാഹചര്യം സൃഷ്ടിക്കണം.***

ഇതോടൊപ്പം തന്നെ പ്രധാനമാണ് പണം ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുകയെന്നുള്ളത്. വരവുചെലവുകണക്കുകൾ എഴുതി സൂക്ഷിക്കുന്നതു സംബന്ധിച്ച് പലപ്പോഴും യാതൊരു വിജ്ഞാനവും ഭരണക്കാർക്ക് കാണില്ല. അതുകൊണ്ട് പള്ളി ട്രസ്റ്റിമാർ, ക്ലാർക്ക്, സെക്രട്ടറി എന്നിവർക്ക് വർഷംതോറും ബുക്ക് കീപ്പിങ്ങിലും അക്കൗണ്ടൻസിയിലുമെല്ലാം രണ്ടു മൂന്നു ദിവസത്തെയെങ്കിലും പരിശീലനം കൊടുക്കുന്നത് വളരെ പ്രയോജനപ്പെടുമെന്ന് തോന്നുന്നു. അങ്ങനെയെങ്കിൽ അവരവരുടെ ചുമതലയെന്താണെന്നും അതെങ്ങനെ ശാസ്ത്രീയമായി കൈകാര്യം ചെയ്യാമെന്നുമുള്ള കാര്യം ബോദ്ധ്യപ്പെടുകയും ചെയ്യും.

അത്മായർക്ക് പ്രത്യേകമായി പ്രവർത്തിക്കാവുന്ന മേഖലയാണ് സഭയുടെ ആരാധനയും ആദ്ധ്യാത്മികരംഗവും. നമ്മുടെ ആരാധനയിൽ അത്മായർക്ക് നല്ല പങ്കാളിത്തം അനുവദിക്കുന്നുണ്ട്. എന്നാൽ ഈ സാദ്ധ്യത ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾ വിമുഖരാണ്. പള്ളിയിൽ വി. കുർബാനയ്ക്കു വരുന്നവരിൽ പുരുഷന്മാർ നന്നേ കുറവ്. വരുന്നവരിൽ നാവനക്കുന്നവർ വിരളം. ട്രസ്റ്റി, സെക്രട്ടറി, കമ്മിറ്റിക്കാർ തുടങ്ങിയവരിൽ നല്ല പങ്ക് ആരാധനയ്ക്കിടയിലും പള്ളിമുറിയിൽ തന്നെ കൂടിക്കളയും. ഈ രീതി മാറി ആരാധനയിൽ സജീവപങ്കാളിത്തത്തിന് അവർക്ക് സന്നദ്ധതയുണ്ടാകണം. ആരാധനയാണ് ക്രിസ്തീയ ജീവിതത്തിന്റെ ഉറവയും ഉത്തേജനവും. അതിലാണ് മനുഷ്യൻ ദൈവമായുള്ള യോഗാത്മ ഐക്യവും ദൈവത്തിലുള്ള ആശ്രയവും അനുഭവിച്ചറിയുന്നത്.

അതുപോലെതന്നെ, ആത്മീയപ്രസ്ഥാനങ്ങളിൽ അത്മായരുടെ പങ്ക് നിർണായകമാണ്. അവരില്ലാതെ അവയൊന്നും നടക്കുകയില്ല. സഭാശുശ്രൂഷയുടെ വികേന്ദ്രീകരണമാണ് ആത്മീയ സഭാപ്രവർത്തനത്തിലുള്ള പങ്കാളിത്തത്തിന്റെ മൂർത്തമായ പ്രകടനവും. പഠിക്കുകയും പ്രവർത്തിക്കുകയും ക്രിസ്തീയസാക്ഷ്യം ലോകത്തിനു നൽകുകയും ചെയ്യുവാൻ ഇതിലും നല്ല മാധ്യമമില്ല. അത്മായർ അവരുടെ സഭാപങ്കാളിത്തത്തെപ്പറ്റിയും അവർക്കു വഹിക്കാവുന്ന ക്രിസ്തീയസാക്ഷ്യത്തെപ്പറ്റിയും ബോധവന്മാരാകണം. അതുണ്ടാകാത്തതിന്റെ പ്രധാന കാരണം അതു സംബന്ധിച്ചുള്ള അജ്ഞതയും തെറ്റിദ്ധാരണകളുമാണ്. അത്മായർക്ക് വേണ്ട പരിശീലനം കിട്ടുവാനുള്ള സംവിധാനം സഭയിൽ നിന്നുണ്ടാകണം. അതുപോലെതന്നെ, ***സഭാഭരണത്തിലും പൊതുരംഗത്തും ആത്മീയപ്രസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നവർ ദൈവാശ്രയവും ഭാവിയെപ്പറ്റിയുള്ള ദർശനവുമുള്ളവരാകണം. ഇവരിൽ നിന്നുമുള്ള അത്മായനേതൃത്വമേ സഭയ്ക്ക് ഏതെങ്കിലും തരത്തിൽ ഉപകരിക്കൂ.*** നിയോഗബോധവും ക്രിസ്തീയ സാക്ഷ്യത്തെപ്പറ്റി ചിന്തയുമുള്ള അത്മായരുടെ സംഖ്യ നേതൃത്വത്തിൽ വർദ്ധിക്കട്ടെ. അവരെ ഉൾക്കൊള്ളുവാനുള്ള മനസ്സ് സഭാനേതൃത്വത്തിനുണ്ടാകയും ചെയ്യട്ടെ. ●

## Christian Theology and Other Faiths

*(Cont'd from Page 2)*

is going to start from somewhere else.

Religious language talks about the entire environment in terms of its relation with the holy. As Wittgenstein said, it is more like talking about colour-something that affects everything (literally) in sight-than talking about an item in a list of things. Theology, the work of religious intellect, tries to work out what the implications are of seeing everything in relation to a holy reality that is never absent. It is not about advice as to what we should do when in the territory marked off as religious, where we do business with invisible rather than visible things; it is about what lives should look like when they find their meaning as a whole in relation to holy reality. To put it a bit differently, theology tries to make connections between the stories told about the holy or the fundamentally real and the words and actions people use in order to let those stories take hold of their lives and give them shape in every detail and aspect.

I know the difficulties in using 'theology' to describe certain Muslim or Jewish, let alone Buddhist intellectual activities; the word feels most at home in a Christian context. But every tradition of faith has a tradition of reflecting on the normal words and acts that make up a life of faith. Jews, Christians and Muslims all connect this with reflection on holy books, sorting out the consistency of passages that don't immediately seem consistent, settling what are agreed to be the implications of a story or a formula or a rule. Buddhists likewise use a set of holy texts but, in some Buddhist traditions at least, are interested in working out the implications for how we think about knowledge and language of the basic instructions given to help us purge our minds of greed and fantasy. So I recognise that in implying that 'theology' can cover all of this, I may be pushing things rather; but my basic point is that all religious practices go along with habits of disciplined thinking, exploring interrelated ideas or metaphors, making connections and searching for consistencies. Even where practice is

*(Cont'd..... Page 6)*

# RESTRAINT IS POSITIVE AND PRO-ACTIVE



REV. DR. VALSON THAMPU

The popular understanding of restraint is crisply captured in the exhortation, "Speak no evil, hear no evil, see no evil." We may also add, "do no evil". Understood thus, restraint becomes the virtue of eschewing wrong-doing. While this understanding has its merit, it is doubtful if it goes far enough. The forces of evil are in a state of hyperactive self-assertion. They cannot be counteracted by the sterile virtue of evil avoidance. There is a need, hence, to define the spiritual virtue of restraint in positive and pro-active terms. Restraint needs to be understood as integral to the discipline of doing what is good, valuable and constructive.

The case for restraint, apart from the commitment to pursue good actively, is weak and uninspiring. Why should I not fly off the handle, if I do not want to reach anywhere? Reliable brakes are not indispensable for a car meant to be parked perpetually. But the need for brakes becomes palpable, when a car moves and needs to reach somewhere. Dynamism of any kind without restraint is a dangerous and destructive thing. A lazy and disengaged person may overlook the need for restraint for a while.

Restraint enables. It is a widespread misconception, especially among young people, that restraint, by holding them back, puts them at a disadvantage. To see this assumption for what it is, let us consider an illustration: that of trying to play tennis without a court. The court comprises base lines, sidel ines, service lines and net. These are to a game of tennis what restraint is to the game of life. To a simplistic mind unused to the art of playing tennis they might seem irritants. You would be free to hit the ball at will, but for these limiting factors. . It is the side lines, base lines, service lines and net that together enable you to play tennis. Restraint is, in a real sense, the matrix of true freedom, provided it is understood in positive terms. Indulgence, which is the opposite of restraint, results in addiction, which compromises freedom. Those who lack restraint are found to be wanting in the enthusiasm and energy to do what is just and right. The case for restraint, in other words, is subsumed in the active pursuit of benevolence.

***Restraint or self-control involves at least three factors.*** First and foremost, it involves **our understanding of who or what we are.** If we subscribe to a mechanistic and materialistic understanding of human nature as driven by the chemistry of the body and the calisthenics of the mind, we shall undermine the case for restraint. Freud saw human nature on the analogy of a pressure cooker wherein the steam of psychic pressure builds up, compelling periodic "impulse releases" for the sake of mental health. The mentally healthy Freudian man, however, turns out to be a moral weakling: a pathetic prey to his own crude instincts and cruel impulses. For all the celebration of the self and self-assertion that the liberal-individualistic culture heralded, the stature of the human being has only dwindled in its wake. The utter helplessness of the individual vis-a-vis himself, on account of this presumed autonomy of impulses, must be deemed a bane rather than a boon, a loss rather than a gain. And it is faught with sinister consequences for others as well. The inability to control oneself and the neurotic need to control others are in a relationship of inverse proportion. It is those who lack restraint that are obsessed with their right to restrain everyone else. In contrast, the conduct of those who respect themselves and intuit their inner and metaphysical worth is marked by restraint. At stark contrast to this is the spectacle of a neo-rich young man tearing through the streets on a motorcycle the silencer of which is removed in order to maximize the effect on others.

The second factor that shapes restraint is **the pursuit of a solemn purpose in life.** As a matter of fact, steadiness in any area of life is impossible without self-control. Those who lack restraint are as quick to quit a cause as they are ready to queue up for it. They seldom take root in anything. And it is only natural that those who have no roots fail to produce any fruits. In a practical sense, it is with reference to a goal that we decide whether or not we should endure or exit the engagement on account of the difficulties encountered. Those who drift aimlessly through life tend to be immoderate in their words and ways. More often than not, worthwhile pursuit in life involve partnerships and teamwork, both of which call for restraint. Every individual is unique and all of human enterprises run into rubs and resistance. Unless we are fortified with the strength of purposive restraint, the chances are that we fail to endure till the battle is won.

The third determinant in restraint is **our attitude to others.** We are perfectly retrained in our responses towards those we respect or fear. Even those who turn their vicious temper into an alibi for unseemly conduct, are seen to be in saintly behaviour in the presence of the high and mighty. Conversely, they are lamentably unrestrained in the way they treat those they deem powerless. The restraint we practise is a statement both on the mettle on our own personality and the worth we ascribe to others. Those who treat others who, in a worldly sense, are inferior, in an arbitrary or arrogant fashion betray their spiritual bankruptcy. It is only in a state of proactive restraint that we can, if at all, get to know the true worth of **our fellow human beings.** Also, those who are unmindful of the worth of others will perforce to be deficient in restraint. To see the true worth of others we need to look through the eyes of love. Love, thus, holds the key to the proactive genius of spiritually dynamic restraint.

In respect of our attitude to others, the distinction between restraint and respect is thin. Both presuppose love. It is in the nature of love, as St. Paul says, to want to build up others. "Knowledge puffs up, but love builds

*(Cont'd..... Page 12)*

## Christian Theology and Other Faiths

(Cont'd from Page 4)

what we unhelpfully call 'primitive', reflection goes on, sometimes in the generation of new stories; mythology often reflects ways of solving problems or suggesting connections by story telling . Ultimate power can't be stupid; wisdom can't be just a lucky human guess. So as reflection matures and more connections are made, what comes to light is a map of how things are on which people attempt to 'plot' human behaviour. And what this means is that disagreements between religious traditions are very significantly disagreements about the kind of universe we inhabit, what that universe makes possible for human beings; and what is the most truthful or adequate or even sane way of behaving in the universe. The passion in religious disagreement comes not simply from abstract differences as to how the holy is to be talked about, but from differences as to how human life is to be lived so as to be in fullest accord with 'the grain of the universe'. A different view on this means a life lived less fully in accord with truth, and so a life deprived of significant happiness. Inevitably, then, the disagreements are profound; to the extent that a religious tradition has the generous belief that it is given something of health-giving relevance for all human beings, it will be strong in its arguments with other traiditions.

This may at first sound an unwelcome approach. But I think it is of enormous importance to see why religious disagreement is serious, and why it can't be reduced to that realm of essentially private difference, outside the clear light of neutral day, where modern secular society is comfortable leaving it. And what I am going to try and argue is that once we are clearer about the nature and scope of religious disagreement, we are actually more rather than less likely to develop a respectful and collaborative practice in inter-faith relations.

This has something to do with the fact that when we see our differences as theological in the sense I've outlined, sane or truth-revealing life looks like in the light of convictions about the universe itself and its source, we begin to see that not all religious claims are answers to the same questions. If, say, Islam and Christianity were two sets of solutions to one problem, their relation would be one of simple rivalry, systematic mutual exclusion. But in fact the two faiths work with importantly different accounts of creation and humanity. It will not do to say either that they are essentially the same or that they are utterly incompatible. What needs to be avoided is, for example, a Christian approach which says simply that Islam is a failed solution to the question satisfactorily answered by Christiantiy. The difficulties of such an approach appear most clearly when we look at Christian-Jewish relations. The appalling history here is in large part the result of a Christian claim to be the correct answer to a question wrongly answered by Jewish faith and practice-'Who is the Messiah?' As a great deal of modern scholarship makes clear, the greater part of Jewish reflection, 'theology' if you will, for two thousand years has not begun from any such question. For the Jew to be told that in Christian eyes he or she has wrongly answered a question either not asked or asked in a wholly different context is in effect for the Jew to be told that there is no fundamental difference between them and the Christian; the Christian way of talking has included the Jew, quite irrespective of what the Jew is actually saying. Similarly with Islam, where the Christian may sometimes feel a bit like the Jew in the preceding paragraph. In the light of the witness of Muhammad as the seal of prophetic revelation, all previous history including that of Jesus comes together in a single pattern. If the question is 'What is the climax of prophecy, where in divine word an human example is the will of God most completely made known?' the Muslim naturally answers in terms of the Qur'an and the Prophet; the Christian has to struggle to explain that the unique relation of Jesus to God and the incorporation of Christian believers into that relation are beliefs that connect with different questions and need a different narrative structure. A conversation some years ago with an articulate and evangelistic Muslim taxi driver has left a deep impression on me in this regard: it was very clear to him that the mere fact of Islam having appeared later than Christianity provided a powerful case for Christians to change their frame of reference. It should be obvious that here at last was the hitherto unrevealed end of the story. To be a Christian was to leave the theatre at the interval.

There is no vantage point above all traditions and theologies from which some completely detached person can decide; no board of examiners. But this also means that there is no perspective from which someone can say, 'These are all different ways of looking at the same material'. If I am a person of faith, a person whose life is lived in a comprehensive relationship with what I understand to be the source and context of all life, I cannot appeal to someone out there in the neutral public world to provide me with credentials. So I don't think that religious relativism or pluralism will do, as this seems always to presuppose the detached observer (the one who sees the whole elephant); but neither can we expect to find a tribunal to assess right and wrong answers.

***(to be continued)***

## 'ലൂർദ്ദിലെ ജലം'

അയർലണ്ടിൽക്കൂടി യാത്ര ചെയ്തിരുന്ന ഒരു സ്ത്രീ തന്റെ ബാഗിൽ ഒരു കുപ്പി വിദേശമദ്യം സൂക്ഷിച്ചിരുന്നു. കസ്റ്റംസ് ഓഫീസർ അതു കണ്ടുപിടിച്ചു. അയാൾ ചോദിച്ചു, "ഈ കുപ്പിയിൽ എന്താണ്"

'ലൂർദ്ദിലെ ജലം'.

ഓഫീസർക്ക് സംശയം തോന്നി. അയാൾ കുപ്പി തുറന്നു പരിശോധിച്ചു. അയാൾ പറഞ്ഞു, "ഇത് ലൂർദ്ദിലെ ജലമല്ല. ഒന്നാന്തരം വീഞ്ഞാണ്."

ഇതുകേട്ട സ്ത്രീ: "ദൈവത്തിനു സ്തുതി. ഇതാ അത്ഭുതം നടന്നിരിക്കുന്നു."

# ഘർഷണമൊരു ശല്യമോ അനുഗ്രഹമോ?

ഡോ. ജോർജ് എം. തോമസ്



പ്രതലങ്ങൾ തമ്മിൽ ഉരയുമ്പോഴുണ്ടാകുന്ന ഒരു എതിർബലമാണ് ഘർഷണം (Friction). ഈ ബലം ദ്രാവകത്തിലും വാതകത്തിലുമുണ്ട്. സാധാരണ വ്യക്തിബന്ധങ്ങളിലും എതിർശക്തി പ്രവർത്തിക്കാറുണ്ടല്ലോ. അതിനെയും നമ്മൾ ഫ്രിക്ഷൻ എന്നാണു വിളിക്കുക. രാഷ്ട്രീയ, സാമൂഹിക ഇടപാടുകളിലൊക്കെ ഉരസലുകളുണ്ടാകാറുണ്ട്, മാനസികതലത്തിലാണെന്നു മാത്രം. അത് കുറച്ചൊക്കെ ആവശ്യമാണെന്നു വച്ചാൽ തന്നെ അമിതമായാൽ ആപത്താണ്. വിവേകവും പക്വതയുമുള്ള നിഷ്പക്ഷമതികൾക്ക് ഇതിനെ നിയന്ത്രിക്കാൻ കഴിയും. "സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ" എന്നാണല്ലൊ വേദവാക്യം. എല്ലാവരും സമാധാനം കാംക്ഷിക്കുന്നതിനാൽ സമാധാനമുണ്ടക്കുന്നവരെ ഇരുപക്ഷങ്ങളും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു.

പ്രതലങ്ങൾ തമ്മിലുള്ള ഘർഷണത്തിന്റെ കാരണങ്ങളും, ഘർഷണമില്ലെങ്കിലുള്ള വൈഷമ്യങ്ങളും നമുക്കു പരിശോധിക്കാം. രണ്ടു പ്രതലങ്ങളിലെ തന്മാത്രകൾ ഏറ്റവും ചേർന്നിരിക്കുമ്പോൾ അവ തമ്മിൽ ഒരു ആകർഷണബലമുണ്ട്. പ്രതലങ്ങൾ തമ്മിൽ തെന്നിപ്പോകാതെ സൂക്ഷിക്കുന്നത് ഈ ബലമാണ്. ഘർഷണം ആവശ്യമാണ്. എന്നാൽ, അസ്ഥാനത്ത് ഒരു ശല്യവും. അതുകൊണ്ട്, ആവശ്യാനുസരണം ഘർഷണത്തെ മെരുക്കിയെടുക്കേണ്ടതുണ്ട്. ജന്തുക്കൾക്കു സഞ്ചരിക്കണം. അതേ സമയം വൃക്ഷങ്ങൾക്ക് നേരെ നിൽക്കണം. രണ്ടിനും ഘർഷണമാവശ്യമാണ്. നാൽക്കാലി മൃഗങ്ങൾ സഞ്ചരിക്കുമ്പോൾ കാലുകുത്തി പുറകോട്ടു ചവിട്ടിയാണു നീങ്ങുന്നത്. പുറകോട്ടു ചവിട്ടുമ്പോൾ തെന്നിപ്പോകാതെ മുമ്പോട്ടു പിടിച്ചുനിറുത്തുന്നത് ഘർഷണബലമാണ്. വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ വീലുകൾ പുറകോട്ടാണു തിരിയുന്നത്. വീലുകളുടെ റോഡുമായി ചേർന്നിരിക്കുന്ന ഭാഗം തെന്നാൻ പാടില്ല. അപ്പോളവിടെ മുമ്പോട്ടൊരു ബലം കിട്ടും. വീലുകൾ പുറകോട്ടു തിരിഞ്ഞാൽ വാഹനം മുമ്പോട്ടു പോകും. ചെളിക്കുഴിയിലകപ്പെട്ടാൽ വീലുകൾ വെറുതെ നിന്നു കറങ്ങും. മുമ്പോട്ടു നീങ്ങാൻ ഘർഷണം മതിയാകാതെ വരുന്നതിനാലാണിത്. ആരെങ്കിലും വാഹനത്തിൽ നിന്നിറങ്ങി ഉറച്ച സ്ഥലത്ത് കാലൂന്നി മുമ്പോട്ടു തള്ളിയാൽ പ്രശ്നം തീരും.

നമ്മുടെയൊക്കെ വീടുകളിൽ തറ നല്ലതുപോലെ പോളിഷുചെയ്ത് മിനുക്കിയിടാറുണ്ടല്ലോ. ഇരുകാലുകളിൽ നടക്കുന്ന മനുഷ്യന് ഇതാപത്താണ്. കാലു തെന്നിയാൽ കൈവീശി എവിടെങ്കിലും പിടി മുറുക്കണം വീഴാതിരിക്കാൻ. കുളിമുറിയിൽ വെള്ളമൊലിച്ചു കിടക്കുന്നിടത്ത് അറിയാതെ ചവിട്ടിയാൽ കാലു തെന്നും; പ്രായമുള്ളവർ വീണെന്നുമിരിക്കും. കുളിമുറിയുടെ വാതിൽ അടച്ചിട്ടിരിക്കയാണെങ്കിൽ, നിലവിളിച്ചാൽ പോലും സഹായത്തിന് ആളെത്താൻ വൈകും. മുകളിൽ നിന്ന് കെട്ടിത്തൂക്കിയ കയറുണ്ടെങ്കിൽ വീഴാതെ പിടിച്ചുനിൽക്കാനാകും. കയറിന് ഘർഷണമുണ്ടല്ലോ.

ഒരു സംഭവം ഓർമയിൽ വരുന്നു. കുട്ടന് സ്കൂളിൽ പോകാൻ മാതാപിതാക്കൾ ഒരു സൈക്കിൾ വാങ്ങിക്കൊടുത്തു. അവനാണെങ്കിൽ ആ സൈക്കിൾ പൊന്നുപോലെ സൂക്ഷിച്ചുപോന്നു. ഒരു ദിവസം കുട്ടൻ സ്കൂളിലേക്കുള്ള വഴിയിലെ ഇറക്കം ചവിട്ടി വരുമ്പോൾ ഒരു വാഹനം എതിർപെട്ടു. അവൻ പെട്ടെന്ന് ബ്രേക്കിട്ടെങ്കിലും സൈക്കിൾ നിന്നില്ല. വണ്ടി വെട്ടിച്ച് ഒരു കുഴിയിൽ ചാടി ആപത്തൊന്നും കൂടാതെ രക്ഷപ്പെട്ടു. വീട്ടിൽച്ചെന്ന് കാര്യമെല്ലാം പറഞ്ഞു. വീട്ടുകാർ സൈക്കിൾ പരിശോധിച്ചപ്പോൾ ബ്രേക്കിനു കേടില്ലെങ്കിലും എണ്ണയിൽ മുങ്ങിയിരിക്കുന്നതായി കണ്ടു. സംഭവിച്ചതെന്താണെന്നോ? കുട്ടൻ സൈക്കിൾ തുടച്ചു വൃത്തിയാക്കിയപ്പോൾ പൊടി പിടിച്ച ബ്രേക്കിലും എണ്ണ തേച്ചു. ഫലമോ, ഘർഷണം നഷ്ടപ്പെട്ടു. സൈക്കിൾ വീൽ തിരിയുന്ന അച്ചുതണ്ടിൽ ഫ്രിക്ഷൻ വേണ്ട. ഓയിൽ ഒഴിക്കുമ്പോൾ അവിടെ ഫ്രിക്ഷൻ കുറയുന്നു. വീലിന്റെ വെളിയിലെ നിലത്തുരയുന്ന ഭാഗം തെന്നിപ്പോകാൻ പാടില്ല. റോഡിനും വീലിന്റെ ടയറിനും ഘർഷണമുണ്ടായിരിക്കണം. മിനുസം വന്ന ടയറുകൾ മാറിയില്ലെങ്കിൽ അപകടമുണ്ടാകും.

തണുപ്പുരാജ്യങ്ങളിൽ മഞ്ഞുകാലത്ത് റോഡു മുഴുവൻ ഐസ് കട്ട കാണും. അതിന്മേൽ മർദ്ദം ചെന്നാൽ ആ ഭാഗം മാത്രം ഉരുകും. തന്നിമിത്തം വീലുകൾക്കു ചെയിൻ ഇട്ട് ഘർഷണം കൂട്ടിയാലേ വാഹനയാത്ര സാധ്യമാകൂ. അതല്ലെങ്കിൽ, ഉപ്പു വിതറി വഴിയിലെ ഐസു മുഴുവൻ ഉരുക്കിയില്ലാതാക്കണം. അല്ലെങ്കിൽ, ഘർഷണത്തിന്റെ അഭാവത്തിൽ ഐസിന്റെ മുകളിലൂടെ തെന്നി സഞ്ചരിക്കയുമാകാം. നിയന്ത്രണത്തിനായി ഇരുവശങ്ങളിലും വടിയൂന്നി നല്ല വേഗത്തിൽ കയറ്റവും ഇറക്കവുമെല്ലാം പോകാൻ കഴിയും.

വായുവിലും ഘർഷണമുണ്ട്. വായുവിന് ഘർഷണമില്ലായിരുന്നെങ്കിൽ മഴത്തുള്ളികളുടെയും ഐസ് കട്ടകളുടെയും ശക്തമായ പ്രഹരമേറ്റ് നാം വിഷമിച്ചേനെ. വായുവിന്റെ ഘർഷണം നിമിത്തമുള്ള എതിർപ്പില്ലാതെ വന്നാൽ മഴത്തുള്ളികൾ ജോൺസ് കുടയും പോപ്പി കുടയുമൊക്കെ തകർത്ത് ശരീരത്തിൽ മുറിവേൽപിക്കും.

ഘർഷണം പണിമുടക്കിയാൽ എന്താണു സംഭവിക്കുക? ബദൽ സംവിധാനം ഏർപ്പെടുത്താൻ മനുഷ്യനു സാധിക്കുമോ? ഘർഷണബലമില്ലെങ്കിൽ നടന്നു നീങ്ങാൻ പറ്റില്ല. വണ്ടിയിൽ പോയാൽ വീലുകൾ നിന്നു കറങ്ങും. ഇറക്കത്തിൽ ബ്രേക്ക് കിട്ടില്ല. ആണിയും സ്ക്രൂവും ഉറച്ചുനിൽക്കില്ല. കുപ്പി അടയ്ക്കുന്ന കോർക്ക് ഉറച്ചിരിക്കില്ല. മോട്ടോറും എൻജിനും തമ്മിൽ ഘടിപ്പിക്കുന്ന ബൽറ്റ് തെന്നിപ്പോകും. വീൽ തിരിയുമ്പോൾ ബൽറ്റ് വെറുതെ നിൽക്കും.

മണൽ കൂമ്പാരം ഇടിഞ്ഞുവീഴാത്തത് മണൽത്തരികൾ തമ്മിലുള്ള ഘർഷണബലം കൊണ്ടാണ്. കെട്ടിടങ്ങൾ ഇടിഞ്ഞു വീഴാതെ നിൽക്കുന്നത് പല സ്ഥാനങ്ങളിലെ ഘർഷണം നിമിത്തമാണ്. വയലിൻ ഒരു ഒന്നാം തരം സംഗീതോപകരണമാണ്. പക്ഷേ, ഘർഷണമില്ലെങ്കിൽ കമ്പികൾ ചലിക്കയില്ല, ശബ്ദം വരികയുമില്ല. കമ്പി മുറുക്കിക്കെട്ടിയാൽ മുറുകില്ല, അയഞ്ഞുപോരും. ഉരച്ചാൽ ശബ്ദവുമില്ല. പിന്നെന്തു ചെയ്യും.

കാലുറയ്ക്കാതെ വീണുപോകുന്നയാൾ എഴുന്നേൽക്കാനായി കൈ നിലത്തുറപ്പിക്കുന്നു. ഘർഷണമില്ലെങ്കിൽ കൈ ഉറയ്ക്കാതെ പിന്നെയും വീഴും. പേന കൊണ്ട് വടിവൊത്ത അക്ഷരങ്ങളെഴുതാൻ സാധിക്കുന്നത് ഘർഷണം പേനയെ നിലയ്ക്കു നിറുത്തുന്നതുകൊണ്ടാണ്. ഘർഷണമില്ലെങ്കിൽ പേന ലക്ഷ്യസ്ഥാനത്തു നിന്ന് തെന്നിപ്പോകും. മുണ്ട് മുറുക്കിയുടുക്കാൻ പോലും സാധിക്കാതെ വരും. അരയിൽ ഘർഷണമില്ലെങ്കിൽ ബൽറ്റ് കെട്ടിയാലും മുണ്ട് ഊർന്ന് താഴെപ്പോകും. കപ്പലിൽ ഫർണിച്ചറെല്ലാം തറയുമായി ഉറപ്പിച്ചാണു വച്ചിരിക്കുന്നത്. കപ്പൽ സമുദ്രജലത്തിൽ ചരിയുകയും മറിയുകയും ചെയ്യുമ്പോൾ ഫർണിച്ചർ ഊർന്ന് സ്ഥാനം തെറ്റിപ്പോകാതിരിക്കാനാണിത്. കരയിൽ ഇതാവശ്യമില്ല. ഘർഷണം സാധനസാമഗ്രികളെയെല്ലാം തൽസ്ഥാനങ്ങളിൽ നിറുത്തിക്കൊള്ളും. ഘർഷണമില്ലെങ്കിൽ കസേരയും മേശയുമൊക്കെ തറയിൽ ഉറപ്പിക്കണം. പക്ഷേ എങ്ങനെ നടപ്പാകും? ആണിയും സ്ക്രൂവും ഉറയ്ക്കില്ല. ഫലമോ, കസേരയും മേശയുമെല്ലാം നിരങ്ങി നീങ്ങി മുറിയുടെ താഴ്ന്ന വശത്തു ചെന്ന് ഭിത്തിയോടടുത്തു നിൽക്കും.

ഏറ്റവും കുറഞ്ഞ ചിലവിൽ നിസ്വാർത്ഥ സ്നേഹശുശ്രൂഷ നൽകുകയെന്ന മഹത്തായ ക്രിസ്തീയ രോഗശാന്തി ചര്യയിൽ നിന്ന് വ്യയഹേതുകവും വികാരസ്പർശരഹിതവുമായ സൗഖ്യശുശ്രൂഷയിലേക്കുള്ള വ്യതിയാനം ഒരു ആധുനിക പ്രതിഭാസമാണ്. സന്മാർഗികമൂല്യങ്ങളും ക്രിസ്തീയ പ്രമാണങ്ങളും ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്നു. കൊള്ളലാഭം നേടേണ്ടതിന് മെഡിക്കൽ ട്രെയിനിംഗിന് കനത്ത തലവരിപ്പണം ഈടാക്കുന്ന സമ്പ്രദായത്തിന്റെ ആവിർഭാവം, മെഡിക്കൽ സ്പെഷലിസ്റ്റുകൾക്കു നൽകുന്ന ക്രമാധികശമ്പളം, റഫറൻസുകൾക്ക് കമ്മിഷനും വെട്ടിച്ചുരുക്കലും, നികുതി വെട്ടിപ്പിനായി മേശയ്ക്കടിയിലൂടെയുള്ള കൊടുക്കൽ വാങ്ങലുകൾ, കൂടുതൽ വരുമാനത്തിനുവേണ്ടി അത്യാവശ്യമില്ലാത്ത പരിശോധനകളും ശസ്ത്രക്രിയകളും, അനായാസമായി കാര്യങ്ങൾ സാധിക്കുന്നതിന് കൈക്കൂലി, ഇവ ക്രിസ്തീയ സ്ഥാപനങ്ങളിൽ നുഴഞ്ഞുകയറിയിട്ടുള്ള തിന്മകളിൽ ചിലതാണ്. നിലവിലുള്ള ആശുപത്രികളിൽ ചിലത് ദൈവത്തിന് മഹത്വഹേതുകമല്ലാത്തതിനാൽ മേൽപ്പറഞ്ഞ ദൃഷ്യങ്ങൾ ദൂരീകരിക്കുവാനായി ആവശ്യമെങ്കിൽ അടച്ചു പൂട്ടണം.

# വൈദ്യശുശ്രൂഷയുടെ വ്യവസായവത്കരണം

ഡോ. എ. കെ. തൈൻ

രോഗശുശ്രൂഷയിൽ സഭയുടെ പങ്കിനെപ്പറ്റി ചർച്ച ചെയ്യുവാൻ 1964-ൽ സഭകളുടെ ലോക കൗൺസിൽ ഒരു കോൺഫറൻസ് സംഘടിപ്പിച്ചു. മൂന്നു കാര്യങ്ങൾ അവർ തറപ്പിച്ചു പ്രഖ്യാപിച്ചു. രോഗശാന്തി ദൈവികവും ദൈവത്തിന്റെ സർഗപ്രക്രിയയുടെ വർത്തമാനകാല പ്രകാശനവുമാണ്. യേശു നൽകിയ രോഗശാന്തി കേവലം മനുഷ്യസ്നേഹപരമായ പ്രവൃത്തി മാത്രമായിരുന്നില്ല. രക്ഷണ്യവും ആരോഗ്യദായകവുമായ പ്രവൃത്തിയിലൂടെ ദൈവം മനുഷ്യനെ തന്നോട് അനുരഞ്ജനപ്പെടുത്തിയതിന്റെ അടയാളവും പ്രതീകവുമായിരുന്നു അത്. യാതനയും മരണവും കൂടുതൽ ഉദാത്തവും ശ്രേഷ്ഠവുമായ യാഥാർത്ഥ്യത്തിലേക്കുള്ള കവാടമാകയാൽ അവയെക്കുറിച്ചുള്ള ദുർഭീതി ഉത്ഥിതനായ ക്രിസ്തു അകറ്റിക്കളഞ്ഞു.

ആരോഗ്യത്തിന്റെ അർത്ഥതലത്തിലേക്ക് ക്രിസ്ത്യാനികൾക്ക് ഒരു സാമൂഹിക ഉൾക്കാഴ്ചയുണ്ട്. നാം ദൈവസൃഷ്ടിയാകയാൽ ആകമാന മനുഷ്യപ്രകൃതിയെ ഉൾക്കൊള്ളുന്നതായിരിക്കണം രോഗശാന്തി. യാതനയ്ക്കും രോഗത്തിനും അർത്ഥവും വ്യക്തമായ ക്രിസ്തീയ പ്രതിശാന്തിയുമുണ്ട്. പ്രസംഗിക്കുന്നതിനും ഉപദേശിക്കുന്നതിനും രോഗികളെ സൗഖ്യമാക്കുന്നതിനുമായിരുന്നു ക്രിസ്തു നൽകിയ ശ്രേഷ്ഠദൗത്യം. സൗഖ്യം പ്രാപിച്ചവർ മദ്ധ്യസ്ഥത, ഉപദേശം, ശുശ്രൂഷ ഇവയിലൂടെ സൗഖ്യം പകർന്നുകൊണ്ടിരിക്കുന്ന സഭയെ ചിത്രീകരിക്കാറുണ്ട്. ആകമാനസ്വത്വത്തെ സൗഖ്യപ്പെടുത്തുന്നതാണ് സുവിശേഷത്തിന്റെ സത്ത; വിമോചകമായിരിക്കുകയാണ് അതിന്റെ ധർമ്മം.

മനുഷ്യ നടപടിക്രമത്തെപ്പറ്റിയുള്ള ദൈവഹിതം വെളിപ്പെടുത്തുന്നതുകൊണ്ട് മെഡിക്കൽ സദാചാരത്തിന്റെ അടിത്തറയാണു ബൈബിൾ. ഒരു മനുഷ്യൻ എന്തായിരുന്നുവോ, ആരോടാണയാൾ ഉത്തരവാദപ്പെട്ടിരിക്കുന്നത് എന്നതിനെ ആശ്രയിച്ചിരിക്കുന്നു അയാളുടെ ധർമസംഹിത. മൗനവ്രതത്തിലൂടെയും ഉപവാസത്തിലൂടെയും ഗാന്ധിജി ഒരു അന്തർധ്വനി വികസിപ്പിച്ചെടുത്തു. വ്യക്തി സമുദായത്തിന്റെ ഉത്പന്നമാകയാൽ അപ്രകാരമുള്ള ആന്തരികസ്വരം കേവലം ആത്മനിഷ്ഠമാണെന്ന് മാർക്സിസ്റ്റുകളും മറ്റും കരുതുന്നു. ദൈവത്തിലാശ്രയിക്കുകയും, വി. പൗലോസ് പ്രബോധിപ്പിച്ചതുപോലെ പരമമായ നമ്മുടെ ഗൃഹവിചാരക[illegible] തിരുമു[illegible] അർപ്പിക്കുന്നതിനുള്ള സന്നദ്ധത [illegible] സന്മാർഗികതയുടെ മാനദണ്ഡം. അധഃപതിച്ച നമ്മുടെ സമൂഹത്തെ നിലവിലുള്ള തിന്മകളിൽ നിന്ന് വീണ്ടെടുക്കുന്നതിനും, ശ്രേഷ്ഠ ഗുരുവും പരമവൈദ്യനുമായ യേശുക്രിസ്തുവിന്റെ ചുവടുകളെ പിന്തുടരുന്ന നവസമൂഹം കെട്ടിപ്പടുക്കുന്നതിനും മത[illegible]യായ ഗാഢസമർപ്പണമുള്ള ഒരു യുവതലമുറയുടെ ആവിർഭാവത്തിനായി പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

ആരോഗ്യലക്ഷ്യത്തെപ്പറ്റിയും ജീവിതനിലവാരത്തെപ്പറ്റിയും ലോകം ഇന്ന് ഒരു അതിസന്ധിഘട്ടത്തിലാണ്. നമ്മുടെ മുൻഗണനാക്രമം കീഴ്മേൽ മറിഞ്ഞുകൊണ്ടിരിക്കുകയാണ്. പുരാതന ധാർമിക മൂല്യങ്ങൾ ചോദ്യം ചെയ്യപ്പെടുന്നു. ആർ[illegible]വത്വം ഊർജസ്വലമായി പരക്കം പാച്ചിൽ തുടരുന്നു. അനീതിയും തിന്മയുമിന്ന് നാട്ടാചാരമായിത്തീർന്നിരിക്കുന്നു. വൈദ്യവൃത്തിയുടെ കമ്പോളവത്കരണം പ്രാചീനമൂല്യങ്ങളുടെ ഉൾക്കാമ്പിനെ കാർന്നുതിന്നുകയാണ്. ഡോക്ടറുടെ പ്രഥമകർത്തവ്യം രോഗിയോടും രോഗിയുടെ ചാർച്ചക്കാരോടുമായിരിക്കണം. ലാഭേച്ഛയാൽ അതു നശിപ്പിക്കരുത്. ജനങ്ങളുടെ യാതനകളെയും രോഗാവസ്ഥയെയും ആരെങ്കിലും ചൂഷണം ചെയ്യുന്നതിനെ തടയുന്നതിനും ബോധവൽക്കരിക്കുന്നതിനുമുള്ള സംഘടിത യത്നങ്ങൾക്ക് സമ്മർദ്ദഗ്രൂപ്പുകളാവശ്യമാണ്.

---

ആലോചിച്ചുനോക്കിയാൽ മറ്റു പലതും സംഭവിക്കുമെന്നു മനസ്സിലാകും.

ഘർഷണം കൂട്ടൽ, ഘർഷണം കുറയ്ക്കൽ എന്നിവയെപ്പറ്റി പഠനം നടത്തുന്ന ഒരു ശാസ്ത്രവിഭാഗമുണ്ട്- 'ട്രിബോളജി'. കൂടിയ ഘർഷണം ആവശ്യമായ സ്ക്രൂ ഉറപ്പിക്കൽ ഇവിടൊന്നും ഊർജ്ജം ഒരിക്കലും നഷ്ടപ്പെടുന്നില്ല. താപോർജ്ജമായി രൂപാന്തരപ്പെടുമെന്നേയുള്ളൂ. ഓരോ പ്രവൃത്തി ചെയ്യുമ്പോഴും ഊർജ്ജത്തിനു രൂപാന്തരം സംഭവിക്കുമെങ്കിലും പ്രകൃതിയിലെ മൊത്തം ഊർജ്ജം സ്ഥിരമായിരിക്കും.

ഘർഷണം കുറയ്ക്കാൻ ഓയിൽ ഒഴിക്കുകയോ പ്രതലം മിനുസപ്പെടുത്തുകയോ ഗ്രാഫൈറ്റ് ഉപയോഗിക്കുകയോ ആവാം. ഗ്രാഫൈറ്റ് തന്മാത്രകൾ പല നിരകളിലായാണു ബന്ധിച്ചിരിക്കുന്നത്. നിരയും നിരയും തമ്മിൽ ആകർഷണം കുറവാണ്. അതുകൊണ്ട്, തുടർച്ചയായി നീങ്ങിക്കൊണ്ടിരിക്കുന്ന വസ്തുക്കൾക്ക് ഘർഷണം കുറച്ചുമതി. യന്ത്രങ്ങൾ, ഘടികാരം, വീലിന്റെ അച്ചുതണ്ട് തുടങ്ങി പലതിലും എണ്ണയോ ഗ്രാഫൈറ്റോ ഉപയോഗിച്ച് ഘർഷണം കുറയ്ക്കുന്നു. അച്ചുതണ്ടിൽ ബോൾ ബേറിങ്സും ഉപയോഗിക്കാറുണ്ട്.

രണ്ടു ഖരവസ്തുക്കൾ തമ്മിലുള്ള ഘർഷണത്തെ ബാഹ്യഘർഷണമെന്നും, ഖരവസ്തു ദ്രാവകത്തിലോ വാതകത്തിലോ സഞ്ചരിക്കുമ്പോഴുള്ള ഘർഷണത്തെ ആന്തരിക ഘർഷണങ്ങളെന്നും വിളിക്കുന്നു. ഇവിടെ ദ്രാ[illegible] പാളി[illegible]ക്ക് ഒരു താരതമ്യ വേഗതയുണ്ടാകുന്നു. വസ്തുവിനു തൊട്ടടുത്ത പാളികൾ വസ്തുവിനൊപ്പം നീങ്ങുന്നു. അതിനടുത്ത പാളികൾക്ക് വേഗത കുറഞ്ഞു കുറഞ്ഞു വരുന്നു. ഈ ആപേക്ഷികാപ്രവേഗത്തിനെതിരെ ഘർഷണം പ്രവർത്തിക്കുന്നു. ദ്രാവകത്തിലോ വാതകത്തിലോ നീങ്ങുമ്പോൾ ഘർഷണം കുറയ്ക്കാൻ വസ്തുവിന് ഒരു പ്രത്യേക ആകൃതി വേണം. മഴത്തുള്ളികൾ വീഴുമ്പോൾ അവ സ്വയം ഇതു സ്വീകരിക്കുന്നു. അടിവശം കൂർത്തുരുണ്ടും മുകൾവശം പരന്നുരുണ്ടും കോഴിമുട്ടയുടെ ആകൃതി.

ക്രിക്കറ്റ്, ഫുട്ബോൾ, ടെന്നീസ് എന്നുവേണ്ട നാടൻ പന്തുകളി, വടംവലി, ഓട്ടം, ചാട്ടം ഇവയെല്ലാം ശരീരത്തിന്റെ ഒരു ഭാഗം ഉറപ്പിച്ചുകൊണ്ട് ഇതരഭാഗങ്ങൾക്കു ചലനം കൊടുക്കുന്ന ഏർപ്പാടാണ്. എല്ലാ അഭ്യാസങ്ങൾക്കും ഉറച്ച തറയിൽ നിന്നു കിട്ടുന്ന ഘർഷണബലമാണ് ആധാരം. ഗുസ്തിക്കാർ പിടിമുറുകാതിരിക്കാൻ രോമം വടിച്ച് എണ്ണ പുരട്ടും. പിന്നെ പിടിമുറുക്കണമെങ്കിൽ മണൽ ചേർത്തു പിടിക്കണം.

ഘർഷണമൊരു ശല്യമാണ്, ഒപ്പം ഒരനുഗ്രഹവും. നിയന്ത്രിച്ച് വേണ്ടിടത്തു മാത്രം ആവശ്യത്തിനു പ്രയോഗിക്കാൻ പഠിച്ചാൽ എല്ലാം ശുഭം.

# വളർച്ചയുടെ വഴികാട്ടികൾ

ഡോ. പി. എം. ചാക്കോ

"കിരൺ.....എടാ കിരൺ. അവിടെന്താ ഒരു ബഹളം?"

"അതേയ്, ഈ കുഞ്ഞുവാവ എന്റെ ക്രയോൺ പെൻസിലൊക്കെയെടുത്ത് ഇവിടെ കുത്തിവരയ്ക്കയാണ്."

"എവിടെയാ കുത്തിവരയ്ക്കുന്നേ?"

"ന്യൂസ് പേപ്പറിലാ."

"ഓ, അതു സാരമില്ല."

"അയ്യോ, ഡാഡി അങ്ങനെ പറയല്ലേ. എന്റെ ക്രയോൺസൊക്കെ ഇപ്പോ തീരും."

"നീ പേടിക്കേണ്ട. ക്രയോൺസ് ഞാൻ വാങ്ങിത്തരാം."

"കുറേ വാങ്ങിത്തരുമോ?"

"ആട്ടെ, കുറേ വാങ്ങിത്തരാം."



കുഞ്ഞുങ്ങളുടെ മാനസികവളർച്ചയിൽ ഏറ്റവും പ്രധാന ഘട്ടം ആദ്യത്തെ ആറു വർഷമാണ്. അതിൽത്തന്നെ ആദ്യത്തെ മൂന്നുവർഷം അതിപ്രധാനവും. ഈ കാലയളവിൽ കുഞ്ഞുങ്ങൾക്കു കിട്ടുന്ന മുതിർന്നവരുടെ പ്രതികരണങ്ങൾ എക്കാലവും അവരെ സ്വാധീനിച്ചുകൊണ്ടിരിക്കും; അറിഞ്ഞും അറിയാതെയും അറിവിനുവേണ്ടിയുള്ള ദാഹവും അന്വേഷണപരതയും ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ഈ ഘട്ടത്തിൽ മാതാപിതാക്കളും മറ്റുള്ളവരും ഏതു രീതിയിൽ പ്രതികരിക്കണം, അഥവ പ്രതികരിക്കരുത് എന്നറിഞ്ഞിരിക്കുക അത്യാവശ്യമാണ്. ഇക്കാര്യത്തിൽ മാതാപിതാക്കൾക്കുണ്ടാകുന്ന ചിന്താക്കുഴപ്പങ്ങളും സംശയങ്ങളും പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്.

കുഞ്ഞുങ്ങളുടെ മനസ്സുകൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്നതിനെക്കുറിച്ച് വർഷങ്ങളായി നടക്കുന്ന ഗവേഷണങ്ങൾ കണ്ടെത്തിയിട്ടുള്ള അറിവിന്റെ മേഖലകൾ വളരെ വലുതാണ്. കാര്യങ്ങൾ മനസ്സിലാക്കാനും അവയെ മറ്റു കാര്യങ്ങളുമായി ബന്ധപ്പെടുത്താനും സൂക്ഷ്മമായും കൃത്യമായും പ്രതികരിക്കാനും കുഞ്ഞുങ്ങൾ നേടുന്ന കഴിവും നാമൊക്കെ കരുതുന്നതിനേക്കാൾ ഏറെ കൂടുതലാണ്. ഈ മേഖലയിൽ മുതിർന്നവരുടെ പ്രതികരണങ്ങളും പ്രോത്സാഹനവും അനുസരിച്ച് സദ്ഫലങ്ങൾ ഏറെയുണ്ടാവും. പിൽക്കാലജീവിതത്തിൽ അനുവർത്തിക്കാൻ പോകുന്ന വിശ്വാസങ്ങളും ബോധ്യങ്ങളും ജീവിതമൂല്യങ്ങൾ തന്നെയും കുഞ്ഞുങ്ങൾ കണ്ടെത്തി കൈവശമാക്കുന്നത് ഇളംപ്രായത്തിലാണ്. ഭാഷാപരമായ കഴിവുകൾ ഏറെ നേടുന്ന ആദ്യത്തെ വർഷങ്ങളിൽ ദിവസേനയെന്നോണം ഡസൻ കണക്കിനു വാക്കുകൾ ചില കുഞ്ഞുങ്ങൾ സ്വായത്തമാക്കാറുണ്ട്, വസ്തുക്കളെക്കുറിച്ചു ചോദിച്ചറിഞ്ഞ്, ഓരോരോ സാധനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച്, കാര്യങ്ങൾ മനസ്സിലാക്കുമ്പോൾ അവർ നേടുന്നത് അറിവു മാത്രമല്ല, ആത്മവിശ്വാസം കൂടെയാണ്. അവരിൽ താത്പര്യമുള്ള വ്യക്തികളും, അവരുടെ കളിപ്പാട്ടങ്ങളും അവർക്കും ചുറ്റുമുള്ള സർവസാമഗ്രികളും, അവർക്ക് അറിവിന്റെ ഉറവിടങ്ങളാണ്. കളികളിലൂടെ അവർ നേടുന്ന വിദ്യാഭ്യാസം നമ്മുടെ ഭാവനയ്ക്കു പോലും അതീതമാണ്. സർഗാത്മകത കുഞ്ഞുങ്ങളിൽ ഇതൾ വിരിയുന്നത് അവരുടെ കളികൾ നിരീക്ഷിച്ചാൽ മനസ്സിലാകും. ഇതൊക്കെ സാധ്യമാകണമെങ്കിൽ അനുയോജ്യമായ പ്രതികരണങ്ങൾ മുതിർന്നവരിൽനിന്നുമുണ്ടാകണം.

ഇതെല്ലാം മനസ്സിലാക്കിയിട്ടാണ് വൻപട്ടണങ്ങളിൽ മുട്ടേലിഴയുന്ന കുഞ്ഞുങ്ങൾക്കുപോലും കളിക്കാൻ കേന്ദ്രങ്ങൾ തുറന്നിട്ടുള്ളത്. മാതാപിതാക്കളും കുഞ്ഞുങ്ങളും ഒരുമിച്ചാണ് ഈ കളിപ്പള്ളിക്കൂടങ്ങളിൽ പോകുന്നത്. ആറു മുതൽ പത്തു മാസം വരെ പ്രായമുള്ളവർക്കും അവരുടെ മാതാപിതാക്കൾക്കും ഒരു ക്ലാസ്സ്-കളിക്ലാസ്സ്. പത്തുമുതൽ പതിനാറുമാസംവരെയുള്ളവർക്ക് മറ്റൊരു കളിക്ലാസ്സ്. പതിനാറു മുതൽ ഇരുപത്തിനാലുമാസം വരെയുള്ളവർക്ക് വേറെ ക്ലാസ്സ്. കളികളും നേരമ്പോക്കുകളും നിറഞ്ഞ ഈ പരിപാടികൾ വളരെ ശാസ്ത്രീയമായി തയാറാക്കിയിട്ടുള്ളതും കുഞ്ഞുങ്ങളെ സ്വന്തം കാലിൽ നിൽക്കാൻ പരിശീലിപ്പിക്കുന്നതിനും സ്വന്തം കഴിവുകൾ കണ്ടെത്തുന്നതിനും സഹായകമാണ്. എട്ടോ പത്തോ കുഞ്ഞുങ്ങളും അവരുടെ മാതാപിതാക്കളും മാത്രമടങ്ങുന്ന ഈ പരിപാടികൾ കുഞ്ഞുങ്ങൾക്കു നൽകുന്ന സാമൂഹ്യമായ പെരുമാറ്റരീതികൾ അവരുടെ പിൽക്കാലജീവിതത്തിന് കരുത്തുറ്റ അടിത്തറയാണ്. സമ്മർദ്ദരഹിതമായ അന്തരീക്ഷവും സുരക്ഷിതബോധവും കൊണ്ട് ഈ അനുഭവങ്ങൾ കുഞ്ഞുങ്ങൾക്ക് ഹൃദ്യമാണ്. ആഴ്ചയിൽ ഏതെങ്കിലും ഒരു ദിവസം മാത്രമാണ് ഈ കേന്ദ്രങ്ങളിൽ കുഞ്ഞുങ്ങളും മാതാപിതാക്കളും വരേണ്ടത്. ആടിയും പാടിയും കളിപ്പാട്ടങ്ങളും ക്രയോൺസ് പെയിന്റും ഉപയോഗിച്ച് കുഞ്ഞുങ്ങൾ നേടുന്ന വിദ്യാഭ്യാസത്തിൽ കൂട്ടാളികളാകേണ്ടത് മാതാപിതാക്കളാണ്. കായിക വിനോദങ്ങൾ മുഖേന കുഞ്ഞുങ്ങളുടെ കൈകാലുകൾക്കു ലഭിക്കുന്ന വ്യായാമവും കരുത്തും മറ്റൊരു മാർഗത്തിലൂടെയും ലഭിക്കുകയില്ല. ഇതിനൊന്നും സമയമില്ലാത്ത മാതാപിതാക്കൾ ആയമാരെക്കൊണ്ടു കാര്യം സാധിക്കുന്നതു ശരിയല്ല. മത്സരത്തിന്റെ ദുർഗന്ധമേശാത്ത കളികളും വിനോദങ്ങളും കൊണ്ട് കുഞ്ഞുങ്ങളുടെ ശൈശവം സന്തോഷനിർഭരമാക്കുന്ന, അറിവിന്റെ മുത്തുകൾ അവർക്കായി എന്നും നേടിക്കൊടുക്കുന്ന, അവരെ മാനസികമായും ശാരീരികമായും വളരാൻ പ്രോത്സാഹിപ്പിക്കുന്ന മാതാപിതാക്കൾ അനുഗൃഹീതർ. മക്കൾ അവരെ വളർച്ചയുടെ വഴികാട്ടികളായി കണക്കാക്കി നന്ദിപൂർവം സ്മരിക്കും, തീർച്ച.

*(കടപ്പാട് : സത്യദീപം)*

## DELIVER US SOME E-MAIL !

A mother was teaching her three year old, the Lord's Prayer. For several evenings at bedtime, the child repeated it after the mother. Then one night the child was ready to solo. The mother listened with pride to the carefully enunciated words right to the end - "And lead us not into temptation, but deliver us some e-mail."

# ശക്തനാകുവാൻ

ഫാദർജി

> യാഥാർത്ഥ്യത്തെ അംഗീകരിച്ചു കൊണ്ടുള്ള അനുകൂല മനോഭാവമാണു സ്വീകരിക്കുന്നതെങ്കിൽ ആത്മസംഘർഷം കുറയും, പിടിച്ചുനിൽക്കുവാനുള്ള മനഃശക്തി വർദ്ധിക്കും

രണ്ടാം ലോക മഹായുദ്ധകാലത്ത് ലോകപ്രസിദ്ധ സൈക്യാട്രിസ്റ്റ് ഓസ്ട്രിയയിലെ വിക്ടർ ഫ്രാങ്ക്ളിൻ നാസി കോൺസൻട്രേഷൻ ക്യാമ്പിൽ അടയ്ക്കപ്പെട്ടു. മാന്യനായ ആ ഡോക്ടർ അവിടെ കൂലിപ്പണി ചെയ്തു. മാതാപിതാക്കളും സഹോദരനും ഭാര്യയും ക്യാമ്പിൽവച്ചു കൊലചെയ്യപ്പെടുന്നതു കാണേണ്ടിവന്നു. ഒരു ജീവിതകാലം മുഴുവൻ വായിച്ചും ചിന്തിച്ചും പഠിച്ചുമെഴുതിയ വിലപ്പെട്ട നോട്ടുകളെല്ലാം നശിപ്പിക്കപ്പെട്ടു. പക്ഷേ അദ്ദേഹം തളർന്നില്ല. ഒടുവിൽ ഭാഗ്യം കൊണ്ട് രക്ഷപ്പെട്ടു.

മനുഷ്യനിൽനിന്ന് ഒന്നൊഴിച്ച് എല്ലാം കവർന്നെടുക്കുവാൻ കഴിയുമെന്നാണദ്ദേഹം പറയുന്നത്.

"എന്താണത്?"

ഓരോ ജീവിത സാഹചര്യത്തോടുമുള്ള മനോഭാവം എന്തായിരിക്കണമെന്നു തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം. അതുമാത്രം പിടിച്ചുപറിക്കാനോ അടിച്ചേൽപ്പിക്കാനോ ആർക്കും സാധിക്കയില്ല.

ഈ ഫിലോസഫിക്ക് ഊന്നൽ കൊടുത്താണ് 'ലോഗോതെറാപ്പി' എന്ന തന്റെ പ്രസിദ്ധ മനഃശാസ്ത്ര ചികിത്സാപദ്ധതി പിന്നീട് വിക്ടർ ചിട്ടപ്പെടുത്തിയത്.

രോഗം, വേദന, ദാരിദ്ര്യം, വേർപാട്, പരാജയം, ഒറ്റപ്പെടൽ, വാർദ്ധക്യം തുടങ്ങിയ ജീവിതപ്രതിസന്ധികളിൽ നിന്നൊഴിഞ്ഞുമാറാൻ ആർക്കും കഴിയില്ല. പക്ഷേ അവയോടുള്ള മനോഭാവമെന്തായിരിക്കണമെന്നു തീരുമാനിക്കുവാൻ നമുക്കു കഴിയും. യാഥാർത്ഥ്യത്തെ അംഗീകരിച്ചുകൊണ്ടുള്ള അനുകൂല മനോഭാവമാണു സ്വീകരിക്കുന്നതെങ്കിൽ ആത്മസംഘർഷം കുറയും, പിടിച്ചുനിൽക്കുവാനുള്ള മനഃശക്തി വർദ്ധിക്കും. നിഷേധമനോഭാവമാണെങ്കിൽ നിരാശയും ടെൻഷനും വിഷാദവുമായിരിക്കും ഫലം.

ഫിലിപ്യ ലേഖനത്തിൽ സെയ്ന്റ് പോൾ ഇതു വ്യക്തമാക്കുന്നുണ്ട്. 'ഉള്ള അവസ്ഥയിൽ സംതൃപ്തിയോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്മയിലിരിപ്പാനും സമൃദ്ധിയിലിരിപ്പാനും എനിക്കറിയാം. തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനുമെല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു.' ജീവിതത്തോട് എപ്പോഴുമൊരു പോസിറ്റീവ് മനോഭാവം സ്വീകരിക്കുവാൻ സെയ്ന്റ് പോളിനെ പ്രാപ്തനാക്കിയത് സർവേശ്വരന്റെ ശക്തിയായിരുന്നു.

ജീവിതം പ്രശ്നമില്ലാതെ നീങ്ങുമ്പോൾ നമ്മളൊക്കെ ശുഭാപ്തിവിശ്വാസക്കാരാണ്. പക്ഷേ, ചെറിയൊരു പ്രതിസന്ധി മതി പലരും തകർന്നു തരിപ്പണമാകാൻ. സാമ്പത്തിക ബുദ്ധിമുട്ട്, രോഗം, പ്രിയപ്പെട്ടവരുടെ വേർപാട്, ശത്രുത, തോൽവി തുടങ്ങിയ ആഘാതങ്ങളേൽക്കുമ്പോൾ പലരുടേയും മനസ്സിടറും, വിശ്വാസം തണുക്കും; പ്രത്യാശ മങ്ങും, വിരക്തി തോന്നും. മരിച്ചാൽ മതിയെന്നും മദ്യം കഴിക്കാതെ വയ്യെന്നുമാകും. ഉള്ള അവസ്ഥയിൽ ജീവിക്കുവാൻ കഴിയാത്തവരാണിവർ. ശക്തനാക്കുന്നവനിൽനിന്ന് ശക്തി നേടാൻ കഴിയാത്തവർ.

എപ്പോഴും സൗമ്യമായി സംസാരിക്കുന്ന ഭാര്യ, ഒന്നു മുഖം കറുപ്പിച്ചുപോയാൽ കാന്തന്റെ സകല പ്രതീക്ഷകളും തകരും. ഭർത്താവൊന്നു സംശയിച്ചുപോയാൽ ഇനി എന്തിനു ജീവിക്കണമെന്നായി ഭാര്യ. സൽബുദ്ധി വരട്ടെയെന്നു കരുതി മക്കളെ ഉപദേശിച്ചാൽ വീട്ടിൽനിന്ന് സ്നേഹം കിട്ടുന്നില്ലെന്നു പരാതിയായി. ഇക്കൂട്ടർക്ക് റോസാപ്പൂ ഇഷ്ടമാണ്. അതിനടിയിലെ മുള്ളും ഇലകളും വെറുപ്പാണ്. അതിനടിയിലെ മണ്ണും ചെളിയും ഒട്ടുമേ ഇഷ്ടമല്ല! ഉള്ള അവസ്ഥയിൽ ജീവിക്കാനറിയാത്ത തൊട്ടാവാടികൾ. ശക്തനാക്കുന്നവനിൽ നിന്ന് ശക്തി നേടാൻ കഴിയാത്ത വേരില്ലാത്തവർ.

കടം വാങ്ങിയും ഊഹക്കച്ചവടം നടത്തിയും സൗഭാഗ്യത്തിന്റെ കൊടുമുടിയിൽ ചാടിക്കയറിയവർ പെട്ടെന്ന് കൈവിട്ടു താഴെപ്പോകുമ്പോൾ സകുടുംബം ആത്മഹത്യയ്ക്കൊരുങ്ങുന്നത് ഉള്ളയവസ്ഥയിൽ സംതൃപ്തിയോടിരിപ്പാൻ കഴിയാത്തതുകൊണ്ടാണ്. സ്വന്തം കഴിവിൽ മാത്രം ആശ്രയിക്കുന്ന, ദൈവശക്തിയനുഭവിക്കാത്ത, കാറ്റടിച്ചു പാറ്റുന്ന പതിർപോലുള്ളവർ. *എന്തും എപ്പോഴും സംഭവിക്കാവുന്ന, മിനിമം ഗാരന്റി പോലുമില്ലാത്തതാണു ജീവിതം. അതിൽ ഉയർച്ച താഴ്ചകൾ വന്നുകൊണ്ടേയിരിക്കും. ആയിരിക്കുന്ന അവസ്ഥയിൽ സംതൃപ്തിയോടും പ്രത്യാശയോടും കാലുറപ്പിച്ചുനിൽക്കുന്നവർക്കുമാത്രമേ സമാധാനത്തോടെ ജീവിക്കുവാൻ കഴിയൂ.* അതിന് ശക്തനാക്കുന്നവന്റെ ശക്തി വേണം.

## കണ്ടാൽ പോരാ, അറിയണം

"38 വർഷമായി രോഗിയായിരുന്ന ഒരുവൻ അവിടെയുണ്ടായിരുന്നു. അവൻ അവിടെ കിടക്കുന്നത് യേശു കണ്ടു. അവൻ വളരെ നാളായി കിടപ്പിലാണെന്നറിഞ്ഞ് യേശു ചോദിച്ചു......" (യോഹ. 5:5-6). സഹായമർഹിക്കുന്നവർ അനേകം പേരുള്ളപ്പോഴും ഒരാളോടു മാത്രം അവിടുന്ന് സംസാരിക്കുന്നതിനു കാരണമുണ്ട്. ആ കാരണമാണ് നമ്മുടെ ചിന്താവിഷയം. അവൻ വളരെ നാളായി കിടപ്പിലാണെന്ന് അവിടുന്നറിഞ്ഞു. ഈ അറിവാണ് നമുക്കില്ലാതെ പോകുന്നത്. അവൻ കിടപ്പിലാണെന്ന് നമുക്കറിയാം. പക്ഷേ ഏറെ നാളായെന്നറിഞ്ഞുകൂടാ. അറിയാൻ എന്താ വഴി? ആരായാണം. അനേകർ അവനെ കണ്ടു. അവർക്കൊപ്പം യേശുവും അവനെ കണ്ടു. ജനങ്ങൾ അവനെ കണ്ടെങ്കിലും അറിഞ്ഞില്ല. യേശു അറിഞ്ഞു. കണ്ടതിനെക്കുറിച്ച്, കണ്ടവനെക്കുറിച്ച് ആരാഞ്ഞപ്പോൾ അറിഞ്ഞത് ഭയങ്കര യാഥാർത്ഥ്യമാണ്. 38 വർഷമായി പോലും ആ കിടപ്പ്. ആരാഞ്ഞില്ലായിരുന്നെങ്കിൽ അറിയില്ലായിരുന്നു ആ സത്യം.

ആരാഞ്ഞു ചെല്ലാനും അടുത്തുചെന്ന് അന്വേഷിക്കാനും പ്രേരിപ്പിക്കുന്ന മതമാണു നമ്മുടേത്. നൂറ് ആടുകളുള്ള പറ്റത്തെ കാണുക മാത്രം ചെയ്താൽ പ്രശ്നമില്ല, എണ്ണിയാലാണു പ്രശ്നം. കുറവു കണ്ടേക്കാം.

*അയൽക്കാരന്റെ വലിയ വീടു കണ്ടാൽ മാത്രം മതിയോ? അതിനുള്ളിലെ നെടുവീർപ്പുകളും വല്ലായ്മകളും നാം അറിയണം.* സമൂഹത്തിനൊപ്പം ഇരിക്കുകയും നടക്കുകയും പാടുകയും ആടുകയും ചെയ്യുമ്പോഴും വേദന കടിച്ചമർത്തുന്ന ദുഃഖകഥാപാത്രങ്ങളുണ്ട്. അവരെ തിരിച്ചറിയുന്നിടത്താണ് ക്രിസ്തീയ സ്നേഹം ശ്രദ്ധേയമാകുന്നത്. വിശക്കുന്നവനും ദാഹിക്കുന്നവനും നഗ്നനും പരദേശിയുമായി ഞാൻ വന്നത് നിങ്ങൾ കണ്ടില്ലെന്നതല്ല ദൈവത്തിന്റെ പരിഭവം. അതു ഞാനായിരുന്നുവെന്നു നിങ്ങൾ അറിഞ്ഞില്ലെന്നതാണ്. കണ്ടാൽ പോരാ, അറിയണം.

*കടപ്പാട് : 'കതിരൊളി'*

# വരന്റെ മാർക്കറ്റു നിരക്ക്





ഡോ. ഡി. ബഞ്ചമിൻ

രണ്ടരക്കിലോ സ്വർണം, ഒരു ലാൻസർ കാർ, 20 ലക്ഷം രൂപ, നഗരത്തിലൊരു വീട്, ഇതാണത്രെ ഒരു എം.ബി.ബി.എസുകാരന്റെ മാർക്കറ്റ് നിരക്ക്. ഇത്രയുമുണ്ടെങ്കിൽ നല്ല വിദ്യാഭ്യാസമുള്ള ഒരു പെൺകുട്ടിയുടെ അച്ഛൻ അവനെ വരനായി വിലയ്ക്കു വാങ്ങുമെന്നു സാരം. ഇതെന്റെ കണ്ടെത്തലല്ല, നഗരത്തിൽ വൻതോതിൽ വിവാഹങ്ങൾ നടത്തിക്കൊടുക്കുന്ന ഒരു ദല്ലാൾകമ്പനിയുടെ മാനേജർ പറഞ്ഞതാണ്.

ഞാൻ വെറുതെയൊരു ചോദ്യമെടുത്തിട്ടു. "പെൺകുട്ടി എം.ബി.ബി.എസാണെങ്കിലോ?"

"അതുകൊണ്ട് റേറ്റൊന്നും കുറയില്ല സാറേ."

ഇതാണ് നമ്മുടെ നാട്ടിലെ അവസ്ഥ! ലിംഗസമത്വത്തെയും സ്ത്രീവാദത്തെയും കുറിച്ച് ചെകിടടപ്പിക്കുന്ന വർത്തമാനമാണ് നമ്മുടെ സാംസ്കാരികാന്തരീക്ഷത്തിലാകെ! ഏറ്റവും സാക്ഷരതയുള്ള നാടായ കേരളത്തിൽ വിവാഹം വരനെ സംബന്ധിച്ച് ഒരു ലാഭക്കച്ചവടം മാത്രമാണ്! അതിലൂടെ അടിമപ്പെടുന്നത് സ്വന്തം മാനുഷികമായ അന്തസ്സും അസ്തിത്വവുമാണെന്ന സത്യം തിരിച്ചറിയാൻ പുരുഷനോ, തന്റെ പിതാവ് വിലയ്ക്കു വാങ്ങിയ ചെറുക്കൻ ഇഷ്ടപ്പെടുന്നത് തന്നെയല്ലെന്നു തിരിച്ചറിയാൻ സ്ത്രീയ്ക്കോ, കഴിയുന്നില്ല.

എന്നാൽ വിദ്യാഭ്യാസം വളരെയൊന്നുമില്ലാത്ത, നമ്മുടെ ദൃഷ്ടിയിൽ പരിഷ്കാരം പോരാത്ത തമിഴ്നാട്ടിലും, ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിലുമൊക്കെ ഈ കച്ചവടത്തോടുള്ള തീക്ഷ്ണമായ പ്രതികരണം കണ്ടുതുടങ്ങിയിരിക്കുന്നു. വിവാഹത്തലേന്നും, മുഹൂർത്തത്തിനു തൊട്ടു മുൻപുമൊക്കെ സ്ത്രീധനത്തുക കൂട്ടണമെന്നാവശ്യപ്പെട്ട വരനെയും കുടുംബത്തെയും ജയിൽ കയറ്റാനും, ഒരിക്കലും തൃപ്തിവരാത്ത മാമ്മോന്റെ സന്തതിയ്ക്കൊപ്പമൊരു വിവാഹജീവിതം വേണ്ടെന്നു വയ്ക്കാനുമൊക്കെയുള്ള ധീരത സ്ത്രീകൾ കാട്ടിത്തുടങ്ങിയിരിക്കുന്നു. ഇന്ത്യയുടെ ചില കോണുകളിൽ ഇങ്ങനെ ചില ചലനങ്ങളുണ്ടാകുന്നുവെന്നത് തീർച്ചയായും ശുഭസൂചകമാണ്. ഇക്കൂട്ടത്തിൽ ഒന്നു കൂടി സൂചിപ്പിക്കേണ്ടതുണ്ട്. രണ്ടരക്കിലോ സ്വർണത്തിന്റെ വിചിത്രഭാരവും പേറി വിവാഹവേദിയിൽ കൂനിനിൽക്കുന്ന വധു 'പുര നിറഞ്ഞു നിൽക്കുന്ന' പെൺമക്കളുള്ള മാതാപിതാക്കൾക്ക് അങ്കലാപ്പുണ്ടാക്കുന്ന ദൃശ്യമാണ്. അതു നൽകുന്ന സന്ദേശം അത്രമാത്രം ഭീഷണി നിറഞ്ഞതാണ്.

അടുത്ത കാലത്ത് ചില വിവാഹച്ചടങ്ങുകളിൽ പങ്കെടുത്തപ്പോൾ ഇതുവരെയില്ലാത്ത പുതിയ ആചാരങ്ങൾ-എല്ലാം വധുവിന്റെ വീട്ടുകാർ വരന്റെ കുടുംബാംഗങ്ങൾക്ക് പരസ്യമായി സ്വർണം നൽകുന്നതാണ്-ശ്രദ്ധയിൽപ്പെട്ടു. മനുഷ്യന് വിദ്യാഭ്യാസവും സംസ്കാരവുമൊക്കെ വർദ്ധിക്കുന്തോറും ചടങ്ങുകളും ആഡംബരവും കുറയുകയല്ല, കൂടുകയാണ്! എത്ര അപഹാസ്യമാണിത്! തങ്ങളുടെ പണക്കൊഴുപ്പും പൊങ്ങച്ചവും കാട്ടി വിലസുന്നവർ പുതിയ പുതിയ അനാചാരങ്ങൾക്കു തുടക്കം കുറിക്കുകയാണെന്ന സത്യം വിസ്മരിച്ചു കളയുന്നു. ഇന്നത്തെ അനാചാരമാണ് നാളെയെല്ലാരും പിന്തുടരേണ്ട ആചാരമായിത്തീരുന്നത്. ആട്ടെ! നിങ്ങളുടെ മകൾക്ക് അഞ്ഞൂറു കിലോ സ്വർണം കൊടുക്കാനാണ് നിങ്ങൾക്കിഷ്ടം-ആയിക്കോളൂ! പക്ഷേ അത് പൊതുജനങ്ങളെ സാക്ഷിയാക്കിത്തന്നെ വേണോ? കേരളത്തിൽ സാമൂഹിക നവോത്ഥാനമുണ്ടാക്കാൻ ശ്രമിച്ചവർ ആദ്യം ചെറുത്തു തോൽപ്പിച്ചത് ഇത്തരം അനാചാരങ്ങളെയും പൊങ്ങച്ചങ്ങളെയുമായിരുന്നു. നമ്മുടെ സമൂഹത്തിൽ ഇതിനു നേതൃത്വം നൽകേണ്ടത് സുസംഘടിതമായ യുവജനസഖ്യമാണ്. പക്ഷേ അവരിതൊന്നുമറിയുന്നതേയില്ല!

*(കടപ്പാട് : ക്രൈസ്തവ ദീപിക)*

# ക്രിസോസ്റ്റം തിരുമേനിയോടൊപ്പം



### വൈദിക തിരഞ്ഞെടുപ്പ്

മാർത്തോമാ സഭയിലെ വൈദിക വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ച ചർച്ചയാണു പശ്ചാത്തലം. ഇന്റർവ്യൂയിന് എത്തിയ പതിമൂന്നു വിദ്യാർത്ഥികളിൽ പത്തുപേരെയും വൈദിക തിരഞ്ഞെടുപ്പു കമ്മിറ്റി അയോഗ്യരാക്കി.

തിരുമേനി: എങ്ങനെ പുറത്താക്കാമെന്നതിലല്ല കമ്മിറ്റിയുടെ മികവ്, പട്ടക്കാരാകാൻ എങ്ങനെ വിദ്യാർത്ഥികളെ സഹായിക്കാമെന്നതിലാണ്.

കമ്മിറ്റിയംഗം: സ്നാനമെന്ന വിഷയത്തിൽ വിദ്യാർത്ഥികളിൽ പലരുടെയും തിയോളജി ശരിയല്ല.

തിരുമേനി: അച്ചൻ രൂപപ്പെടുത്തിയ സ്നാനദൈവശാസ്ത്രമല്ല വിദ്യാർത്ഥിയുടേത്.

കമ്മറ്റിയംഗം: വേദപുസ്തകത്തിലെ പല വാക്യങ്ങളും വിദ്യാർത്ഥികൾക്കറിയില്ല.

തിരുമേനി: ഇലക്ട്രോണിക് ബൈബിൾ യുഗത്തിൽ വാക്യങ്ങൾ കാണാതെ പഠിക്കലല്ല പ്രധാനം. പ്രത്യുത, ആവശ്യമായ വാക്യങ്ങൾ ലഭ്യമായ സങ്കേതങ്ങളിൽനിന്ന് സന്ദർഭത്തിനനുയോജ്യമായി തിരഞ്ഞെടുക്കാൻ സാധിച്ചാൽ മതി. വിദ്യാർത്ഥികൾ അച്ചനോടൊരു റഫറൻസ് ചോദിച്ചാൽ അച്ചനും വാക്യം പറയില്ലല്ലോ? ഞാനിത്രയും പറഞ്ഞെങ്കിലും തിരഞ്ഞെടുപ്പുകമ്മിറ്റിയുടെ സ്വാതന്ത്ര്യത്തിൽ ഇടപെടുന്നില്ല.

### കൺവൻഷൻ

കമ്മിറ്റിയംഗം: ഈ വർഷവും നമ്മുടെ കൺവൻഷൻ അനുഗ്രഹമായിരുന്നു.

തിരുമേനി: കഴിഞ്ഞ വർഷത്തേക്കാൾ നമുക്കെന്തു മാറ്റമുണ്ടായി?

*റവ. മാത്യു വർഗീസ്*

# “വിശുദ്ധരെ ആവശ്യമുണ്ട്”

“കുലീനവും സാമ്പത്തികശേഷിയില്ലാത്തതും ധാരാളം ഇടവക ജനങ്ങളുള്ളതുമായ ഇടവകദേവാലയത്തിലേക്ക് ഉദ്ദിഷ്ട കാര്യങ്ങൾ സാധിച്ചുകൊടുത്ത് ലക്ഷങ്ങൾ വാരിക്കൂട്ടാൻ പ്രാപ്തിയുള്ള വിശുദ്ധരെ ആവശ്യമുണ്ട്.”–എന്ന്, ഇടവകയ്ക്കുവേണ്ടി വികാരി. ഇങ്ങനെയൊരു പരസ്യം അനതിവിദൂരഭാവിയിൽ ഉണ്ടാവില്ലെന്ന് ആർക്കറിയാം? നൊവേനകൾ സംഘടിപ്പിക്കുന്നതിൽ ചില വൈദികർ കാണിക്കുന്ന വ്യഗ്രതയാണിതിനാധാരം. ആഴ്ചയിൽ നാലു നൊവേനകൾ. ഞായറാഴ്ച ഒഴിവാക്കിയാൽ പിന്നെയും രണ്ടു ദിവസം ബാക്കി. അതിലേക്ക് ആളെ തിരയുകയാണ് ചില പള്ളികൾ. വരുമാനം വർധിപ്പിക്കുന്നതിന്റെ സാമ്പത്തികശാസ്ത്രം പഠിച്ച വൈദികർ, പണം അന്യപള്ളികളിലേക്കു പോകാതെ സ്വന്തം പള്ളിയിലേക്കും സ്വന്തം പോക്കറ്റിലേക്കും വരുത്താൻ അതീവ ശ്രദ്ധ പുലർത്തുന്നു. പ്രത്യേക നിരക്കിൽത്തന്നെ നൊവേനയും ലദീഞ്ഞും ഒപ്പം വി. കുർബാനയും നടത്തിക്കൊടുക്കും. കുഞ്ഞാടുകളുടെ സ്വർഗപ്രാപ്തിക്ക് ഇതിൽപ്പരം സേവനം എവിടെ ലഭിക്കും? കണക്ക് ആരെയും ബോധ്യപ്പെടുത്തുകയും വേണ്ട. ചില കടമ്പകളുണ്ട്. പല വിശുദ്ധന്മാരും വർഷങ്ങൾക്കുമുമ്പേ ചില പള്ളികളിൽ കുത്തകക്കാരായി മാറി. അവിടെനിന്ന് ജനങ്ങളെ അടർത്തിയെടുക്കാൻ വളരെ പ്രയാസം. അവിടങ്ങളിലേക്ക് മാസത്തിൽ രണ്ടു ടൂർ വീതം സംഘടിപ്പിക്കുന്നുണ്ട്. തീർഥാടനമല്ല, ടൂർതന്നെ! പക്ഷേ, അതുപോര. അതുകൊണ്ടാണ് പുതിയ വിശുദ്ധരെ തേടുന്നതും അവരുടെ പൂർവകാല വീരചരിത്രങ്ങൾ പരിശോധിക്കുന്നതും.

യേശുവിന്റെ ക്രിസ്തുരാജത്വത്തിരുനാളിനോ, തിരുഹൃദയത്തിരുനാളിനോ ഒക്കെ എന്തു പ്രസക്തി? ലക്ഷങ്ങൾ ചെലവഴിച്ച് വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കുന്ന ദേശീയരും വിദേശീയരുമായ സമ്പന്നന്മാർ ധാരാളം. ആ ധാരാളിത്തത്തിൽ ഇടയന്മാരും പള്ളിപ്രമാണികളും ആനന്ദോന്മത്തരായി അവരെ അഭിനന്ദിക്കുന്നു. നടവരവിൽ ഇടയനു സംതൃപ്തി. ലക്ഷങ്ങൾ പൊടിച്ചവർ ധന്യരായി, പാപമോചിതരായി! വിശുദ്ധനു കീർത്തിയും!! ഒരു നേരത്തെ ആഹാരത്തിനു വകയില്ലാതെ, വേലയും കൂലിയുമില്ലാതെ, മക്കളുടെ വിദ്യാഭ്യാസത്തിനും നിത്യവൃത്തിക്കും ചികിത്സയ്ക്കും വഴികാണാതെ നരകിക്കുന്ന കുറെ ഇടവകജനങ്ങളെ ശ്രദ്ധിക്കുന്നതെന്തിന്? അവർക്കാണ് അൾത്താര പ്രസംഗത്തിലെ സ്വർഗരാജ്യം.

അടിവരയിട്ടു പറയട്ടെ, വിശുദ്ധരോട് യാതൊരു ബഹുമാനക്കുറവുമില്ല. അവരെ അങ്ങേയറ്റം ആദരിക്കുന്നു. അവർ ക്രിസ്തുവിന്റെ കാൽപ്പാടുകളെ പിന്തുടരുന്നവരാണ്. മഹത്തായ ജീവിതമാതൃക നമുക്കു നൽകിയവരാണ്. ആ മാതൃക പഠിക്കുകയും സ്വായത്തമാക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയുമല്ലേ വേണ്ടത്? അവർപോലും ചിന്തിക്കാത്ത വെടിക്കെട്ടും റാലികളും നടത്തി അവരുടെ സൽപ്പേരിനു കളങ്കം വരുത്തരുതേ. അവരെ 'അസാധ്യകാര്യങ്ങൾ' നേടിത്തരുന്ന വെറും ഉപകരണങ്ങളാക്കി ലക്ഷങ്ങൾ വാരിക്കൂട്ടി ആ പണം ധൂർത്തടിക്കുന്നതാര്? വിശുദ്ധന്മാരെ അവഹേളനാപാത്രങ്ങളാക്കുന്ന ആഡംബരങ്ങൾ ഒഴിവാക്കി ആ പണം സൽക്കർമങ്ങൾക്കു ചെലവഴിക്കണം. അതാണ് വിശുദ്ധരും ആഗ്രഹിക്കുന്നത്. ***സർവശക്തനായ പിതാവിനേക്കാൾ ശക്തരായി വിശുദ്ധരെ അവതരിപ്പിക്കുന്നത് ക്രിസ്തുവിനും ജനത്തിനും വേണ്ടി ജീവിതം ഹോമിച്ച ആ പുണ്യാത്മാക്കളോടു കാട്ടുന്ന മഹാപാതകവും അവഹേളനവുമായിരിക്കും.*** ലക്ഷങ്ങൾ പൊടിപൊടിച്ച് തിരുനാളുകൾ നടത്തുന്ന സഹോദരങ്ങളേ, ആർഭാടങ്ങൾ കുറച്ചു ലളിതമാക്കി, ഒരു കുടുംബത്തിന്റെ ജീവിതമാർഗത്തിനോ ദരിദ്രരായ വിദ്യാർത്ഥികളുടെ പഠനത്തിനോ മാറാ രോഗങ്ങൾക്കടിമപ്പെട്ടവരുടെ ചികിത്സയ്ക്കോ പ്രയോജനപ്പെടുത്തിയാൽ അവർ നിങ്ങളെ എന്നും നന്ദിയോടെ സ്മരിക്കും. തിന്നുകുടിച്ച് ഉന്മത്തരായ ഇടയന്മാരും പള്ളിപ്രമാണികളും ആവശ്യം കഴിയുമ്പോൾ പരമപുച്ഛത്തോടെ നിങ്ങളെ പുറന്തള്ളും; പുതിയ പുതിയ മേച്ചിൽപ്പുറങ്ങൾ തേടും; തീർച്ച!

സംഭാവനകളും മറ്റും വാരിക്കോരിക്കൊടുക്കുന്നവർ, പ്രത്യേകിച്ച് വിദേശീയർ, തങ്ങളുടെ സമ്പാദ്യത്തിൽനിന്നു കൊടുക്കുന്ന പണം, എവിടെ, ആര്, എങ്ങനെ


## RESTRAINT IS... (Cont'd from Page 5)

up” (1 Corinthians 8:1). Love does so by limiting the claims and clamors of the self in order to create the space for others to grow. Restraint of this kind is inseparable from a caring and compassionate attitude. Where love is absent, or the place of love is usurped by the mindset of power, people of means and muscles treat others with sheer unconern. They deceive themselves into believing that the right to such unrestrained conduct is a proof of their freedom. In a spiritual sense, though, it is an advertisement of their unfreedom.

The pro-active restraint that we are required to exercise in our dealings with others is the secret of the vitality and positivity of our personality. Those who lack restraint of this kind tend to be personifications of negativity. Resorting to violence as a strategy for solving problems or for self-assertion is a public indication that the individual or group concerned has abandoned the spirituality of restraint. Ahimsa, for instance, is not merely the reluctance to kill; it calls for, even more, a profound respect for the sanctity and inviolability of life. In respect of our fellow human beings, it is no merit that we do not kill. The spiritual mandate is to do all we can to facilitate their optimum development and empowerment.

It is unwise to romanticize restraint. Restraint does not come naturally to human beings. Those of us who have grappled with the protean genius of the self know how difficult it is to master its impulses and instinct so as to be able to practise restraint consistently. It is neither easy nor feasible for the self to master the self. We need to be helped in this epic with spiritual battle by a force higher than ourselves. And the only force we know to be capable of this is God. In the words of Tagore, to be in communion with God is to “surrender our will to His will in love”. Out of this self-surrender results a state in which the will of the individual is purified and made harmonious with the rest of creation. Spiritually valid restraint results from the respect we have for the harmony and holiness of creation. It is only when we emerge from the cave to use an image from Plato, of our limited understanding and unlimited illusions, by becoming one with God that proactive restraint becomes natural to us. Restraint is not, in other words, natural to the natural man. It is natural only to a spiritual person. ***And the capacity for proactive restraint, rather than certain external religious paraphernalia, must be deemed the authentic insignia of spiritual personality.***

**If we develop into a society with more awareness and determination for better environmental care, we can offer our progeny a more healthy living.**



# FOR A HEALTHIER TOMORROW

PROF. GEORGE JACOB

God created the earth with enough resources to meet the needs of all creatures, but not for the greed of any. Man is said to be the crown of all creation. But unfortunately he is the only creature who developed negative qualities, the most dangerous among them being greed. The greed of man is causing so many atrocities in his personal, social and cultural life and disastrous changes to the environment he is living. It is high time that we thought of our activities which are tampering the harmony of our environment. Every luxury we acquire is at the cost of our precious environment and our future generation. We don't have any right to grab the resources which belong to others.

One of the most glaring problems the world faces today is the environmental pollution and there is an immediate need to make people aware about environmental degradation, pollution, ecological imbalance and its after effects. It was wise and timely on the part of the CSI Madhya Kerala Diocese to have declared and dedicated the year 2003 as 'Green Parish Year'. It is urgent that all the churches take necessary steps to project the need for environmental awareness and protection. This is an important but least highlighted area in christian stewardship, as far as the churches and other christian organi-sations are concerned. If we develop into a society with more awareness and determination for better environmental care, we can offer our progeny a more healthy living.

Now the awareness programmes are organised only at school and college levels and that too, not in an organised manner. We must think of a wider coverage and systematic approach. The message 'save our planet' should be effectively given to the masses. This can be done even through adult education and non formal Education programmes. The strategy for this should be (a) detailed and practical user-oriented information and (b) general information covering wide range of enviromental issues. While providing detailed information, it is important to identify the specific character of the learner. Learners of various categories should be dealt with differently. At the same time, care should be taken that the information is relevant, factual, concise and intelligible. It is necessary that the people be sensitised to the problem of environmental hazards.

While planning for environmental literacy programmes, we must include necessary steps for awareness building, knowledge building, attitude building for environmental protection, evaluation of environmental measures, skill and capacity building and resolution. Locally relevant subjects may form the subject content for educating people to become environmentally literate. Management of used plastic carry-bags, preventing the pollution of wells, ponds and rivers by bathing animals or dumping of garbage, sand mining from river beds, unplanned clearing of hills and filling of fields, necessity of soak pits in every house, removal of carcass before decomposing, various sources of noise pollution, use of solar energy for lighting and cooking, avoiding the excessive use of fertilizers, water conservation techniques, afforestation, bio-gas plants, environmental issues linked with health care, waste recycling, disaster management etc. and other relevant topics may be used. Environmental training should be multi-disciplinary, focussing on interaction between environmental phenomenon and human activity. The participation of women in these programmes is very essential.

There is an urgent need to safeguard our environment to save the future generation. It requires an immediate understanding of the needs of developing countries by initiating a local process through environmental education programmes. It may mean environmental progress, promoting low cost resources conservation, regeneration of village eco-system and stimulation of environmentally sound surroundings. Environmental training can also promote better health and sanitary conditions and quality of life. Finally the objective of providing information is to empower people to take appropriate action. We must all work together to ensure a quality living for our fellow beings and our future generation. ●

---

കൈകാര്യം ചെയ്യുന്നുവെന്നും, 'മുഖ്യ പ്രയോജകർ' ആരെന്നും സസൂക്ഷ്മം അറിയണം, പരിശോധിക്കണം. കേരളത്തിൽ ധാരാളം വ്യക്തികൾ തങ്ങളുടെ ഇല്ലായ്മകളിലും സുഹൃത്തുക്കളുടെ കാരുണ്യത്തിലും നടത്തുന്ന നിരവധി ജീവകാരുണ്യപ്രസ്ഥാനങ്ങളുണ്ട്. സർക്കാരിന്റെയോ വിദേശീയരുടെയോ സഹായസഹകരണങ്ങൾ ലഭിച്ചാൽ സ്വാർത്ഥ ലാഭേച്ഛകളില്ലാതെ യേശുവിനടുത്ത സേവനം അവർ ചെയ്തുകൊള്ളും; എന്നെന്നും നന്ദിയോടെ സ്മരിക്കും; തീർച്ച. പക്ഷേ, ഇക്കൂട്ടർക്കു മതനേതാക്കളുടെയോ രാഷ്ട്രീയനേതാക്കളുടെയോ പ്രസിദ്ധീകരണങ്ങളുടെയോ പിൻബലമില്ല. ക്രിസ്തുവിന്റെയും വിശുദ്ധരുടെയും ജീവിതമാതൃക മാത്രമാണ് അവരുടെ ബലം. മതാധികാരികൾ പലപ്പോഴും ഇവർക്കൊരു ഭീഷണിയുമാണ്. പാത്രം അറിഞ്ഞുതന്നെ ഭിക്ഷ കൊടുക്കുക. ദൈവമുമ്പാകെ കണക്കു ബോധ്യപ്പെടുത്താം.

*(കടപ്പാട് - 'ഓശാന')*

# മാതാപിതാക്കളറിയാൻ



ജോർജ് ബഹനാൻ ടി.

**അ**ദ്ധ്യയനവർഷങ്ങൾ വരികയും പോകയും ചെയ്യും. പക്ഷേ ഞങ്ങൾ യാതൊരു മാറ്റവുമില്ലാതെ മുന്നോട്ടു പോകുമെന്ന സന്ദേശമാണ് മാതാപിതാക്കൾ നൽകിക്കൊണ്ടിരിക്കുന്നത്. അവർക്ക് എല്ലാമറിയാം. പക്ഷേ ഒന്നുമറിയില്ല. ഒരു പ്രമുഖ സംഘടന മാതാപിതാക്കൾക്കു വേണ്ടി നടത്തിയ പരിശീലന ക്യാമ്പിൽ പങ്കെടുത്തത് പത്തുപേർ! ഏതാണ്ട് അൻപത് യുവജനങ്ങൾക്കുവേണ്ടി നടത്തിയ പ്രീ മാരിറ്റൽ കൗൺസലിംഗ് കോഴ്സിൽ മാതാപിതാക്കളയച്ചത് പതിന്നാലു പേരെ.

കഴിഞ്ഞ വർഷം മെഡിസിന്റെ പ്രവേശനപരീക്ഷയെഴുതിയ ഒരു വിദ്യാർത്ഥിക്ക് കിട്ടിയ റാങ്ക് പതിനെണ്ണായിരം. ആ വിദ്യാർത്ഥി ഈ വർഷം വീണ്ടും മെഡിസിന്റെ പ്രവേശനപരീക്ഷ എഴുതി. കിട്ടിയ റാങ്ക് വിദ്യാർത്ഥിയെ അത്ഭുതപ്പെടുത്തി. പഴയതു തന്നെ. മകൻ ഡോക്ടറാകണമെന്ന് നിർബന്ധമുള്ള അമ്മ മകനെ മൂന്നാം പ്രാവശ്യവും മെഡിക്കൽ എൻട്രൻസെഴുതാൻ പ്രേരിപ്പിക്കുമ്പോഴാണ് ഈ വിദ്യാർത്ഥിയെ ഞാൻ കണ്ടുമുട്ടുന്നത്. അതേ സമയം, നിയമപഠനത്തിനുള്ള പ്രവേശനപരീക്ഷയിൽ ഈ വിദ്യാർത്ഥിക്ക് നല്ല റാങ്ക് കിട്ടുകയും ചെയ്തു. പക്ഷേ അമ്മയ്ക്ക് ഒട്ടും സമ്മതമില്ല. മകൻ കേസില്ലാ കോടതിയിലെ ഫീസില്ലാ വക്കീലാകുമെന്ന ശങ്ക! അമ്മയെയും മകനെയും ഒരുമിച്ചിരുത്തി കാര്യങ്ങൾ വിശകലനം ചെയ്തു. നിയമപഠനത്തിന് മറ്റനേകം സാദ്ധ്യതകളുണ്ടെന്ന് പറഞ്ഞു മനസ്സിലാക്കിയപ്പോൾ അമ്മയ്ക്ക് ബോധോദയമുണ്ടായി! മകൻ നിയമപഠനത്തിന് തയാറാകുന്നു. ഇതൊറ്റപ്പെട്ട സംഭവമല്ല. ഇത്തരം ആയിരമായിരം സംഭവങ്ങൾ നമ്മുടെ ചുറ്റുമുണ്ട്.

പുതിയ അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിലാണു നമ്മൾ. പരീക്ഷയെപ്പറ്റിയും റാങ്കിനെപ്പറ്റിയുമുള്ള ദുഃസ്വപ്നങ്ങളുമായി കുട്ടികൾ വിദ്യാലയങ്ങളുടെ പടികൾ കയറുകയും ഇറങ്ങുകയും ചെയ്യുന്നു. അവരുടെ പുറകെ സ്ഥിരം പല്ലവിയുമായി മാതാപിതാക്കളും. പക്ഷേ പഠനം ഇന്ന് തീർത്തും പ്രതിസന്ധിയിലാണ്. വിദ്യാഭ്യാസത്തിന്റെയും പഠനത്തിന്റെയും മർമവും, മനഃശാസ്ത്രവും അറിയാൻ പാടില്ലാത്തതാണ് മാതാപിതാക്കളുടെ കാതലായ പ്രശ്നം. നമ്മുടെ കുട്ടികളുടെ പഠനത്തിന് മനഃശാസ്ത്രപരമായ മൂന്ന് ചേരുവകളുണ്ടെന്ന കാര്യം മുതിർന്നവർ മനസ്സിലാക്കട്ടെ. ആഗ്രഹം, ആവശ്യം, ആവേശം. പഠിക്കാനാഗ്രഹമില്ലാത്തവരെ പഠിപ്പിക്കാൻ പറ്റില്ല. നിനക്ക് സുഖമാകാൻ മനസ്സുണ്ടോ അഥവാ ആഗ്രഹമുണ്ടോ എന്നാണ് കർത്താവു ചോദിച്ചത്. അതുകൊണ്ട്, ആഗ്രഹം ഏതു പ്രവർത്തനത്തിന്റെയും ഇന്ധനമാണ്. ആഗ്രഹം ദൈവികമാണ്-ഓരോ വ്യക്തിക്കുമുള്ള ദൈവത്തിന്റെ വരദാനം. ആഗ്രഹമില്ലാത്തവർ അതിനുവേണ്ടി പ്രാർത്ഥിക്കട്ടെ. പഠിക്കാനുള്ള ആഗ്രഹത്തിനു മാത്രമേ പഠനം പ്രാവർത്തികമാക്കാൻ പറ്റൂ. ആഗ്രഹത്തിനുവേണ്ടി മാതാപിതാക്കളും പ്രാർത്ഥിക്കണം. "യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു" എന്നാണല്ലോ വേദവാക്യം. രണ്ടാമത്, ആവശ്യം. ആവശ്യം സൃഷ്ടിയുടെ മാതാവാണല്ലോ. ആവശ്യം തോന്നിയാൽ ആഗ്രഹമില്ലെങ്കിലും നാം പല കാര്യങ്ങളും ചെയ്യും. ഒരു വിദ്യാർത്ഥിയുടെ പഠനത്തിന്റെ പുറകിൽ ശക്തമായ ആവശ്യകത ഉണ്ടാകണം. ജീവിക്കാൻ, ജോലി കിട്ടാൻ, പട്ടിണി മാറ്റാൻ. ഇതൊക്കെ വളരെ ആവശ്യമായതുകൊണ്ടാണ് പലരും ജോലി ചെയ്യുന്നത്.

നടന്ന ഒരു സംഭവം പറയട്ടെ. ബ്രസീലിലെ ആശുപത്രിയാണ് രംഗം. നഗരത്തിന്റെ തിരക്കിൽ നിന്നൊഴിഞ്ഞ് വനപ്രദേശത്തിനടുത്താണ് ആശുപത്രി. തളർവാതം പിടിച്ച് ഭാഗികമായും മുഴുവനായും തളർന്നവർ മാസങ്ങളായി ആശുപത്രിയിലുണ്ട്. ഒരു ദിവസം അടുത്തുള്ള വനത്തിൽനിന്ന് ഒരുഗ്രൻ പെരുമ്പാമ്പ് മനുഷ്യമണം പിടിച്ച് ആശുപത്രിയിലെത്തി. പെരുമ്പാമ്പിനെ വാർഡിനുള്ളിൽ കണ്ട രോഗികൾ കൂകി വിളിച്ചു. ചിലർ ചാടിയെണീറ്റ് കട്ടിലിൽ കയറി. ചിലർ ജീവനും കൊണ്ടോടി. അവിടെ ഓടിയെത്തിയ ഡോക്ടർമാർക്ക് ഭയങ്കര അതിശയം. പെരുമ്പാമ്പിനെ കണ്ടതുകൊണ്ടല്ല. ഒട്ടും അനങ്ങാൻ വയ്യാത്ത രോഗികൾ ഓടിയതു കണ്ടിട്ടാണ്. ഡോക്ടർമാർ മരുന്നും മന്ത്രവുമൊക്കെ കൊടുത്തിട്ടും പലരും മാസങ്ങളായി കിടക്കയിലായിരുന്നു. പക്ഷേ ഭീകരനായ പെരുമ്പാമ്പ് അവരെ വിഴുങ്ങുമെന്നുറപ്പായപ്പോൾ ഓടി രക്ഷപ്പെട്ടേ മതിയാകൂയെന്ന ആവശ്യം അവർക്കുണ്ടായി. അതവർക്ക് മാനസികവും ശാരീരികവുമായ ബലം നൽകി. അവർ ഓടി രക്ഷപ്പെട്ടു. ഇങ്ങനെ ഒരാവശ്യകത കുട്ടികളുടെ പഠനത്തിനു പുറകിൽ ആവശ്യമാണ്. പക്ഷേ പലപ്പോഴും ആവശ്യം ഒരു ഭാരമായി മാറ്റാനാണ് മാതാപിതാക്കൾ ശ്രമിക്കുന്നത്. പഠനം ഭാരമാകുമ്പോൾ വിദ്യാഭ്യാസത്തിന്റെയും പഠനത്തിന്റെയും ക്രിയാത്മകത അപ്രത്യക്ഷമാകും. പഠനം കേവലം ഓബ്ജക്ടീവാകാൻ പാടില്ല. സ്വയം കണ്ടെത്താനാകുംവിധം സബ്ജക്ടീവാകണം. അപ്പോൾ പഠനം ഒരു ഭാരമാകയില്ല. സ്വന്തം കഴിവുകളെയും കഴിവുകേടുകളേയും കണ്ടെത്താനും, അപകർഷബോധത്തിൽ നിന്നു വിമുക്തമാകുവാനുമുള്ളതാകണം പഠനം. ഒരു പ്രമുഖ കോളജിന്റെ കവാടത്തിൽ എഴുതി വച്ചിരിക്കുന്നത് വളരെ ശ്രദ്ധേയമായി തോന്നി- "College is a venue for self-discovery". സ്വയം കണ്ടെത്തിക്കഴിഞ്ഞാൽപ്പിന്നെ പൂർണതയിലേക്കുള്ള വളർച്ച സുഗമമാകും.

കൂട്ടിലടച്ചു വളർത്തുന്ന കോഴികളെപ്പോലെയാണ് നമ്മുടെ കുട്ടികൾ. ഇവിടെ കോഴിയ്ക്ക് രണ്ടു കാര്യങ്ങൾ ചെയ്താൽ മതി. തിന്നുക, മുട്ടയിടുക. പഠിക്കുക, പരീക്ഷയെഴുതുക-ഇതിൽക്കൂടുതലൊന്നും നമ്മുടെ കുട്ടികൾ ചെയ്യുന്നില്ല. ചുറ്റുപാടുകളുമായി യാതൊരു ബന്ധവുമില്ല. നമ്മുടെ വിദ്യാർത്ഥികൾക്ക് ഭാവനയില്ല, സർഗ്ഗാത്മക ശക്തിയില്ല, ആശയവിനിമയത്തിനുള്ള കഴിവില്ല. നെൽച്ചെടി കണ്ടിട്ടുണ്ടോയെന്ന് ഒരു കുട്ടിയോടു ചോദിച്ചപ്പോൾ കുട്ടി പറഞ്ഞു, കണ്ടിട്ടുണ്ട് ടെലിവിഷനിൽ. നെല്ലിന്റെ നാട്ടിൽ നെൽച്ചെടി കണ്ടിട്ടില്ലാത്ത കുട്ടികൾ കേരളത്തിലുണ്ട്. ഒട്ടും അതിശയോക്തിയല്ല. പൊതുവിജ്ഞാനമില്ലാത്തവരായി മാറിക്കൊണ്ടിരിക്കുന്നു നമ്മുടെ കുട്ടികൾ. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകുന്നതും ഇത്തരമൊരു വിദ്യാഭ്യാസം തന്നെ. അമേരിക്കൻ തത്വചിന്തകനായ ഡോ. എമേഴ്സൺ പറഞ്ഞതു ശ്രദ്ധേയമാണ്: "Harward College taught all branches of learning; yes, all the branches but none of the roots. അപ്പോൾ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെപ്പറ്റി എന്തുപറയാൻ. വേരുകളില്ലാത്ത വിദ്യാഭ്യാസവും പഠനവും വ്യക്തിത്വം സൃഷ്ടിക്കില്ല. വേരില്ലാത്ത തലമുറയ്ക്ക് നിലനിൽപ്പില്ല. ദേശീയതലത്തിലും അന്തർദേശീയതലത്തിലുമുള്ള പല മത്സരപരീക്ഷകളിലും കേരളത്തിലെ വിദ്യാർത്ഥികൾ വളരെ പുറകിലാകാൻ കാരണവും ഇതുതന്നെ. വായനാശീലമില്ലാത്ത, ഭാവനയില്ലാത്ത, ഭാഷ കൈകാര്യം ചെയ്യാനും ആശയവിനിമയം നടത്താനുമറിയാത്ത ഒരു സ്ഥിതിവിശേഷത്തിലേക്ക് മാതാപിതാക്കൾ കുട്ടികളെ കൊണ്ടെത്തിച്ചിരിക്കുന്നു. കുട്ടികളുടെ പഠനവും പരിശീലനവും വളരെ ഗൗരവമായി കൈകാര്യം ചെയ്യേണ്ട വിഷയമാണെന്ന് മാതാപിതാക്കൾ ഓർക്കുക. ●

# മതപരിവർത്തനത്തിന്റെ നാനാർത്ഥങ്ങൾ

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ തമിഴ്നാട്, ഗുജറാത്ത്, ഒറീസ, മധ്യപ്രദേശ്, അരുണാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളിലുണ്ടായ മതപരിവർത്തനവിരുദ്ധ നിയമങ്ങളുമായി പൊരുത്തപ്പെടാൻ നമുക്കു കഴിഞ്ഞിട്ടില്ല. ഇന്ത്യൻ ഭരണഘടന പൗരജനങ്ങൾക്കു നൽകുന്ന മതവിശ്വാസസംബന്ധമായ മൗലികാവകാശത്തിന്റെ ധ്വംസനമായി നാം അതിനെ കാണുന്നു. അചിരേണ കേരളത്തിലും ഇത്തരം നിയമങ്ങളുണ്ടാകാമെന്നും ക്രൈസ്തവസമൂഹത്തിനു ഭാവിയിൽ ഇവിടെ നേരിടാനിടയുള്ള പീഡനങ്ങളുടെ സൂചികയാണിതെന്നും കരുതുന്നവരുണ്ട്. ഇത്തരം ആശങ്കകളുടെ അന്വർത്ഥതയുമായി ബന്ധപ്പെട്ട് തിരുവല്ലയിലും കന്യാകുമാരിയിലും ഇയ്യിടെ നടന്ന രണ്ടു സംവാദങ്ങളുടെ റിപ്പോർട്ടുകൾ ആനുകാലികപ്രസിദ്ധീകരണങ്ങളിലുണ്ട്. യഥാക്രമം ക്രിസ്ത്യൻ എഡിറ്റേഴ്സ് ആൻഡ് റൈറ്റേഴ്സ് സൊസൈറ്റിയും കന്യാകുമാരി പീസ് ട്രസ്റ്റുമായിരുന്നു സംവാദങ്ങളുടെ സംഘാടകർ. നാം കരുതുന്ന തരത്തിലുള്ള അപകടങ്ങൾ പ്രസ്തുത നിയമങ്ങളിലില്ലെന്ന അഭിപ്രായഗതിയിലാണ് ഇരുസംവാദങ്ങളുമെത്തിയത്. നിർബന്ധം, പ്രലോഭനം, വഞ്ചന, ബലപ്രയോഗം എന്നീ കുത്സിത മാർഗങ്ങളുപയോഗിച്ചു മതം മാറ്റുന്നതിനെയാണ് അവ നിരോധിക്കുന്നതെന്ന് തിരുവല്ല സംവാദത്തിൽ ജസ്റ്റീസ് (റിട്ട.) കെ. ടി. തോമസ്. ഇപ്പറഞ്ഞ തരത്തിലുള്ള മാർഗങ്ങൾ മതംമാറ്റത്തിനു അവലംബമാക്കുന്നതിനോടു ക്രൈസ്തവസഭകൾ യോജിക്കുന്നുവോയെന്ന് അദ്ദേഹം ചോദിക്കുന്നു. ജസ്റ്റീസിന്റെ ഈ അഭിപ്രായഗതിക്കു അടിവരയിടുന്നതാണ് കന്യാകുമാരി സംവാദത്തിൽ പീസ് ട്രസ്റ്റ് അദ്ധ്യക്ഷൻ ഡോ. ജ്ഞാനാ റോബിൻസൺ കൈക്കൊണ്ട സമീപനം. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിനു തടസ്സമാകാത്തിടത്തോളം, സ്വന്തം മനസ്സാക്ഷിക്കനുസരണമായി ആർക്കും ഏതു മതവും സ്വീകരിക്കാമെങ്കിലും ബലപ്രയോഗം പോലുള്ള മാർഗങ്ങളിലൂടെയുള്ള മതപരിവർത്തനം അധാർമികവും അസാന്മാർഗികവുമാണെന്ന് അദ്ദേഹം ഉറപ്പിച്ചു പറയുന്നു.

ഇന്ത്യയിൽ ക്രിസ്തുമതത്തിലേക്കുണ്ടായ മാറ്റമധികവും ഹിന്ദുമതത്തിൽ നിന്നാണ്. ക്രിസ്ത്വബ്ദാരംഭത്തിനു നാലഞ്ചു നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഇന്ത്യയിൽ ഹിന്ദുമതം വേരുറച്ചു കഴിഞ്ഞിരുന്നു. ദ്രാവിഡീയമായ പ്രാദേശിക ദേവതകളെയും അവയെ പ്രീതിപ്പെടുത്തുന്ന ആചാരാനുഷ്ഠാനങ്ങളെയും ഉൾക്കൊള്ളുന്ന ഒരു മതസംസ്കാരമാണ് അതിനുമുമ്പ് ഇവിടെ നിലനിന്നിരുന്നത്. ആരാധനാമൂർത്തികൾ ഉൾപ്പെടെ വിശ്വാസപരമായ ഏതു സാംസ്കാരികാംശത്തെയും ഉൾക്കൊള്ളാൻ സന്നദ്ധമായിരുന്നു ഹിന്ദുമതം. ബ്രഹ്മാവിഷ്ണു മഹേശ്വരന്മാരെന്ന മുഖ്യദേവന്മാർക്കൊപ്പം ഒട്ടേറെ ഉപദേവന്മാരും ദേവികളും അവയുമായി ബന്ധപ്പെട്ട അതിവിപുലമായ ആചാരാനുഷ്ഠാനങ്ങളും അങ്ങനെ ഹിന്ദുമതത്തിന്റെ ഭാഗമായി. ക്രിസ്ത്വബ്ദാരംഭകാലത്തു തന്നെ ഇവിടെയെത്തിയ ക്രിസ്തുമതത്തെയും അവർ സ്വാഗതം ചെയ്തു. എ. ഡി. 52-ൽ കൊടുങ്ങല്ലൂരിനടുത്തുള്ള മാലിയങ്കരയിൽ കപ്പലിറങ്ങിയ ക്രിസ്തുശിഷ്യൻ സെയ്ന്റ് തോമസ് ഏതാനും ബ്രാഹ്മണകുടുംബങ്ങളെ മാനസാന്തരപ്പെടുത്തിയതോടെയാണല്ലോ ഇവിടെ ക്രിസ്തുമതത്തിന്റെ ആരംഭം. നാലാം നൂറ്റാണ്ടോടെ ബഗ്ദാദ്, ജറുസലേം തുടങ്ങിയ ഇടങ്ങളിൽ നിന്നായി നാനൂറോളം ക്രിസ്ത്യാനികൾ എത്തുന്നു. കച്ചവടപ്രമാണികളായിരുന്ന അവർക്ക് രാജാക്കന്മാർ പലതരം ആനുകൂല്യങ്ങളും സാമൂഹിക ജീവിതത്തിൽ ഹിന്ദുക്കൾക്കു തുല്യമായ സ്ഥാനവും നൽകി. അവരോടുള്ള ആദരവും വിധേയത്വവും കുറെ ഹിന്ദുമതാനുയായികളെ ക്രിസ്തുമതത്തിലേക്കാകർഷിച്ചിരിക്കണം. 15-ാം നൂറ്റാണ്ടിലെത്തിയ പോർട്ടുഗീസുകാരുടെയും തുടർന്നുവന്ന ഡച്ച്, ഫ്രഞ്ച്, ബ്രിട്ടീഷ് വിദേശികളുടെയും പ്രധാന ലക്ഷ്യം കച്ചവടമായിരുന്നു. ബ്രിട്ടീഷ് ആധിപത്യകാലത്തു ലണ്ടനിലെ ചർച്ച് മിഷനറി സൊസൈറ്റിയുടെ പ്രവർത്തനഫലമായാണ് ക്രിസ്തുമതം ഇവിടെ ശക്തമാകുന്നത്. ഹിന്ദുമതത്തിലെ അധഃസ്ഥിത വിഭാഗങ്ങളിലായിരുന്നു സൊസൈറ്റിയുടെ മുഖ്യശ്രദ്ധ. ഈ വിഭാഗങ്ങളിൽപ്പെട്ട ഏറെപ്പേർ ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. ഇന്ത്യയിലെ ക്രിസ്തുമതചരിത്രത്തിന്റെ ഈ ഏടുകളിലൊന്നും മതപരിവർത്തനനിരോധനവുമായി ബന്ധപ്പെട്ട് മുൻപു സൂചിപ്പിച്ച കുത്സിതമാർഗങ്ങളുടെ കറുത്ത പാടുകളില്ല. സഹിഷ്ണുതയുടെയും സൗഹാർദ്ദത്തിന്റെയും അന്തരീക്ഷത്തിലായിരുന്നു ഇക്കാലമത്രയും ഇരുമതങ്ങളും നിലനിന്നത്. സംഖ്യാബലവും സ്ഥാനവലിപ്പവും ഉണ്ടായിരുന്നിട്ടും ക്രിസ്ത്യാനികൾക്കു നേരേ അവജ്ഞയും അവഗണനയും ഹിന്ദുമതാനുയായികളിൽ നിന്ന് ഉണ്ടായിരുന്നില്ല. മതപരമായ ഈ സമന്വയം ആചാരവിശേഷങ്ങളിലും സാമൂഹ്യസ്ഥാപനങ്ങളിലും സാഹിത്യാദി കലകളിലും തെളിഞ്ഞു കാണുകയും ചെയ്യുന്നു.

കേരളത്തിലെ

ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ

അധികരിച്ചുള്ള

## പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

ഹിന്ദുമതവും ക്രിസ്തുമതവും തമ്മിലുള്ള ബന്ധം ഇത്തരത്തിൽ സൗഹാർദ്ദപൂർവമായിരിക്കെ എന്തിനിവിടെ മതപരിവർത്തനനിരോധനം പോലുള്ള നിയമങ്ങൾ? ഇതിന്റെ ഉത്തരം ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയസ്ഥിതിവിശേഷത്തിലാണുള്ളത്. ഹിന്ദുത്വവാദികളുടെ ആധിപത്യത്തിലുള്ള ഒരു ഭരണകൂടമാണ് ഇന്ന് ഇന്ത്യയിലുള്ളത്. ഹിന്ദുമതവും ഹിന്ദുത്വവാദവും വ്യത്യസ്തമാണ്. എല്ലാവരെയും സമന്മാരായി കാണുകയാണ് ഹിന്ദുമതത്തിന്റെ മുഖമുദ്ര. ഹിന്ദുത്വവാദികളുടെ കാഴ്ചപ്പാടിലാകട്ടെ, പരമ്പരാഗത ചാതുർവർണ്യത്തിന്റെ വക്താക്കളായ ആര്യന്മാർ മാത്രമാണ് യഥാർത്ഥ ഹിന്ദുക്കൾ. ദളിതുകളും ആദിവാസികളും പിന്നോക്കവർഗങ്ങളുമെല്ലാം അവരുടെ പാദപൂജയ്ക്കു വിധിക്കപ്പെട്ടവർ. ഈ അധഃസ്ഥിതരുടെ ശാരീരികവും മാനസികവും സാമ്പത്തികവും സാമൂഹികവുമായ അടിമത്തമാണ് ഹിന്ദുത്വവാദികളുടെ ശക്തിസ്രോതസ്. വർത്തമാനസാഹചര്യങ്ങളിൽ വർദ്ധിക്കാനിടയുള്ള അധഃസ്ഥിതരുടെ മതമാറ്റം ആ ശക്തിസ്രോതസിന്റെ നഷ്ടത്തിനിടയാക്കും. അതൊഴിവാക്കാനുള്ള ഉപായത്തിൽ ഉൾപ്പെടുന്നു ഇത്തരം നിയമങ്ങൾ. 'നെഹ്റു മോഡൽ' എന്നു വിശേഷിപ്പിക്കാറുള്ളതും മുൻ ഗവൺമെന്റുകൾ പരിരക്ഷിച്ചു പോന്നതുമായ മതേതരത്വമാണ് അധീനമായ രാഷ്ട്രീയാധിപത്യം നിലനിർത്താൻ അവർക്കുള്ള മുഖ്യപ്രതിബന്ധം.

ക്രൈസ്തവസമൂഹത്തെ സംബന്ധിച്ചിടത്തോളം മറ്റൊന്നാണ് ഇന്നു മതപരിവർത്തനത്തിന്റെ പ്രശ്നം. അനൈക്യത്തിലും സ്വാർത്ഥതയിലും ക്രൈസ്തവസാക്ഷ്യത്തിൽ നിന്നുള്ള അകൽച്ചയിലും സ്വത്വം നഷ്ടപ്പെട്ട് ദൈവം സ്നേഹമാകുന്നുവെന്ന സുവിശേഷ സമവാക്യം മറന്നുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന് സ്വന്തം ദുഃഖങ്ങളിൽ നിന്നുള്ള മോചനത്തിനായി മതംമാറിയെത്തുന്നവരെ എങ്ങനെ സഹായിക്കാനാവും? ●

# വികസന മന്ത്രവുമായി ഒരു മെത്രാൻ



## കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ മാർ മാത്യു അറയ്ക്കലുമായുള്ള അഭിമുഖം

ഡോ. മാത്യു കോശി പുന്നയ്ക്കാട്

***പ്ലാനിങ് ബോർഡിന്റെ ഉപദേശകസമിതിയിലേക്കു തിരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്കു ന്യൂ വിഷൻ മാസികയുടെ ആശംസകൾ അറിയിക്കട്ടെ. ആദ്യത്തെ ഉപദേശകസമിതി മീറ്റിംഗിനുശേഷം അങ്ങയുടെ പ്രതികരണം അറിയുവാൻ ആഗ്രഹമുണ്ട്.***

സർക്കാരേതര ഏജൻസികളുടെ പ്രതിനിധിയായിട്ടാണ് എന്നെ തിരഞ്ഞെടുത്തിരിക്കുന്നത്. സർക്കാരേതര സംഘടനകളുടെ പ്രവർത്തനങ്ങൾ എങ്ങനെ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ചു പഠിക്കുകയാണ് എന്റെ ചുമതല. വേണ്ട നിർദ്ദേശങ്ങൾ ഞാൻ സർക്കാരിനു നൽകണം. COPAD വഴിയും മറ്റു ഏജൻസികൾ വഴിയും സർക്കാരേതര സംഘടനകൾക്ക് നൽകുന്ന വലിയൊരു തുകയുണ്ട്. എങ്ങനെ ഫലപ്രദമായി വിനിയോഗിക്കുവാൻ സാധിക്കും, എങ്ങനെയാണതു മോണിട്ടർ ചെയ്യുക, ഭംഗിയായിട്ടു പോകുന്നുണ്ടോ എന്നു വിലയിരുത്തുക ഈ കാര്യങ്ങളാണ് പ്രധാനമായും ഇതിൽ വരിക.

***COPAD-ന്റെ പൂർണരൂപം എന്താണ്?***

Council for People's Advancement for Development.

***കപ്പാഡിന് ഒരു വർഷം എത്ര കോടി രൂപ കൊടുക്കുന്നുണ്ട്?***

നാലായിരം കോടി രൂപ. നമ്മുടെ പല എൻ. ജി. ഒ. മാരും ഇതു വഴിയാണ് പണം സ്വീകരിക്കുന്നത്. പലതും അത്ര ശരിയായ സംഘടനകളല്ല. വളരെ എളുപ്പം പണം കിട്ടുവാൻ കപ്പാഡു വഴി സാധിക്കും. മറ്റു സംഘടനകളിൽ കൂടിയും എൻ.ജി.ഒ.മാർക്ക് പണം ലഭിക്കുന്നുണ്ട്.

***അങ്ങ് ഇത് വിലയിരുത്തുമോ?***

സർക്കാരിനു വേണ്ട ഉപദേശം കൊടുക്കുകയെന്നതാണ് എന്റെ ചുമതല. ഒരു എൻ.ജി.ഒ.യുടെ തലപ്പത്തു പ്രവർത്തിച്ചുവെന്നതിനാൽ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ എല്ലാ ഏജൻസികളുമായി ഞാൻ ബന്ധപ്പെട്ടിരുന്നതിനാൽ എങ്ങനെ ഇവയൊക്കെ കൊണ്ടുപോകുവാൻ സാധിക്കുമെന്നതിനെപ്പറ്റി എനിക്കൊരു കാഴ്ചപ്പാടുണ്ട്.

***ആദ്യത്തെ മീറ്റിംഗ് കഴിഞ്ഞതിനുശേഷമുള്ള വിലയിരുത്തൽ?***

എല്ലാ സെക്രട്ടറിമാരും പങ്കെടുക്കുന്ന സമ്മേളനം വൈസ് ചെയർമാന്റെ അധ്യക്ഷതയിലാണ് കൂടുന്നത്. ഇവരുമായുള്ള ഇടപെടലിൽ എനിക്കുണ്ടായ അനുഭവം ഇവരെല്ലാം നാടിന്റെ നന്മയ്ക്കുവേണ്ടി ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരാണ്, പിന്നെയെന്തുകൊണ്ട് വികസനമുണ്ടാകുന്നില്ലെന്നതാണ്. ജവഹർലാൽ നെഹ്രുവിന്റെ കാലത്താണ് പഞ്ചവത്സരപദ്ധതി തുടങ്ങിയത്. അങ്ങനെയാണ് പ്ലാനിംഗ് കമ്മീഷനൊക്കെ ഉണ്ടായത്. ആദ്യത്തെ അഞ്ചു പഞ്ചവത്സരപദ്ധതി കൊണ്ട് നമ്മുടെ നാട് വികസിത രാഷ്ട്രമാകുമെന്ന ധാരണയാണുണ്ടായിരുന്നത്. ഇപ്പോൾ പത്താമത്തേതായി. ഏതോ പിശകുണ്ടെന്നാണ് ഇതു വ്യക്തമാക്കുന്നത്.

***അടുത്തിടെ കുറേ നാൾ വിദേശത്തായിരുന്നല്ലൊ. വിദേശ യാത്രയിൽ അങ്ങയുടെ ശ്രദ്ധയാകർഷിച്ച എന്തെങ്കിലും കാര്യങ്ങളുണ്ടോ?***

വികസനം സംബന്ധിച്ച് അവിടെല്ലാവരും ബോധവാന്മാരാണ്. ഒരു കടലാസുകഷണം താഴെക്കിടന്നാൽ ആദ്യം ശ്രദ്ധയിൽ പെടുന്നയാൾ അതെടുത്തു മാറ്റിയിരിക്കും. യാതൊന്നും മലിനീകരിക്കപ്പെടുവാൻ ആരും സമ്മതിക്കില്ല. നിയമങ്ങളെ ലംഘിച്ചുകൊണ്ട് ആരും ഒരു പരിപാടിയും ചെയ്യുവാൻ ശ്രമിക്കാറില്ല. അവിടെ പല വ്യവസായശാലകളും ഞാൻ സന്ദർശിച്ചു. ഇവിടെ വ്യവസായതലങ്ങളിലെ മലിനീകരണങ്ങൾ മറി കടക്കുവാൻ നിയമത്തിലെ പഴുതുകൾ ഉപയോഗിക്കുന്നതായാണു കാണുന്നത്. ഒരിക്കലും പരിസ്ഥിതി മലിനീകരണം ഉണ്ടാകാതിരിക്കുവാൻ അവർ ശ്രദ്ധിക്കുന്നു. പ്രകൃതിയെ സംരക്ഷിച്ചു കൊണ്ടേ വികസനം ഉണ്ടാകുവെന്നത് അവർക്കുബോദ്ധ്യമായിട്ടുണ്ട്. ഒരു പള്ളിയിൽ ചെന്നാൽ വൃക്ഷങ്ങളും പൂക്കളുമെല്ലാം സംരക്ഷിക്കപ്പെട്ടുകൊണ്ട് മനോഹാരിതയിൽ പോകുന്നതാണു കാണുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങളിടാൻ ഒരു സ്ഥലം. കുപ്പികളിടാൻ വേറൊരു സ്ഥലം. ശ്രദ്ധയോടു കൂടി കാര്യങ്ങൾ ചെയ്യുന്നു.

അമേരിക്കയിൽ ഞാനൊരു ബിഷപ്പിനെ കണ്ടു, ജയിംസ് ഗാർലൻസ്. അദ്ദേഹം തന്നെ കൃഷി ചെയ്ത് അദ്ദേഹത്തിനുവേണ്ട ഭക്ഷണം അദ്ദേഹം തന്നെ ഉണ്ടാക്കുന്നതു ഞാൻ കണ്ടു. **ഇതേ രീതിയിൽ നമ്മുടെ അച്ചന്മാരൊക്കെ പ്രവർത്തിച്ചാൽ പല പ്രശ്നങ്ങളും തീരും. വെറുതെയിരിക്കുന്നതു കൊണ്ടാണ് പ്രശ്നങ്ങളുണ്ടാകുന്നത്. അലസമായ മനസ്സ് പിശാചിന്റെ ഇടമാണ്. സമയം ഫലപ്രദമായുപയോഗിക്കണം.**

***അങ്ങ് ഒരു തേയില ഫാക്ടറി തുടങ്ങുന്നതായി കേട്ടു. അതിന്റെ പശ്ചാത്തലമൊന്നു വിശദീകരിക്കാമോ?***

ഞാൻ പീരുമേട്ടിലായിരുന്നപ്പോഴാണ് അതിന്റെ തുടക്കം. തേയിലയുടെ കൊളുന്തിനു ശരിയായ വില കിട്ടുന്നില്ല. സാമർത്ഥ്യമുള്ള ആളുകൾ തേയില പായ്ക്കറ്റിലാക്കി 90 രൂപയ്ക്കു വിൽക്കും. ലേലത്തിൽ വിറ്റാൽ ഉൽപ്പാദനച്ചെലവു പോലും ലഭിക്കില്ല. ഇതിനു പല കാരണങ്ങളുണ്ട്. രാസവളങ്ങളിടാതെ കൃഷി ചെയ്താൽ ഇപ്പോൾ കിട്ടുന്നതിന്റെ ഇരട്ടി വിലയ്ക്ക് വിൽക്കുവാൻ സാധിക്കുമെന്ന കാഴ്ചപ്പാടിലാണ് തേയില ഫാക്ടറി തുടങ്ങുവാൻ തീരുമാനിച്ചത്. ഇതുമായി ബന്ധപ്പെട്ട് ഞാൻ പലരുമായി സംസാരിച്ചു. യൂറോപ്യൻ കമ്മീഷനുമായി സംസാരിച്ചു. കമ്മീഷൻ മൂന്നു കോടി രൂപയോളം ഗ്രാന്റായി തരാൻ സമ്മതിച്ചു. ബാക്കി നാലു കോടി രൂപ കടമായെടുത്തിട്ടുണ്ട്.

***ഫാക്ടറി എവിടെയാണ്?***

കുട്ടിക്കാനത്ത്.

***എന്നു കമ്മീഷൻ ചെയ്യും?***

നവംബറിൽ. ഇതു പോലൊരു ഫാക്ടറി ഹൈറേഞ്ചിലില്ല. പരിസ്ഥിതിയ്ക്കിണങ്ങുന്ന രീതിയിലാണ് എല്ലാം ക്രമീകരിച്ചിരിക്കുന്നത്. അന്താരാഷ്ട്രനിലവാരം പുലർത്തുന്ന ഫാക്ടറിയാണ്. തേയിലത്തോട്ടത്തിനും അന്താരാഷ്ട്ര സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഐമോയുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന തേയിലത്തോട്ടത്തിലെ തേയിലയേ ഞങ്ങളെടുക്കൂ.

***തേയില കേരളത്തിൽ കിട്ടുമോ?***

തേയില കേരളത്തിൽ കിട്ടാൻ സാദ്ധ്യതയില്ല. ലോകത്തിൽ ഏറ്റവും കൂടുതൽ ഓർഗാനിക് ഉൽപ്പന്നങ്ങൾ മാർക്കറ്റു ചെയ്യുന്നത് ചൈനയാണ്. ചൈനയെയാണ് നാം വെല്ലുവിളിക്കേണ്ടത്.

*(ശേഷം പേജ് 18)*

# കഥയില്ലാത്ത അൽപം ചില്ലറക്കാര്യങ്ങൾ

ഡോ. കെ. വി. വർഗീസ്



## യു. സി. കോളജിൽ (തുടർച്ച)

ഇന്റർമീഡിയറ്റ് ക്ലാസ്സിൽ ഞങ്ങളെ ഇംഗ്ലീഷ് പഠിപ്പിച്ചത് മൂന്നു അദ്ധ്യാപകരായിരുന്നു-അരുവാമുദം അയ്യങ്കാർ, ഡീക്കൻ കെ. സി. ജോസഫ്, സി. ടി. ബഞ്ചമിൻ. കുറെക്കാലം ഗ്രേസിക്കൊച്ചമ്മയും (ടി. ബി. തോമസ് സാറിന്റെ പത്നി) ഞങ്ങളെ പഠിപ്പിച്ചിരുന്നു. ഇവരാരും ഇന്നു ജീവിച്ചിരിപ്പില്ല. ഇംഗ്ലീഷ് എനിക്ക് ഇഷ്ടമുള്ള വിഷയമായിരുന്നു. അനായാസമായി അതു കൈകാര്യം ചെയ്യാമെന്നാണ് ഞാൻ കരുതിയിരുന്നത്. പക്ഷേ ഫസ്റ്റ്ടേമിലെ പരീക്ഷയുടെ മാർക്കു വന്നപ്പോൾ ഞാൻ ഇംഗ്ലീഷിനു തോറ്റിരുന്നു. പഠനമാരംഭിച്ചതിൽപ്പിന്നെ ഇംഗ്ലീഷിന് ആദ്യമായി തോൽക്കുകയാണ്. അതു വല്ലത്തൊരു നാണക്കേടായി എനിക്ക് അനുഭവപ്പെട്ടു. ഇന്ന് ടേർമിനൽ പരീക്ഷയുടെ മാർക്ക് ആരും ഗൗനിക്കാറില്ല. മിക്ക കുട്ടികളും ശ്രദ്ധയോടെ പരീക്ഷ എഴുതുകയോ അദ്ധ്യാപകർ പരീക്ഷക്കടലാസ് ശ്രദ്ധയോടെ നോക്കുകയോ ചെയ്യാറില്ല. പണ്ട് അങ്ങനെയല്ലായിരുന്നു. ഉത്തരക്കടലാസിൽ തെറ്റുകൾ എവിടെയാണെന്നും എന്താണെന്നും രേഖപ്പെടുത്തിയിരിക്കും. കൂടാതെ, വിദ്യാർത്ഥികളെ പ്രിൻസിപ്പലിന്റെയും പഠിപ്പിക്കുന്ന അധ്യാപകരുടെയും മുന്നിൽ ഓരോരുത്തരായി വിളിച്ചുവരുത്തി വിലയിരുത്തുന്ന 'റിവ്യൂ' എന്ന സമ്പ്രദായം അന്നുണ്ടായിരുന്നു. ഏതു കെടികെട്ടിയവനും അതൊരു പേടി സ്വപ്നമായിരുന്നു.

അബ്ദു ആയിരുന്നു അന്ന് പ്രിൻസിപ്പൽസ് ഓഫീസിലെ അറ്റൻഡർ. കോളജിൽ പഠിപ്പിച്ചുകൊണ്ടിരുന്ന വെള്ളക്കാരനായ ജോൺ ബിൽ 'ആബ്ഡൂ' എന്നു വിളിക്കുമ്പോൾ ഞങ്ങൾ ഊറിച്ചിരിക്കുമായിരുന്നു. അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ പലരെയും കുട്ടികൾ അറിഞ്ഞില്ലെന്നുവരാം. എന്നാൽ കോളജിൽ അബ്ദുവിനെ അറിയാത്തവർ ആരും തന്നെ ഉണ്ടായിരുന്നില്ല. സ്ഥലകാലപരിജ്ഞാനമുണ്ടായിരുന്നതിനാലാണ് അബ്ദു ഈ സ്ഥാനം നേടിയെടുത്തത്. കോളജിൽ പഠിച്ചുകൊണ്ടിരുന്ന കുട്ടികളെ മാത്രമല്ല, അവരുടെ കുടുംബത്തിൽ ആരെല്ലാം അവിടെ പഠിച്ചിട്ടുണ്ടെന്നും കോളജ് സ്റ്റാഫുമായി ബന്ധമുള്ള എത്ര കുട്ടികൾ ഇപ്പോൾ അവിടെ പഠിക്കുന്നുണ്ടെന്നും അബ്ദുവിന് അറിയാമായിരുന്നു. റിവ്യുവിനു ഹാജരാകേണ്ട കുട്ടികളുടെ ലിസ്റ്റുമായാണ് അബ്ദുവിന്റെ വരവ്. ലിസ്റ്റിൽ ഞാനുമുണ്ടായിരുന്നു. ക്ലാസ്സിനു പുറത്തുവന്നപ്പോൾ അബ്ദു പറഞ്ഞു: "ഏതെങ്കിലും വിഷയത്തിനു തോറ്റുപോയിട്ടുണ്ടെങ്കിൽ ന്യായീകരിക്കാൻ പോകരുത്. കുറ്റം ഏറ്റുപറയുകയാണു നല്ലത്." അബ്ദു അനുഭവജ്ഞാനത്തിൽ നിന്നു പറഞ്ഞ ഒരു കാര്യമാണതെന്ന് എനിക്കു ബോധ്യമായിരുന്നു. ഇംഗ്ലീഷൊഴികെ മറ്റു വിഷയങ്ങൾക്ക് സാമാന്യം നല്ല മാർക്കു നേടിയിരുന്നതിനാൽ വലിയ പരുക്കില്ലാതെ പുറത്തുവരാമെന്നായിരുന്നു എന്റെ കണക്കുകൂട്ടൽ. ഇംഗ്ലീഷിന്റെ മാർക്ക് വായിച്ച ശേഷം പ്രിൻസിപ്പൽ പറഞ്ഞു: "You have disappointed us."

"എന്റെ അശ്രദ്ധ മൂലം സംഭവിച്ചതാണു സാർ. അടുത്ത പ്രാവശ്യം ഇതുണ്ടാവില്ല. ഞാൻ തറപ്പിച്ചു പറഞ്ഞു. എ. കെ. ബേബി സാറും വി. കെ. അലക്സാണ്ടർ സാറും എന്നെപ്പറ്റി നല്ല അഭിപ്രായം പറഞ്ഞതിനാൽ ഒരു ചെറിയ താക്കീതു നൽകി എന്നെ പുറത്തു വിടുകയാണുണ്ടായത്. ടേർമിനൽ പരീക്ഷയിൽ ഒരു വിഷയത്തിനു തോറ്റതിൽ ഇത്രയേറെ പറയാനെന്തിരിക്കുന്നുവെന്ന് ഇന്നത്തെ വിദ്യാർത്ഥികൾക്കു തോന്നിയേക്കാം.

കുറ്റം എന്റേതുതന്നെയെന്നു മനസ്സിലാക്കിയതിനാൽ അതെങ്ങനെ തിരുത്തിക്കുറിക്കുമെന്നുള്ളതായിരുന്നു പ്രധാന ചിന്ത. ഞാൻ മുറിയിൽച്ചെന്ന് ഉത്തരക്കടലാസ് സൂക്ഷ്മമായി പരിശോധിച്ചു. ഒരു പേജിൽ പന്ത്രണ്ട് അക്ഷരത്തെറ്റുകൾ. അനോട്ടേഷൻ പലതും തൃപ്തികരമായല്ല എഴുതിയിരിക്കുന്നത്. മാത്രമല്ല, ചിലതെല്ലാം കൃത്യമായ ഉത്തരവുമല്ല. അപ്പോൾ പാഠപ്പുസ്തകം ശരിയായി പഠിച്ചില്ലെന്നു പറയുന്നതാണു ശരി. ക്ലാസ്സിൽ നല്ല മാർക്കു ലഭിച്ച ഏതാനും വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകളുമായി ഒത്തുനോക്കിയപ്പോൾ ഞാൻ അവരേക്കാൾ ബഹുദൂരം പിന്നിലാണെന്നു ബോധ്യപ്പെടുകയും ചെയ്തു.

ഞാൻ സി.ടി. ബഞ്ചമിൻ സാറിനെ സമീപിച്ചു. അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ സഹായിക്കാം. പക്ഷേ ഒരു കാര്യം ആദ്യം മനസ്സിലാക്കണം. ഭാഷ പഠിക്കുന്ന കാര്യത്തിൽ കുറുക്കുവഴിയില്ല. സ്വന്തപരിശ്രമത്തിലൂടെ നിരന്തരം വളർത്തിയെടുക്കേണ്ട ഒരു കലയാണിത്. അക്ഷരത്തെറ്റുകളെപ്പറ്റി സൂചിപ്പിച്ചല്ലോ. അച്ചടിച്ച വാക്കും കണ്ണുമായുള്ള പൊരുത്തത്തിലൂടെയാണ് അതു പരിഹരിക്കേണ്ടത്. അതുകൊണ്ട് ധാരാളം വായിക്കണം. രസിക്കുന്നതിനും പരിഭാഷയുടെ പരിപോഷണത്തിനും കൂടെ ആയിരിക്കണം വായന. പിന്നെ മറ്റൊരു കാര്യം. ലക്ചർ കുറിപ്പുകൾ ശ്രദ്ധാപൂർവം എഴുതിയെടുക്കാൻ മറക്കരുത്. ഇതു വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. മനസ്സ് ഏകാഗ്രമായെങ്കിൽ മാത്രമേ ആവശ്യമുള്ള ഭാഗങ്ങൾ തിരഞ്ഞുപിടിച്ചെഴുതുവാൻ കഴിയുകയുള്ളൂ. എഴുതുന്ന കാര്യങ്ങൾ മനസ്സിൽ തങ്ങിനിൽക്കുകയും ചെയ്യും. ഒരു കാരണവശാലും ട്യൂഷനു പോകരുത്. സ്വയം തിരുത്തുവാൻ കഴിയുന്ന കാര്യങ്ങളേയുള്ളൂ. ടോൾസ്റ്റോയി, ടഗോർ, ചാൾസ് ഡിക്കൻസ്, എച്ച്. ജി. വെൽസ്, ജൂൾസ് വേൺ, റോബർട്ട് ലൂയി സ്റ്റീവൻസൺ എന്നിവരുടെയൊക്കെ വിഖ്യാതമായ നോവലുകളുടെ സംക്ഷിപ്ത പതിപ്പ് ലൈബ്രറിയിലുണ്ട്. അത് ഹൈസ്കൂൾ കുട്ടികൾക്കു വേണ്ടി തയാറാക്കിയവയാണ്. നാണക്കേടു തോന്നേണ്ട. അതൊക്കെ എടുത്തു വായിച്ചുനോക്കണം."

ഞാൻ പിന്നീട് ആരെയും സമീപിച്ചില്ല. സാറിന്റെ നിർദ്ദേശമനുസരിച്ച് ആഴ്ചയിൽ ഒരു പുസ്തകം വീതം ലൈബ്രറിയിൽ നിന്നെടുത്തു വായിച്ച് രസിക്കുന്നതോടൊപ്പം വായനയിലൂടെ ഭാഷ മെച്ചപ്പെടുത്തുന്നതിന് ബോധപൂർവമായ ശ്രമങ്ങളുമാരംഭിച്ചു. ഭാഷയുടെ ഘടന, ശൈലി എന്നിവയെക്കുറിച്ച് പല കാര്യങ്ങളും മനസ്സിലാക്കുവാൻ കഴിഞ്ഞു. ഡീക്കൻ ജോസഫ് ക്ലാസ്സെടുക്കുമ്പോൾ നോട്ടു കുറിച്ചെടുക്കുവാൻ തുടക്കത്തിൽ വളരെയധികം പാടുപെടേണ്ടിവന്നു. ഒരു മാസം കഴിഞ്ഞപ്പോൾ എന്തെഴുതിയെടുക്കണം, എന്തു വിട്ടുകളയണം എന്നു മനസ്സിലാക്കുവാൻ കഴിഞ്ഞു. ഒരു ദിവസം, പൂർവവിദ്യാർത്ഥി ഡോ. പി. സി. അലക്സാണ്ടറുടെ പ്രസംഗം കോളജ് ഹാളിൽ വച്ചുണ്ടാകുമെന്ന് നോട്ടീസ് വന്നു. ഇംഗ്ലീഷിൽ വളരെ ലളിതമായും ഹൃദ്യമായും ചെയ്ത ആ പ്രസംഗം എന്നെ കോരിത്തരിപ്പിച്ചു. അത് ആസ്വദിക്കുകയും പ്രസക്തഭാഗങ്ങൾ കുറിച്ചെടുക്കുകയും ചെയ്തത് അഭിമാനത്തിനു വക നൽകി. അരുവാമുദ അയ്യങ്കാർ സാറാണ് ഷേക്സ്പിയറുടെ ജൂലിയസ് സീസർ എന്ന നാടകം പഠിപ്പിച്ചത്. അദ്ദേഹത്തിന്റെ ക്ലാസ്സുകൾ വളരെയധികം ആസ്വദിക്കുവാൻ കഴിഞ്ഞു. ആർഭാടമില്ലാതെ സ്വതസിദ്ധമായ ശൈലിയിൽ അദ്ദേഹം സംസാരിച്ചു തുടങ്ങുമ്പോൾ വിദ്യാർത്ഥികൾ ചെവിയോർത്തിരിക്കും. കാഷ്യസിനെക്കുറിച്ച് 'That man with a lean and hungry look' എന്ന പരാമർശം തന്മയത്വത്തോടെ അവതരിപ്പിക്കുകയും അത്തരത്തിലുള്ള ചില ആളുകൾ തന്നെ കബളിപ്പിക്കുകയും ചെയ്ത കഥ അനാവരണം ചെയ്യുമ്പോൾ

(ശേഷം പേജ് 20)

# ഒരു വൈദികന്റെ ശാപവചനങ്ങൾ

ജസ്റ്റീസ് (റിട്ട.) കെ. ടി. തോമസ്

ഞാൻ പഠിച്ചിരുന്ന കാലത്ത് എന്റെ സഹപാഠിയായിരുന്ന വർക്കി പിൽക്കാലത്ത് ഒരു ഹൈസ്കൂൾ അധ്യാപകനായിത്തീർന്നു. ആ സ്കൂൾ നടത്തിയിരുന്നത് ക്രിസ്തീയസഭയിലെ ഒരു പട്ടക്കാരനായിരുന്നു. അദ്ദേഹം വർക്കിയെ അധ്യാപകനായി നിയമിച്ചപ്പോൾ അയ്യായിരം രൂപ (ഇന്നത്തെ കണക്കനുസരിച്ച് നാലുലക്ഷം രൂപ) കോഴ വാങ്ങിയിരുന്നു. എയ്ഡഡ് സ്കൂളിലോ കോളജിലോ അധ്യാപകരെ നിയമിക്കുമ്പോൾ അവർക്കു ശമ്പളം കൊടുക്കുന്നത് പൊതുഖജനാവിൽ നിന്നായതുകൊണ്ട് നിയമനം നടത്തുന്ന മാനേജർ വാങ്ങുന്ന പണം കോഴയാണെങ്കിലും മാനേജർമാർ അതിനെ 'ഡൊണേഷൻ' എന്നാണു വിളിക്കുക. അങ്ങനെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലെ കുട്ടികളിൽനിന്ന് ഈടാക്കുന്ന ഫീസു മുഴുവൻ ഗവൺമെന്റിൽ അടയ്ക്കേണ്ടതുണ്ട്. അധ്യാപകരെ നിയമിക്കുമ്പോൾ വാങ്ങുന്ന കോഴപ്പണത്തിന് രസീതു കൊടുക്കുകയില്ലെന്നു മാത്രമല്ല, ഒരു രേഖയിലും അക്കാര്യം കാണിക്കാറുമില്ല. അന്നും ഇന്നും സ്ഥിതി ഒന്നുതന്നെ. ഏതാനും വർഷം കഴിഞ്ഞ് മത്തപ്പിത്തം പിടിപെട്ട് വർക്കി മരണമടഞ്ഞു. വർക്കിയുടെ ഒഴിവിൽ മാനേജരച്ചൻ വേറൊരാളെ അധ്യാപകനായി നിയമിക്കുകയുണ്ടായി. അയാളിൽനിന്ന് പതിനായിരം രൂപ വാങ്ങിയിട്ടാണ് നിയമനം കൊടുത്തത്. വർക്കിയുടെ വിധവ വിവരമറിഞ്ഞ് തന്റെ ഭർത്താവ് നൽകിയ അയ്യായിരം രൂപ തിരികെ നൽകണമെന്നഭ്യർഥിച്ചു. പക്ഷേ, പുരോഹിതൻ ഈ അഭ്യർഥന നിർദാക്ഷിണ്യം തള്ളി. "ഇതൊന്നും തിരികെ നൽകാൻ വേണ്ടിയല്ല വാങ്ങിയതെന്നറിയില്ലേ", അദ്ദേഹം സ്ത്രീയെ ഓർമിപ്പിച്ചു. എന്നാൽ വിധവയായ ആ സ്ത്രീയുടെ ന്യായം വേറെയായിരുന്നു. അവർ അച്ചനോടു പറഞ്ഞു: "എന്റെ ഭർത്താവ് മരിച്ചില്ലായിരുന്നെങ്കിൽ അച്ചന് ഈ പതിനായിരം രൂപ കിട്ടുമായിരുന്നില്ലല്ലോ. അതുകൊണ്ട്, എന്റെ ഭർത്താവിന്റെ മരണം അച്ചനു നേടിത്തന്നത് ഇരട്ടിലാഭവും, എനിക്കുണ്ടായത് എന്റെ കുഞ്ഞുങ്ങളുടെ വരുമാനമാർഗ നഷ്ടവുമാണ്. എനിക്കു വളരെ സാമ്പത്തിക ഞെരുക്കമുള്ളതുകൊണ്ട് എന്റെ ഭർത്താവു തന്ന 5000 രൂപ തിരികെത്തരാൻ സന്മനസ്സുണ്ടാവണം."

എന്നാൽ ആ സ്ത്രീയുടെ ഭർത്താവ് അയ്യായിരം രൂപ കൊടുത്തതിന് ഒരു രേഖയുമില്ലാതിരുന്നതുകൊണ്ടും തിരികെക്കൊടുക്കുന്നതിന് യാതൊരു മനഃസ്ഥിതിയും ഇല്ലാഞ്ഞതുകൊണ്ടും ദ്രവ്യാഗ്രഹിയായ ആ പുരോഹിതൻ വർക്കിയുടെ വിധവയെ വെറുംകയ്യോടെ ഇറക്കിവിട്ടു. ആ സ്ത്രീയുടെ പിതാവ് എന്നെ സമീപിച്ച് എന്തെങ്കിലും നിയമനടപടികൾ കൈക്കൊള്ളാമോയെന്ന് ആരാഞ്ഞു. തുടർന്ന് ഞാൻ ആ പുരോഹിതന് ഒരു നോട്ടീസയച്ചു. വർക്കി നൽകിയ 5000 രൂപ പലിശ സഹിതം തിരികെ കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടായിരുന്നു ഞാൻ നോട്ടീസയച്ചത്. അച്ചൻ ആ നോട്ടീസിന് വേറെയൊരു അഡ്വക്കറ്റ് മുഖാന്തിരം മറുപടിയയച്ചു. വർക്കിയോട് യാതൊരു സംഖ്യയും വാങ്ങിയിട്ടില്ലെന്നായിരുന്നു മറുപടി.

മേൽപ്പറഞ്ഞ സംഖ്യ മടക്കിക്കിട്ടാൻ വർക്കിയുടെ വിധവ വാദിയായി ഞാൻ ഒരു സിവിൽ വ്യവഹാരം ഫയൽ ചെയ്തു. സ്കൂൾ മാനേജരായ പുരോഹിതൻ കോടതിയിൽ കൊടുത്ത പത്രികയിൽ അങ്ങനെ യാതൊരു സംഖ്യയും വാങ്ങിയിട്ടില്ലെന്നും, ഒരു സംഖ്യയും വർക്കിയുടെ വിധവയ്ക്കു കൊടുക്കുവാനില്ലെന്നും മറ്റും തർക്കിച്ചിരുന്നു. യാതൊരു രേഖയുമില്ലാത്ത ഏർപ്പാടായതുകൊണ്ടും പ്രതിയായ പുരോഹിതൻ വാദിയുടെ അന്യായം പൂർണമായി നിഷേധിച്ചതുകൊണ്ടും കേസിൽ ജയിക്കാൻ വാദിക്ക് യാതൊരു സാധ്യതയുമില്ലായിരുന്നു. അതിനു പുറമേ, അച്ചൻ വർക്കിയുടെ വിധവയ്ക്ക് ഒരു സംഖ്യയും കൊടുക്കാതിരുന്നതുവഴി വർക്കിയുടെ മരണംകൊണ്ടുമാത്രം അച്ചന് 15,000 രൂപയുടെ ലാഭമുണ്ടാകുമെന്ന് അറിയാമായിരുന്നതുകൊണ്ടും ആയത് തികച്ചും അധാർമികമായിരുന്നതുകൊണ്ടും ആ കേസിൽ ഞാൻ വളരെ ശുഷ്കാന്തി കാണിച്ചു.

കേസ് തെളിവിനായി എടുത്തപ്പോൾ ഞാൻ ഒരു ഹർജി ഫയൽചെയ്തു. അതിൽ ഇങ്ങനെ എഴുതിയിരുന്നു: "വാദിയുടെ ഭർത്താവ് വർക്കിയിൽ നിന്നും അധ്യാപകനിയമനം സംബന്ധിച്ച് 5000 രൂപ വാങ്ങിയിട്ടില്ലെന്ന് പ്രതിയായ പുരോഹിതൻ തന്റെ സമുദായത്തിലെ മാനേജിംഗ് കമ്മിറ്റിയംഗങ്ങളിൽ ഞങ്ങൾ നിർദ്ദേശിക്കുന്നവരുടെ മുൻപിൽവച്ച് ബൈബിൾ തൊട്ടു സത്യം ചെയ്യുന്നതായാൽ വാദിയുടെ അന്യായം തള്ളി വിധിക്കുന്നതിന് എനിക്കു എതിർപ്പില്ലാത്തതാകുന്നു." പ്രതിയായ അച്ചന് അങ്ങനെയുള്ള ആളുകളുടെ മുൻപിൽവച്ച് കളവായി സത്യം ചെയ്യുന്നതിനു ബുദ്ധിമുട്ടുണ്ടായിരുന്നു. ഈ കേസിന്റെ തർക്കം സംബന്ധിച്ച് ചില രാജി യാലോചനകൾ നടന്ന സമയം വർക്കിയോടു രൂപ വാങ്ങിയ വിവരം അച്ചൻ അവരോടു സമ്മതിച്ചിരുന്നതാണ്. പക്ഷേ, തിരികെ കൊടുക്കാനല്ല വാങ്ങിയതെന്നായിരുന്നു അവരോടു പറഞ്ഞിരുന്നത്. അതുകൊണ്ട് അവരുടെ മുൻപിൽ വച്ച് ബൈബിൾ തൊട്ട് മറിച്ചു സത്യം ചെയ്താൽ ഒരു പുരോഹിതനെന്ന സ്ഥാനത്തിനുണ്ടാകാവുന്ന ഇടിവ് അദ്ദേഹത്തിനറിയാമായിരുന്നു. ആ ഹർജിക്ക് മറുപടി കൊണ്ടുക്കേണ്ട സമയം അടുത്തപ്പോൾ ഒരു ദിവസം രാവിലെ ആ പുരോഹിതൻ എന്റെ ഓഫീസിലേക്കു കടന്നു വന്ന് 5000 രൂപയുടെ ഒരു കെട്ട് എന്റെ മേശയിലേക്ക് വലിച്ചെറിഞ്ഞു. എന്നിട്ട് പറഞ്ഞു: "നീ മുടിഞ്ഞു പോകത്തേയുള്ളൂ." ഞാൻ അതുകേട്ടു ചിരിച്ചു. എന്നിട്ട് ആ രൂപ വാങ്ങി വാദിക്കു കൊടുത്തു. കോടതിയിൽ കൊടുത്ത അന്യായം ഞങ്ങൾ പിൻവലിക്കുകയും ചെയ്തു.

*('സമകാലിക മലയാള'ത്തിൽ പ്രസിദ്ധീകരിച്ചുവരുന്ന ജസ്റ്റീസ് കെ. ടി. തോമസിന്റെ ആത്മകഥയിൽ നിന്ന് – ചീഫ് എഡിറ്റർ)*

## വികസനമന്ത്രവുമായി...

(പേജ് 16 തുടർച്ച)

***നേരത്തെ പ്രസംഗിച്ചയവസരത്തിൽ പിതാവ് സോപ്പുപയോഗിക്കയില്ലെന്നു പറയുകയുണ്ടായി?***

ഞങ്ങളുടെ ആയുർവേദ ഫാക്ടറിയായ സഹ്യാദ്രിയിൽ നിന്ന് ഒരു പൗഡർ ലഭിക്കും. അതുപയോഗിക്കാറുണ്ട്. സാധാരണ ഞാനൊന്നും ഉപയോഗിക്കാറില്ല. വെള്ളമുപയോഗിക്കുന്നത് ശുചീകരണത്തിനാണ്. അതിൽ കൂടുതലെന്തു വേണം.

***അങ്ങു തുടങ്ങുന്ന സ്പൈസസ് ഫാക്ടറിയെക്കുറിച്ച്?***

സ്പൈസസ് ബോർഡ് എനിക്ക് ഒരു കോടി രൂപ തന്നു. ബാക്കി ഒരു കോടിയോളം കടമെടുത്തു. ശരിയായി പ്രോസസ് ചെയ്താൽ അന്താരാഷ്ട്രവിപണിയിൽ നല്ല വില കിട്ടും. ഓർഗാനിക് ആണെങ്കിൽ കുരുമുളകിനു നല്ല വില കിട്ടുകയും ചെയ്യും.

*(അഭിമുഖസംഭാഷണം നടക്കുന്നതിനിടയിൽ ഒരു വല്യമ്മച്ചി കയറി വന്നു. അഞ്ചു മിനിട്ട് വല്യമ്മച്ചിയുമായി സംസാരിക്കുവാൻ പിതാവ് എന്നോടു സാവകാശം ചോദിച്ചു. ഞാൻ പുറത്തു പോയിരുന്നു. വല്യമ്മച്ചി പോയിക്കഴിഞ്ഞ് ഇന്റർവ്യൂ തുടർന്നു. തീർന്നശേഷം പിതാവ് കുറെ ചോക്കലറ്റ് എനിക്കു തന്നിട്ടു പറഞ്ഞു. "മുമ്പേ വന്ന അമ്മച്ചി തന്നതാ. എല്ലാ വർഷവും ജർമനിയിൽ നിന്നു വരുമ്പോൾ എനിക്കു ഒരു ടിൻ ചോക്കലറ്റു കൊണ്ടു വന്നു തരും. ഒപ്പം രണ്ടോ മൂന്നോ ലക്ഷം രൂപയും.")*

# National Conference on Educational Development of Minorities

***(organised by AIACHE at Bangalore)***

***The recommendations and resolutions of the conference are given below:-***

We, the participants in the above mentioned conference, numbering 85, met to reflect and plan future action on the Supreme Court Judgment relating to the educational rights of minorities, dated 31st October 2002. We hailed from different States of India and belonged to different denominations of Church. We had among us Managers, Principals, Vice - Principals and senior professors of schools and colleges, both aided and unaided, some autonomous and some self-financing. We had among us the representatives of professional and technical institutions also. We took note of the growing tensions among the religious communities in India and the constraints and difficulties faced by educational institutions managed by the minorities in exercising their freedom and autonomy in administering them for the fulfilment of their avowed objectives.

We learnt about the historical evolution of the Supreme Court litigation on the minority rights especially during the period between 1992, the year in which the judgment on St. Stephen's College was delivered, and 2002. Whatever may be the outcome of the present judgment, it was good that the Bench had completed its task in the face of many difficulties and delivered a definitive judgment, even though some of its provisions have the potential to generate possible harassment and problems for the educational institutions run by the minority communities.

We express our satisfaction that the judgment has upheld the secular values of the Indian Constitution and the Indian Polity. The validity of the pluralistic structure and ethos of the Indian society has been affirmed. The pivotal role of education in the development of the nation has been highlighted. The diversity and unity of the Indian nation comprising more than a billion people belonging to different ethnic backgrounds and religious faiths, speaking a variety of languages and residing in different States have been reasserted.

We have noted that the right to establish and administer educational institutions, which has been protected by article 30(i) of the Indian Constitution, has now been reinterpreted, as a fundamental right belonging to all citizens of the nation including the members of the majority community. This fundamental right flows from article 19(i) (g) as well as artcile 26 of the Constitution. Now the majority as well as the minority communities have the educational right to establish and administer educational institutions of their choice. The members of the religious and linguistic minorities have the educational right derived from the above mentioned articles as well as article 30(i) of the Constitution and thus the rights of minorities have been further reinforced. We also notice that education has been described as an "occupation" carried on by citizens to make a livelihood or as a mission in life.

We welcome the full freedom accorded to unaided minority educational institutions to admit students, to charge necessary fees and manage their affairs without interference from any quarters, provided they practise concern for transparerncy in their dealings and ensure high academic standards. We hope that this assurance would be helpful for the unaided professional and technical institutions run by the Churches and other members of the minority communities as well as the unaided schools. They should take care to exercise this freedom and autonomy in the best interests of academic excellence, social relevance with full sensitivity to the needs of the poor and the deprived sections of the society who are unable to pay enhanced rates of fees. The central mission of the Churches to provide education and empowerment to the poor and the needy sections of the society especially girl children, dalits and tribals should not be lost sight of, in the context of the globalisation, marketisation and privatisation. We appeal to all unaided minority institutions to reserve adequate percentage of seats for children and youth from the poorer sections of society and to insitute scholarships to support their studies. In the pursuit of freedom and high quality, the imperative demands of social justice should not be forgotten or disregarded.

We also feel that the Churches and the Christian community should take advantage of the special privileges given to unaided educational institutions by starting more and more such institutions, in all sectors from pre-primary to professional education and deemed universities, bearing in mind the social justice dimension.

We need to help the State Governments, which have been entrusted with the freedom to fix the quota or percentage of minority and non-minority students to be admitted to minority institutions. It is to be noted that the 50% principle approved by the St. Stephen's College Judgment of 1992 has been described as "correct" by the Judges and the actual percentage to be decided by the State Government should never be below 50% under any circumstance. In fact it should be at least 75% in all courses and in all institutions run by the minorities in all States. At the same time, it would be incorrect for the State Government to insist upon the minimum percentage of minority students who should necessarily be present, in order to qualify for minority status. Even if the percentage of the students from minority communities is low in a particular State or institution that should not be a reason to declare such institutions ineligible for minority status. At the same time we have to remember that the minority rights are given to the "community and not to individuals. It should be our constant endeavour to see that the students from minority communities are welcomed into our institutions and helped to grow academically and overcome their learning disabilities and achieve success in personality development, self - confidence, high academic achievement and employability in later life. They should also be assisted to acquire entrepreneurial skills and competence and capacity for self - employment.

It is unfortunate that the Judgment has taken a rather uncharitable attitude towards aided educational institutions. In many cases the quantum of aid received by minority institutions is negligble in comparison to the investment made by the minorities in terms of land, buildings and personnel in such institutions. In exchange for a small quantity of aid received from the government, the minority institutions have been constrained with various controls and limitations often leading to harassment from officials and other functionaries who habitually delay or deny the legitimate privileges of the minority institutions. Such occurrence is very frequent in the refusal to issue minority status certificates. Even after repeated requests and many visits to such offices the certificates are not given under one pretext or another. We wish to remind all concerned that the minority status flows from the fact that an institution was established and is administered by members of the minority community and nobody has the right to deny certificates to such institutions. The relevant Supreme Court Judgments in this matter should be brought to the attention of all those who delight in the harassment of minority institutions.

It is a matter of great concern that the quantum of aid and state funding for education at all levels is fast plummeting. In some States no new institution is allowed to be started and no new courses are being sanctioned with aid. Posts which become vacant are not allowed to be filled up resulting in inadequate staff for carrying on teaching and administrative work. We appeal to the State Governments and the University Grants Commission to make sure that adequate aid and other financial assistance are given to all educational institutions. We request the Government of India to allocate at least 6% of the GDP for education. This will ensure that the formation of future citizens is not endangered due to shortage of funds.

We have been told by experts that all previous judgments which gave protection to the rights of minorities, to constitute the Governing Body, to appoint the heads of institutions, to appoint teaching and non - teaching staff, to conduct religious worship, to manage the assets etc. have been endorsed by the present judgment. In fact the linking of article 29(ii) and article 30( refer only to the admission of studen belong to other communities or bac ground. It has nothing to do with oth aspects of right to administer.

In order to make sure that the Stat Government fully adheres to the spir and letter of the judgment, we appea to the minority educational institution to form delegations and meet the Gov ernor, Chief Minister, Education Min ister and officials of the State and de mand that at least 75% of the seats ar reserved for members of the minorit communities, to allow professional co leges to continue admission tests whe ever it is appropriate, to increase th quantum of aid given to the aided in stitutions and give an assurance th there would be no interference in th rights which minority institutions hav so far enjoyed.

We believe that a campaign of pub lic education on minority right i needed. It is recommended that pam phlets and booklets explaining th meaning of minority rights be prepare in Engish, Hindi and other regional la guages for distribution in parishes an among parents, government official etc. We appreciate the role played b AIACHE and AICCEI in advocating th minority rights and also in bringing to gether the various religious minoriti on a common platform for united ac tion. We recommend that such action be continued at the national, region and State levels.

We appeal to the Church-relate schools, colleges and professional in stitutions of India to consider givin more seats in enrolment for the chil dren and youth belonging to other mi nority communities along with thos of the majority community, to the extent possible.

We recommend that our institution should give special attention to the inculcation of leadership skills in our students and members of the minority community so that they can play their rightful role in the political life of the nation as Ministers, members of Parliament, members of State Legislatures, Municipalities and Panchayats. At the time o elections we should help our students and teachers to study the manifesto o political parties and also motivate all eligible voters to exercise their franchise.

***Dr. Mani Jacob***

---

**കഥയില്ലാത്ത അല്പം...**

([illegible])

അയ്യങ്കാർ സാർ കൂടുതൽ വാചാലനാകും. ഏതായാലും ബഞ്ചമിൻ സാർ പറഞ്ഞ കൊച്ചു കൊച്ചു കാര്യങ്ങളിൽ ശ്രദ്ധിച്ചതു മൂലം ഇംഗ്ലീഷ് പഠനത്തെക്കുറിച്ച് പിന്നീട് ആകുലപ്പെടേണ്ടി വന്നില്ല. ബഞ്ചമിൻ സാർ മരിക്കുന്നതിനു രണ്ടു വർഷം മുമ്പ് ഞാൻ അദ്ദേഹത്തെ സന്ദർശിച്ചു. അലമാര തുറന്ന് രണ്ടു പുസ്തകങ്ങൾ അദ്ദേഹം പുറത്തെടുത്തു. നോക്കിയപ്പോൾ തൊള്ളായിരത്തി എഴുപതുകളിൽ ഞാനെഴുതിയ രണ്ടു പുസ്തകങ്ങളായിരുന്നു.

"തമ്പി ഇന്റർമീഡിയറ്റിനു പഠിക്കുമ്പോൾ വ്യാകുലപ്പെട്ട് എന്റെ അടുത്തു വന്നത് ഓർമയുണ്ടോ?"

"ഉണ്ട്, ഓർമയുണ്ട്. സാർ അന്നു പറഞ്ഞ കൊച്ചു കാര്യങ്ങളിലെ വലിയ അർത്ഥം ഉൾക്കൊള്ളാൻ കഴിഞ്ഞത് എനിക്കു വലിയൊരു നേട്ടമായി. എന്റെ വിദ്യാർത്ഥികളെയും ഞാനിതു മനസ്സിലാക്കിക്കൊടുക്കാറുണ്ട്." സാറിനോട് ഞാൻ ഒരനുഭവകഥ പറഞ്ഞു. തിരുവല്ല മാർത്തോമാ കോളജിൽ പഠിപ്പിച്ചിരുന്ന കാലം. ബി. എ. ലിറ്ററച്ചർ ക്ലാസ്സിൽ പൊളിറ്റിക്കൽ സയൻസ് പഠിപ്പിക്കുന്നതു ഞാനായിരുന്നു. ആലീസ് എന്ന വിദ്യാർത്ഥിനി എഴുതിയ ഉത്തരക്കടലാസ് പരിശോധിച്ചപ്പോൾ വിഷയം നന്നായി അറിയാമെങ്കിലും ഇംഗ്ലീഷിൽ അത് എഴുതിവയ്ക്കുവാൻ കുട്ടിയ്ക്കു ബുദ്ധിമുട്ടുണ്ടെന്ന് എനിക്കു മനസ്സിലായി. ഞാൻ കുട്ടിയെ വിളിച്ച് ബഞ്ചമിൻ സാർ പറഞ്ഞ അതേ കാര്യങ്ങൾ പറഞ്ഞുകൊടുത്തു. കുട്ടി സന്തോഷത്തോടെ മടങ്ങുകയും ചെയ്തു.

1985-ൽ ജനീവയിലേക്കുള്ള യാത്രാമധ്യേ ഞാൻ ഫ്രാങ്ക്ഫർട്ടിൽ ഇറങ്ങി. നാലു മണിക്കൂർ അവിടെ തങ്ങണം. വിശ്രമമുറിയിൽ ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ടു കൊച്ചുകുട്ടികളുമായി ആലീസ് വരുന്നു. ജോലി ടാൻസാനിയയിൽ. "ഞാൻ സാറിനോടു നന്ദി പറയാൻ തുടങ്ങുകയാണ്. ഭാഷ നന്നാകുവാനായി പണ്ട് എന്നെ ഉപദേശിച്ചത് സാർ ഓർക്കുന്നുണ്ടോയെന്നറിയില്ല. പക്ഷേ അതു ഫലിച്ചുവെന്നു മാത്രമല്ല, എന്റെ വിദ്യാർത്ഥികൾക്ക് ഞാൻ ഈ ഉപദേശം നൽകാറുമുണ്ട്. "ആലീസേ, ഞാനും ഇതുപോലെ ഒരു വൈതരണിയിലായിരുന്നു. ആലുവയിൽ എന്നെ പഠിപ്പിച്ച ഒരു സാറാണ് എനിക്കു വഴി തുറന്നു തന്നത്. അതു ഞാൻ ആലീസിനു കൈമാറിയെന്നേയുള്ളൂ." തലമുറകൾ കൈമാറി ലഭ്യമാകുന്ന ഈ അനുഭവജ്ഞാനമല്ലേ നമ്മെ നാമാക്കി മാറ്റുന്നത്?

## WOMEN BISHOPS

Supporters of women bishops are hoping that an overwhelming vote by Scottish Anglicans will open the way for similar action by church of England, the mother church of the world-wide Anglican Communion. The Scottish Episcopal (Anglican) Church's General Synod voted 118-24 to accept women as bishops.

### റവ. ഡോ. ഏബ്രഹാം അത്യാൽ

സി.എസ്.ഐ. - സി.എൻ.ഐ. - മാർത്തോമാ ജോയിന്റ് കൗൺസിൽ എന്ന പേരിൽ 1978-ൽ സ്ഥാപിതമായതും കമ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യ (സി.സി.ഐ.) എന്നിപ്പോൾ അറിയപ്പെടുന്നതുമായ സംഘടനയുടെ സെക്രട്ടറിയായി റവ. ഡോ. ഏബ്രഹാം അത്യാൽ ചുമതലയേറ്റു. സി.സി.ഐ.യുടെ ഓഫീസ് ഇപ്പോൾ മാർത്തോമാസഭാ ഓഫീസിൽ പ്രവർത്തിച്ചുവരുന്നു.




### റവ. സിസ്റ്റർ തങ്കമ്മ വർക്കി

ദീർഘകാലം മദ്ധ്യകേരളമഹായിടവകയിൽ സേവനമനുഷ്ഠിച്ച സിസ്റ്റർ തങ്കമ്മ വർക്കി സി.എസ്.ഐ. സ്ത്രീജനസഖ്യം ജനറൽ സെക്രട്ടറിയായി ബാംഗ്ലൂരിൽ പ്രവർത്തിച്ചതിനുശേഷം റയാലസീമ മഹായിടവകയിൽ പ്രസ്ബിറ്ററായി അവരോധിക്കപ്പെട്ടു. മദ്ധ്യകേരള മഹായിടവകയിൽ നിന്ന് ആദ്യമായി പുരോഹിതയാകുവാനുള്ള നിയോഗം ലഭിച്ചത് സിസ്റ്റർ തങ്കമ്മ വർക്കിയ്ക്കാണ്. പുതിയ സ്ഥാനലബ്ധിയിൽ അവരെ അനുമോദിക്കുന്നതോടൊപ്പം വിദ്യാസമ്പന്നമായ മദ്ധ്യകേരള മഹായിടവകയിൽ നിന്ന് കൂടുതൽ വനിതാ പട്ടക്കാരുണ്ടാകട്ടെയെന്ന് ആശംസിക്കുന്നു. വനിതകൾക്ക് പട്ടം കൊടുക്കുകയെന്ന ചുമതല മഹായിടവക നേതൃത്വം നിറവേറ്റുമെന്ന് പ്രതീക്ഷിക്കുന്നു.

## പ്രതികരണം

പ്രൊഫ. അമ്പലപ്പുഴ രാമവർമയുടെ പ്രതികരണവും അതിനാധാരമായ 'മാർത്താണ്ഡവർമയുടെ മറ്റൊരു മുഖം' എന്ന ലേഖനവും വായിച്ചു. രാജാക്കന്മാർ ഈശ്വരതുല്യരാണെന്നും പ്രജാക്ഷേമം മാത്രമാണ് അവരുടെ ജീവിതലക്ഷ്യമെന്നു ചിന്തിക്കുകയും, ചരിത്രപുസ്തകങ്ങളും സാഹിത്യകൃതികളും രാജസ്തുതിക്കു മാത്രം ഉപകരിക്കുകയും ചെയ്തിരുന്ന കാലഘട്ടമുണ്ടായിരുന്നു. ചരിത്രഗവേഷണത്തിലൂടെ രാജാക്കന്മാരുടെയും രാജഭരണത്തിന്റെയും യഥാർത്ഥചിത്രം പുറത്തുവരുന്നത് ചിലർക്കു രുചിക്കുകയില്ല. ഡോ. വർഗീസിന്റെ 'ചില്ലറക്കാര്യങ്ങൾ' കഥയുള്ളതുതന്നെ. ഗഹനമായ ലേഖനങ്ങൾക്കിടയിൽ ലളിതമായവയും ആവശ്യമാണ്.

*കെ. വി. റെജി, കൂത്താട്ടുകുളം*

■■

മാർത്തോമാസഭയിലെ മെത്രാപ്പോലീത്തയും ഓർത്തഡോക്സ് സഭയിലെ കാതോലിക്കാ ബാവയും മെത്രാഭിഷേക സുവർണജൂബിലിയുടെ വേദികൾ പങ്കിട്ടത് സഭൈക്യമേഖലയിൽ ഒരു നല്ല കാൽവയ്പാണ്. എന്നാൽ, ഇത് സഭാനേതാക്കൾ തമ്മിലുള്ള ഐക്യവേദിയിൽ അവസാനിക്കുന്നുവെന്നത് ഖേദകരമാണ്. ഭാരതത്തിൽ മതമൗലികവാദം ശക്തിപ്പെടുന്നതുപോലെ തന്നെ സഭകൾ തമ്മിൽ identity-യെപ്പറ്റിയുള്ള തെറ്റായ ധാരണകളും വളർത്തുന്നുണ്ട്. ഇപ്പോഴും മാർത്തോമാസഭയിൽ നിന്ന് പെൺകുട്ടികളെ ഓർതഡോക്സ് സഭയിലേക്കു വിവാഹത്തിനായി സ്വീകരിക്കുന്നത് ഓർതഡോക്സ് സഭയുടെ കുർബാനയും മൂറോനഭിഷേകവും നൽകിയതിനുശേഷമാണ്. ഇത് സാധാരണ ജനങ്ങൾക്കു മനസ്സിലാകാത്ത എക്യുമെനിസമാണ്. ഒക്കുന്നിടത്ത് ഐക്യം എന്ന വിരട്ടു ന്യായത്തിൽ നിന്ന് ജനനന്മയെ ലാക്കാക്കി സഭകൾ മാറണം. അതിനു സഹായകമായ ചർച്ചകളുണ്ടാകയും വേണം.

*റവ. മാത്യു വർഗീസ്, മഞ്ഞക്കാല*

■■

ന്യൂ വിഷൻ മാസിക കെട്ടിലും മട്ടിലും വളരെയേറെ മുന്നേറുന്നതിൽ എഡിറ്റോറിയൽ ബോർഡിനെ അഭിനന്ദിക്കുന്നു. ജൂലൈ ലക്കത്തിൽ പ്രസിദ്ധീകരിച്ച "അൽപം വീട്ടുകാര്യം" തീർത്തും ഒഴിവാക്കാമായിരുന്നു. ലഘുവായന ഇഷ്ടപ്പെടുന്നവർക്ക് അത്തരം കൃതികൾ ധാരാളം ലഭ്യമാണ്. 'ന്യൂ വിഷൻ' ഇക്കൂട്ടത്തിലേക്കു വഴുതിപ്പോകാതിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ.


*കെ. എം. തോമസ്, അടൂർ*


## LIFE LESSONS

Children in one Sunday School class were asked to write "Life Lessons" that they had learned. Here are some of the responses

- No matter how hard you try, you can't baptize cats.
- When your mom is mad at your dad, don't let her brush your hair.
- If your sister hits you, don't hit her back. They always catch the second person.
- Never ask your four-year old brother to hold a tomato.
- You can't trust dogs to watch your food.
- Reading what people write on desks can't teach you a lot.
- Don't sneeze when someone is cutting your hair.
- Puppies still have bad breath even after eating a tic-tac.
- School lunches stick to the wall.

NEW VISION FOR A CHANGING WORLD
Registered with the Registrar of Newspapers for India under No. KER BIL/2000/1543
AUGUST 2003
Annual subscription: Rs. 75/-
Postal Regn. No KL/CR/KTM/362/2003-05




*Attempts to make the Church News Letter more interesting were getting out of hand.*

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.